# അമേരിക്കയെക്കുറിച്ചു തന്നെ...


അബൂബക്കർ. എ
രണ്ടാം വർഷ കമ്പ്യൂട്ടർ സയൻസ്.

ലോകസമാധാനത്തിന് എന്നും ഭീഷണി ഉയർത്തിയിരുന്നത് വൻശക്തികളായിരുന്നു. രണ്ടു ലോകമഹായുദ്ധങ്ങൾക്ക് ഹേതുവായി എന്ന് മാത്രമല്ല, മൊത്തം ജനസംഖ്യയുടെ മുക്കാൽ ശതമാനവും പട്ടിണിയായ അവികസിത, വികസ്വര രാജ്യങ്ങളെപ്പോലും അവയുടെ ദേശീയ വരുമാനത്തിന്റെ സിംഹഭാഗവും ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നതിലേക്ക് നയിക്കുകകൂടി ചെയ്തു മുതലാളിത്ത ചേരികൾ. മാരകപ്രഹരശേഷിയുള്ള സ്ഫോടക വസ്തുക്കൾ മുതൽ ജനിതകവൈകല്യത്തിലൂടെ ഒരു തലമുറയെ തന്നെ നിഷ്കാസനം ചെയ്യാൻ കഴിവുള്ള ജൈവ-രാസായുധങ്ങൾ (Bio-chemical weapons) വരെ തങ്ങളുടെ ലബോറട്ടറികളിൽ നിർമ്മിക്കുകയും അവ ലോകത്തിന് പരിചയപ്പെടുത്തുകയും ആദ്യമായി ചെയ്യുന്നത് അമേരിക്ക പോലുള്ള ഇതേ സാമ്രാജ്യത്വ കുത്തകകൾതന്നെ! വ്യത്യസ്ത ചേരികളിലായി വൻശക്തികൾ തുല്യപ്രബലതയുള്ള അച്ചുതണ്ടുകൾക്ക് രൂപം കൊടുത്തിരുന്നെങ്കിലും രണ്ടാം ലോകമഹായുദ്ധാനന്തരം സോവിയറ്റ് യൂണിയനുണ്ടായ തകർച്ച കാര്യങ്ങളുടെ നിയന്ത്രണം അമേരിക്കയുടെ കൈകളിലെത്തിച്ചു. ഇതോടെ തങ്ങളുടെ നേതൃത്വത്തിലുള്ള ഒരു ഏകധ്രുവ ലോകവ്യവസ്ഥിതിയെക്കുറിച്ച് യാങ്കി സാമ്രാജ്യം ചിന്തിച്ചു തുടങ്ങി. ഈ കുബുദ്ധിയുടെ അനന്തരഫലമായിരുന്നു ജപ്പാനിലും വിയറ്റ്നാമിലും കൊറിയയിലും ഫലസ്തീനിലും ഇറാഖിലും അഫ്ഗാനിസ്ഥാനിലുമെല്ലാം തീബോംബുകൾ മനുഷ്യജീവനുകൾ അപഹരിച്ചത്.

അമേരിക്കയുടെ 'സ്വന്തം' ജൂനിയർ ബുഷ് ഈയിടെയായി അങ്ങേയറ്റം വാചാലനാണ്. തന്റെ രാഷ്ട്രത്തിന്റെ ഏകദേശ അജണ്ടയായിട്ടുള്ളത് യുദ്ധം ഉണ്ടാക്കലാണെന്ന് വരുത്തിതീർക്കുന്ന രീതിയിലുള്ളതായിരുന്നു ഇറാഖ് ആക്രമണത്തിനുമുമ്പ് അദ്ദേഹം നടത്തിയ 'സ്റ്റേറ്റ് ഓഫ് ദി യൂനിയൻ പ്രഭാഷണം'. സദ്ദാം ഹുസൈൻ എന്ന ഏകാധിപതിയുടെ ക്രൂരമായ ഭരണത്തെക്കുറിച്ചും നശീകരണായുധങ്ങളെക്കുറിച്ചും വാതോരാതെ പ്രസംഗിച്ച അദ്ദേഹം ഐക്യരാഷ്ട്രസഭയുടെ സെക്യൂരിറ്റി കൗൺസിലിന്റെ അനുമതിയില്ലെങ്കിലും ഇറാഖിനെ അക്രമിക്കുമെന്ന് പ്രഖ്യാപിക്കുകയും ശേഷം അത് പ്രാവർത്തികമാക്കുകയും ചെയ്തു. ഈ തീരുമാനത്തിൽ അത്ഭുതപ്പെടാനൊന്നുമില്ല എന്നത് മറ്റൊരു വാസ്തവം. യുനൈറ്റഡ് നാഷൻസും യുനൈറ്റഡ് സ്റ്റേറ്റ്സും ഒരേ തൂവൽപ്പക്ഷികളാണെന്ന കാര്യം മസ്തിഷ്കത്തിനകത്ത് എന്തെങ്കിലുമുള്ളവർക്ക് എന്നേ ബോധ്യപ്പെട്ടിട്ടുണ്ട്.

## അമേരിക്ക ലോകനേതൃത്വത്തിൽ വന്നതെങ്ങനെ?

രണ്ടാം ലോകമഹായുദ്ധാനന്തരം ലോകരാഷ്ട്രീയത്തിൽ വന്ന വ്യാപകമായ ചില അടിയൊഴുക്കുകളാണ് അമേരിക്കക്ക് സാമ്രാജ്യത്വമേൽക്കോയ്മ നേടാൻ പാതയൊരുക്കിയത്. അതുവരെ ഇന്ത്യയുൾപ്പെടെയുള്ള ഒട്ടേറെ കോള






നികളുണ്ടായിരുന്ന ബ്രിട്ടനായിരുന്നു സാമ്രാജ്യത്വശക്തികളുടെ തലപ്പത്ത്. എന്നാൽ യുദ്ധാനന്തരം ഒട്ടേറെ രാഷ്ട്രങ്ങൾ സ്വാതന്ത്ര്യം നേടുകയും അന്താരാഷ്ട്ര ബന്ധങ്ങളിൽ നയപരമായ ഒട്ടേറെ മാറ്റങ്ങൾ വരുകയും ചെയ്തതോടെ ബ്രിട്ടന്റെ പതനം സുനിശ്ചിതമായി. ജപ്പാനിൽ അണുബോംബ് വർഷിച്ചു കൊണ്ട് ഫ്രാൻസും ബ്രിട്ടനുമടങ്ങിയ യൂറോപ്യൻ രാഷ്ട്രങ്ങളുടെ കുത്തകാധിപത്യത്തിന് മുകളിൽ അവസാന ആണിയുമടിച്ചുകൊണ്ട് അമേരിക്ക ലോകനേതൃത്വത്തിലേക്ക് കടന്നുവന്നു.

പുതിയ നിയോഗത്തിന്റെ മുന്നോട്ടുള്ള ഗമനം സുഗമമാക്കാൻ മറ്റു ലോകരാഷ്ട്രങ്ങളുടെ പിന്തുണ നേടുകയെന്നത് അത്യന്താപേക്ഷിതമാണെന്ന് തിരിച്ചറിഞ്ഞ അമേരിക്കയുടെ അടുത്ത 'ഗെയിം' ആയിരുന്നു 'നാറ്റോ' സഖ്യരൂപീകരണം. ബ്രിട്ടൻ, ഫ്രാൻസ്, കാനഡ, പോർച്ചുഗൽ തുടങ്ങിയ ലോകരാഷ്ട്രങ്ങളെ അണിനിരത്തി 1949-ൽ അമേരിക്ക 'നാറ്റോ' (NATO) സഖ്യത്തിന് രൂപം നൽകി. അമേരിക്കയുടെ കഴുകൻകണ്ണുകൾ പിന്നീട് പതിഞ്ഞത് ഏഷ്യൻ ഭൂഖണ്ഡത്തിലേക്കായിരുന്നു. 'നാറ്റോ' യുടെ ഒരു ദക്ഷിണപൂർവ്വേഷ്യൻ 'വേർഷൻ' എന്ന നിലയിൽ പാക്കിസ്ഥാൻ, തായ്‌ലന്റ്, ഫിലിപ്പിൻസ്, ഇറാൻ, ഇറാഖ് തുടങ്ങിയ രാഷ്ട്രങ്ങളെ ഉൾപ്പെടുത്തി 'സിയാറ്റോ' എന്നൊരു സൈനികസഖ്യമുണ്ടാക്കുന്നതിനും അമേരിക്ക മുൻകൈയെടുത്തു. പിന്നീട് ഇറാഖും പാക്കിസ്ഥാനുമെല്ലാം ഈ സംഖ്യം വിട്ടുപോരുകയാണുണ്ടായത്.

മറ്റൊരു വൻശക്തിയായിരുന്ന സോവിയറ്റ് യൂണിയൻ അമേരിക്കയുടെ ഈ ഗൂഢനീക്കങ്ങൾ തിരിച്ചറിയുകയും 'നാറ്റോ'ക്ക് ബദലായി ചില സോഷ്യലിസ്റ്റ് രാജ്യങ്ങളെ കൂട്ടി പോളണ്ടിൽ വെച്ച് ഒരു ബദൽ സഖ്യത്തിന് രൂപം നൽകുകയും ചെയ്തു. പക്ഷെ, സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ഏക പ്രതിരോധവും അമേരിക്കക്ക് മുന്നിൽനിന്നും വഴിമാറി.

**അഫ്ഗാനെതിരെയുള്ള ആക്രമണം**

അമേരിക്കയുടെ തന്നെ മുൻകാല ചെയ്തികളുടെ 'ഉപോൽപ്പന്നമായ' ബിൻലാദൻ എന്ന വ്യക്തിയെ മറയാക്കി പട്ടിണിപ്പാവങ്ങൾ തിങ്ങിനിറഞ്ഞ അഫ്ഗാനിസ്ഥാനെ ക്ലസ്റ്റർ ബോംബുകളും ക്രൂയിസ് മിസൈലുകളും ഉപയോഗിച്ച് ചുട്ടുചാമ്പലാക്കിയപ്പോൾ നാമെല്ലാം കരുതിയത് ഭീകരതക്കെതിരെയുള്ള പോരാട്ടമാണെന്നാണ്. പക്ഷേ, അമേരിക്കക്ക് അഫ്ഗാൻ ആക്രമണത്തിലൂടെ ആകെയുണ്ടായിരുന്ന ഒരേയൊരു ലക്ഷ്യം കാസ്പിയൻ മേഖലയിലൂടെ ഒരു എണ്ണലൈൻ സ്ഥാപിക്കാനുള്ള കളമൊരുക്കുക എന്നതായിരുന്നു. താലിബാൻ ഭരണകൂടമില്ലിടത്തോളം ഇത് നടക്കില്ലെന്ന് കണ്ടപ്പോഴാണ് തീമഴതീർത്ത് താലിബാനെ നിഷ്കാസനം ചെയ്ത് യാങ്കി സാമ്രജ്യത്വത്തിന്റെ വാലാട്ടിയായ ഒരു അമേരിക്കൻ പെട്രോകെമിക്കൽ കമ്പനിയിൽ ഉദ്യോഗസ്ഥൻകൂടിയായ ഹമീദ് കർസായിയെ പിടിച്ച് പ്രസിഡണ്ടാക്കുന്നത്. അതോടു കൂടി എണ്ണ വിപണിയിലെ പ്രധാന ചുവടുവെയ്പ്പായ എണ്ണലൈൻ



സ്ഥാപനം അമേരിക്കക്ക് വളരെ സുഗമമായി ചെയ്യാവുന്ന രീതിയിലായി.

## ഇറാഖ് ആക്രമണം

അഫ്ഗാൻ തകർത്ത 'അങ്കിൾ സാമിന്റെ' നീരാളിക്കൈകൾ നേരത്തെ പ്രതീക്ഷിക്കപ്പെട്ടതുപോലെതന്നെ ഇറാഖിന് നേരെ നീങ്ങി. ഇറാഖിൽ ആര് ഭരിക്കണം എന്ന് തീരുമാനിക്കാനുള്ള അവകാശം അവിടുത്തെ ജനങ്ങൾക്കായിരിക്കെ ഏറെക്കുറെ ജനസമ്മതിയുള്ളതായി ഹിതപരിശോധനയിൽ വ്യക്തമായ സദ്ദാം ഹുസൈനെ നിഷ്കാസിതനാക്കാൻ അമേരിക്ക യുദ്ധത്തിനൊരുങ്ങിയത് നമ്മളൊക്കെ ഗാലറിയിലിരുന്ന് ആവശത്തോടെ നോക്കിക്കണ്ടു. ഉപരോധത്തിലൂടെ തന്നെ ലക്ഷകണക്കിന് കുഞ്ഞുങ്ങളെ കൊന്ന ഇവർ സർവ്വനശീകാരികളായ ആയുധങ്ങൾ ഏറ്റവും കൂടുതൽ സ്വന്തം ആയുധപ്പുരയിൽ വെച്ച്, ഇറാഖിലെ ആണവ ജൈവ രാസായുധങ്ങൾ നിർവ്യാപനം ചെയ്യാൻ പോയതും ആന കിടന്നിടത്ത് പൂടപോലും കാണാതെ ഇളിഭ്യരായതും ഇന്നലെ കഴിഞ്ഞ കഥ. ഇന്ന് അമേരിക്ക ഇറാഖിൽ വിയർക്കുകയും ചെയ്തു.

ഇറാഖിനെ ആക്രമിച്ചതിന്റെ പിന്നിലും അമേരിക്കയുടെ കണ്ണ് ബിസിനസ്സിൽ മാത്രമാണ്. എണ്ണോൽപാദനരാഷ്ട്രങ്ങളുടെ കൂട്ടായ്മയായ 'ഒപെക്' അംഗങ്ങൾ ഒന്നാകെ വിചാരിച്ചാലും പരിഹരിക്കാൻ കഴിയാത്തത്ര പെട്രോളിയം ശേഖരം സ്വന്തമായുള്ള ഇറാഖിൽ അമേരിക്ക ഉദ്ദേശിക്കുന്നത് തങ്ങളുടെ ശിങ്കിടികളായ 'കർസായി'മാരെ ആരോഹിപ്പിച്ച് എണ്ണവിപണിയിൽ വ്യക്തമായ ആധിപത്യം സ്ഥാപിക്കുക എന്നത് മാത്രമാണ്.

## ഇസ്രയേൽ - അങ്കിൾസാമിന്റെ ജാരസന്തതി

ക്രിസ്ത്വബ്ദം 70 ൽ റോമൻ ആധിപത്യത്തിൽ ക്രിസ്തീയ മിഷനറിമാരുടെ ഭരണത്തിലായിരുന്ന ഫലസ്തീൻ രാഷ്ട്രത്തെ ബ്രിട്ടൻ അധീനതയിലാക്കിയതോടെ അമേരിക്കയുൾപ്പെടെയുള്ള സാമ്രാജ്യത്വ ഭീകരരാഷ്ട്രങ്ങളുടെ പിന്തുണയോടെ ജൂതകുടിയേറ്റം ആരംഭിച്ചു. 1918ൽ ഏഴ് ലക്ഷത്തോളം അറബികളുണ്ടായിരുന്ന ഫലസ്തീനിൽ മൊത്തം ജനസംഖ്യയുടെ പത്തിലൊന്നു പോലുമുണ്ടായിരുന്നില്ല ജൂതന്മാർ. എന്നാൽ 1948 ൽ ഐക്യരാഷ്ട്രസഭ ഇസ്രയേൽ എന്ന രാഷ്ട്രം രൂപീകരിക്കപ്പെട്ടതായി പ്രഖ്യാപിക്കുമ്പോൾ ജൂതജനസംഖ്യ പന്ത്രണ്ടിരട്ടിയായി വർദ്ധിക്കുകയും പത്ത് ലക്ഷത്തിലധികം തദ്ദേശവാസികളായ അറബികൾ ആട്ടിയോടിക്കപ്പെടുകയും ചെയ്തു. നിരപരാധികളായ അറബികളെ നിരന്തരം വേട്ടയാടി കൂട്ടക്കൊലകൾക്ക് നേതൃത്വം നൽകിയ മെനച്ചം ബെഗിനെ അമേരിക്ക ആദരിച്ചത് സമാധാനത്തിനുള്ള നോബേൽ സമ്മാനം നൽകിയാണ് എന്നത് ചരിത്രത്തിന്റെ മുഖത്തേറ്റ ക്രൂരമായ മുറിവായി നമുക്ക് ആസ്വദിക്കാവുന്നതാണ്. ഇങ്ങിനെ അമേരിക്കയുടെ ജാരസന്തതിയായി ഭൂഗോളത്തിൽ ഇസ്രായേൽ പിറന്ന് വീണതിനുശേഷം പശ്ചിമേഷ്യ സമാധാനമെന്തന്നറിഞ്ഞിട്ടില്ല. 1956ൽ യാതൊരു പ്രകോപനവുമില്ലാതെ ഈജിപ്തിനെ അക്രമിച്ചു. 1967ലും 1973ലും ഗാസയും സിറിയയുടെ ഗോലാൻ കുന്നുകളും ജോർദാൻ നദിക്കരയും കൈവശപ്പെടുത്തി. 1982ൽ ലെബനോനെ ആക്രമിച്ച് ആയിരങ്ങളെ കൊന്നൊടുക്കി. ഇപ്പോഴും ഫലസ്തീനിലും സമീപപ്രദേശങ്ങളിലും അസമാധാനത്തിന്റെ വിഷവിത്തുകൾ പാകാൻ അമേരിക്കയുടെ തണലിൽ ഇസ്രായേൽ ഉത്സാഹിച്ചു കൊണ്ടേയിരിക്കുന്നു.

## ഇനി സിറിയ? ഇറാൻ?

വൻശക്തികളുടെ പേടിസ്വപ്നമാണ് ഇറാൻ ഇസ്ലാമിക് റിപ്പബ്ലിക് എന്നതിൽ സംശയമില്ല. ആണവായുധ നിർമ്മാണ പ്രശ്നത്തിന്റെ പേരിൽ ഇറാനെ അക്രമിക്കാൻ ആയുധത്തിന് മൂർച്ചകൂട്ടി കാത്തിരിക്കുകയാണ് ബുഷ് ഭരണകൂടം. ഇറാനേയും സിറിയയേയും ഉത്തരകൊറിയയേയും 'പിശാചിന്റെ അച്ചുതണ്ട്'

എന്ന് ബുഷ് ആക്ഷേപിക്കുന്നു. ഇറാഖിനെ തകർത്ത് അമേരിക്ക അടുത്ത ഇരയെ തേടുമ്പോൾ മുന്നിൽ കാണുന്നത് ഇറാനെയാണ്. എന്നാൽ ഇറാൻ ഭരണകൂടത്തിന്റെയും ജനതയുടെയും നിശ്ചയദാർഢ്യവും ഇറാഖ് തിരഞ്ഞെടുപ്പുഫലവും അമേരിക്കക്ക് ഭീഷണിയാവുകയാണ്.

മധ്യപൗരസ്ത്യദേശത്ത് 'ജനാധിപത്യം' അടിച്ചേൽപ്പിച്ചാൽ എല്ലാം പരിഹാരമായെന്നും അമേരിക്കൻ വിരുദ്ധ സമീപനം ഇതുവഴി ജനങ്ങളിൽനിന്ന് മാറ്റിയെടുക്കാമെന്നും വിശ്വസിക്കുന്ന ബുഷ് ഭരണകൂടത്തിന് പ്രഹരമേൽപ്പിച്ചതാണ് ഇറാഖ് തെരഞ്ഞെടുപ്പ്. അവിടെ അമേരിക്കയുടെ പാവയായിരുന്ന ഇയാദ് അല്ലാവി ദയനീയമായി പുറത്തുപോയി. അതുപോലെ സാമ്രാജ്യത്വ വിരുദ്ധ മനോഭാവം വെച്ചുപുലർത്തുന്ന ജനങ്ങൾക്ക് ആവേശം പകരുന്നതായിരുന്നു ഇറാൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പ് ഫലം. 1980ൽ തെഹ്റാനിലെ അമേരിക്കൻ എംബസി ഉപരോധിച്ച ഇറാനിയൻ യുവതയുടെ സമരം 444 ദിവസമാണ് നീണ്ടത്. അന്നു മുതൽ അകന്ന അമേരിക്ക പലതവണ ചങ്ങാത്തത്തിന് ശ്രമിച്ചതാണെങ്കിലും ഇറാനിയൻ നേതൃത്വം സന്നദ്ധമായിട്ടില്ല. അയൽപക്ക ഇറാഖിലും അഫ്ഗാനിസ്ഥാനിലും കക്കസ്സസ് മേഖലയിലും മധ്യേഷ്യയിലും പേർഷ്യൻ ഗൾഫിലും നിലയുറപ്പിച്ച അമേരിക്കൻ സൈന്യം, ഇറാന് ഭീഷണിതന്നെയാണ്.

കാത്തിരിക്കാൻ നമ്മളൊക്കെ മനസ്സ് പാകപ്പെടുത്തിയിരിക്കുന്നതുകൊണ്ടും ഗാലറിയിലിരുന്ന് കളി പറയുന്നവന്റെ സുഖം അനുഭവിച്ചറിയുന്നവരായതുകൊണ്ടും ലോകപോലീസിന്റെ അടുത്ത നരമേധയാത്ര എങ്ങോട്ടാണെന്നറിയാൻ വേണമെങ്കിൽ നമുക്കൊരു ഭാഗ്യപരീക്ഷണം നടത്താവുന്നതേയുള്ളൂ. ഇറാഖിലും അഫ്ഗാനിസ്ഥാനിലും ക്ലസ്റ്റർബോംബുകൾ പിഞ്ചുകുഞ്ഞുങ്ങളുടെ ജീവൻ കൊയ്യുമ്പോൾ നമ്മൾ നമ്മുടെ ദേശീയവും അല്ലാത്തതുമായ മുത്തശ്ശിപ്പത്രങ്ങൾക്കൊപ്പം തംബോലയും സമ്മാനമഴയും ലഭിക്കാൻ അകത്താളുകളിൽ ചുരണ്ടിനോക്കിയവരായതുകൊണ്ട് ഇതും അത്തരമൊരു ഭാഗ്യപരീക്ഷണത്തിന് വിടാവുന്നതേയുള്ളൂ.


ചൂഷണത്തിലധിഷ്ഠിതമായ സാമ്പത്തിക മേൽക്കോയ്മക്ക് മർദ്ദനോപാധികൾ നല്ലൊരു വഴിയാണെന്ന് അമേരിക്ക തിരിച്ചറിഞ്ഞുകഴിഞ്ഞു. അമേരിക്കൻ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കാത്തതിന്റെ പേരിൽ ചിലിയിലെ അല്ലൻഡയുടെ സോഷ്യലിസ്റ്റ് മന്ത്രിസഭ, ഗ്വാട്ടിമലയിലെ ജാക്കോബ് അർബൻസിനെ, ഇറാനിലെ പ്രധാനമന്ത്രിയായിരുന്ന മുഹമ്മദ് മൊഡദേഗിനെ തുടങ്ങി ഫിൻലാന്റ്, നിക്കരാഹ്യ, ക്യൂബ, വെനിസല, ബോസ്നിയ, കൊസോവ, അഫ്ഗാൻ എന്നിവിടങ്ങളിലൊക്കെയും അട്ടിമറികൾ നടത്തി അമേരിക്ക നടത്തുന്ന ഹീനമായ ഇടപെടൽ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. ഈ യാങ്കിപ്പിശാചിനെ ഭൂമുഖത്ത് വാഴാൻ അനുവദിക്കുന്നത് മനുഷ്യത്വത്തിൽ വിശ്വസിക്കുന്ന, മാനവരാശിയുടെ നന്മയിൽ വിശ്വസിക്കുന്ന എല്ലാ നല്ല മനസ്സുകൾക്കും അങ്ങേയറ്റം വേദനയുണ്ടാക്കുന്നുണ്ട് എന്നത് ശുഭോദർക്കമാണ്.

**അനുബന്ധം**

ലോകമനസ്സാക്ഷിയെ തന്നെ ഞെട്ടിപ്പിക്കുന്നതരത്തിൽ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്നു. എന്ന് കൊച്ചുകുട്ടികൾക്കുപോലും പകലുപോലെ വ്യക്തമായി അറിയാവുന്ന അമേരിക്കയുടെ പ്രസിഡണ്ട് ജോർജ് ബുഷ് ജൂനിയറിന് അമേരിക്കൻ ജനതയ്ക്കിടയിലുള്ള ജനസമ്മിതി 25% കൂടിയത്രേ! 'ഇറാഖി സ്റ്റേറ്റ് ഓഫ് ദി യൂനിയൻ ഭാഷണം' കഴിഞ്ഞ ഉടനെ നടത്തിയ സർവ്വേയിലായിരുന്നത്രെ ഈ ഫലം!! 'വിവര'ത്തിൽ നമ്മളെല്ലാം ഇവരേക്കാൾ എത്രയോ നല്ല 'തൊമ്മന്മാർ'

**"ലോകാ സമസ്തോ സുഖിനോ ഭവന്തു"**

# ആന്റിനകളുടെയും ബില്ലുകളുടെയും ലോകം



**നസ്റീൻ**
രണ്ടാം വർഷ മലയാളം

**"ഇന്നലെ** ബൂട്ടിട്ട കാലുകൾ വാതിലിനു ചവിട്ടി. ഉറക്കത്തിന്റെ ആലസ്യം വിട്ടുമാറിയിരുന്നില്ല. തലേന്നു കണ്ട കിനാവിന്റെ കഷണ ങ്ങൾ പെറുക്കിക്കൂട്ടി ഒരു മൂളിപ്പാട്ടോടെ വാതിൽ തുറന്നു.

അതെ, അവർ തന്നെ- ഒരേ യൂണിഫോമണിഞ്ഞ ഭടന്മാർ. കൈകളിൽ അറ്റം തിളങ്ങുന്ന വാളുകൾ. ബൂട്ടിന്റെ കനത്ത ഒച്ചതന്നെയാണ് അവർ സംസാരിക്കുമ്പോഴും.

'വീണ്ടും നിങ്ങൾ, നിങ്ങൾ സ്വപ്നം കണ്ടു ഇല്ലേ ?

- നേരാണ് ആ നശിച്ച സ്വപ്നം തന്നെ ഞാൻ വീണ്ടും കാണുന്നു. ഒരു വലിയ ഒറ്റപ്പെട്ട ദ്വീപ്. അന്ധകാരത്തിൽ മൂടിയ ദ്വീപിന്റെ ഏതോ ഒരറ്റത്ത് പ്രകാശം പൊട്ടിവിരിയുന്നു.

ചെന്നായ്ക്കൾക്കിടയിൽപെട്ട ഒരാട്ടിൻ കുട്ടിയുടെ വെപ്രാളം എന്റെ കണ്ണുകളിൽ - ഏതോ രാജകൽപന വായിക്കുന്നതുപോലെ ഗൗരവത്തിൽ ഒരു ഭടൻ പറഞ്ഞു. അന്ധകാരത്തിൽ മൂടിയ ദ്വീപ് നിങ്ങൾക്ക് സ്വപ്നം കാണാം. പക്ഷേ, ദ്വീപിന്റെ ഏതോ ഒരറ്റത്ത് പൊട്ടിവിരിയുന്ന പ്രകാശം നിങ്ങൾ സ്വപ്നം കണ്ടില്ലേ? അതും ഈ പ്രാവശ്യം ക്ഷമിച്ചിരിക്കുന്നു. ഇനിയും നിങ്ങൾ സ്വപ്നം കണ്ടാൽ ഉയരുന്ന വാൾ മറുപടി പറയും;

ഈശ്വരാ! ഇതെന്തൊരു മറിമായമാണ്? ആരാണെന്റെ രഹസ്യസ്വപ്നങ്ങൾ ചോർത്തി ഇവർക്കറിയിച്ചു കൊടുക്കുന്നത്?

ബൂട്ടിട്ട കാലുകൾ നടന്നകലുന്നു.
(പി.കെ പാറക്കടവ്)

***

അതിർത്തിക്കപ്പുറത്തു നിന്നോ ഇപ്പുറത്തു നിന്നോ ഒരു പൂച്ച കരഞ്ഞു.

ഇനി കിനാവ് കാണുന്നത് കുറ്റകരം! സ്വപ്നഗ്രന്ഥികൾക്ക് വന്ധ്യംകരണം!!

ഉറങ്ങുന്നതും ഉണരുന്നതും കുറ്റകരം!!! ഉറങ്ങുന്നവന്റെ കൂർക്കംവലി അതിർത്തിക്കപ്പുറത്തെങ്ങാനുമെത്തിയലോ, -ഉണരുന്നവന്റെ കണ്ണും തല ച്ചോറും എന്നും ആപത്ത്.

(പി.കെ പാറക്കടവ്)

**ഇന്ന്** ലോകം മുഴുവൻ ആന്റിനകളുടെ അടയാത്ത കണ്ണുകളാൽ നിരീക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. അവയുടെ ചാരക്കണ്ണുകൾക്കിടയിലാണ് നമ്മുടെ ജീവിതം. പാറശ്ശാല മുതൽ കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന കേരളത്തിലെ ഏതു കൊച്ചു ഗ്രാമങ്ങളിൽ കൂടി പോയാലും കെട്ടിടങ്ങൾക്കു മുകളിൽ ആകാശത്തിന്റെ അനന്തതയിലേക്കെന്ന വ്യാജേന അപരന്റെ സ്വകാര്യതയെ ചുഴിഞ്ഞു നോക്കികൊണ്ടിരിക്കുന്ന വിത്യസ്ത തരത്തിലുള്ള ആന്റിനകൾ കാണാൻ സാധിക്കും.

റേഡിയോ, ടെലിവിഷൻ, മൊബൈൽ ഫോണുകൾ തുടങ്ങി പല ആധുനിക ഉപകരണങ്ങളുടെയും ആന്റിനകൾ നമുക്ക് ഇന്ന് ഏറെ പരിചിതമാണ്. ഇതിനൊക്കെ പുറമെ ഭൂമിയടക്കമുള്ള ഗ്രഹങ്ങൾക്കു പിറകെ കറങ്ങികൊണ്ടിരിക്കുന്ന ഉപഗ്രഹങ്ങളും കുറവല്ല. ഈ ആന്റിനകളെ കുറിച്ച് എന്തിനിവിടെ പറയുന്നു എന്നാവും.

പ്രശ്നം ഇതാണ്. നമുക്ക് നമ്മുടെ സ്വകാര്യത നഷ്ടമായികൊണ്ടിരിക്കുന്നു. നമ്മെ അതിവിദഗ്ദമായ രീതിയിൽ സദാസമയവും പിന്തുടരാൻ ഇന്നൊരാൾക്കും പ്രയാസമില്ല. രാത്രിയുടെ ഇരുളിൽ പോലും ശത്രുരാജ്യങ്ങളിൽ നടക്കുന്ന അതീവ രഹസ്യങ്ങളെ ചോർത്തിയെടുക്കുവാൻ കെൽപ്പുള്ള ആന്റിനകൾ ഇന്നു നിർമിക്കപ്പെട്ടിരിക്കുന്നു. എന്തിന് നമ്മുടെ നേരിയ ചലനങ്ങളെയും നാംതന്നെ അറിയാതെ നമ്മുടെ മനസ്സിൽ വന്നുപോകുന്ന തോന്നലുകളെയും സ്വപ്നങ്ങളെപ്പോലും ചോർത്തിയെടുക്കാൻ അവയ്ക്കു കഴിവുണ്ട്. ഇതിനൊ









ക്കെപ്പുറമെ അതിനു പിന്നിലെ ശരിതെറ്റുകളെ വ്യാഖ്യാനിച്ചെടുക്കാൻ പോലും അവയ്ക്കു കഴിയുന്നു. സ്വന്തം ബലഹീനതകൾ അറിയാൻ ശ്രമിക്കാതെ അന്യന്റെ രഹസ്യങ്ങളിലേക്ക് ഊളിയിടാൻ മിടുക്കുകാണിക്കുന്ന ആധുനികരിലേക്കാണ് ഇത്തരം ആന്റിനകൾ വിതരണം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നത്.

ലോകത്തിന്റെ മുക്കിലും മൂലയിലും എന്തു നടന്നാലും ആ സമയം തന്നെ നമ്മുടെ സ്വകാര്യ മുറിയിലെത്തിക്കുന്ന ആന്റിനകൾ, സമൂഹത്തിൽ മാർജിനലൈസ് ചെയ്യപ്പെട്ട നമ്മുടെ ചിന്തകളും ചലനങ്ങളും കൺട്രോൾ റൂമിലിരുന്ന് മനസ്സിലാക്കാൻ കുത്തകശക്തികൾക്ക് വഴിയൊരുക്കുന്നു. അപ്രാപ്യവും വിദൂരവുമായ സ്ഥലങ്ങളിൽ സംഭവിക്കുന്ന വാർത്തകൾ തത്സമയം നാം അറിയുമ്പോൾ വിവര സാങ്കേതിക വിദ്യ എത്രമാത്രം വളർന്നു എന്നു പറയേണ്ടതില്ലല്ലോ. കാരണം ടെക്നോളജിയിൽ സംഭവിച്ച വിപ്ലവാത്മകമായ പൊട്ടിത്തെറിയുടെ മാറ്റൊലിയെങ്കിലും കേൾക്കാത്തവരോ അനുഭവിക്കാത്തവരോ ആയി ആരും തന്നെ ഒരു ഓണം കേറാ മൂലയിലും ഉണ്ടാവില്ല.

സ്വന്തം സ്വകാര്യത സംരക്ഷിക്കാൻ നാം മറ്റുവഴികൾ തേടേണ്ടിയിരിക്കുന്നു. ദൂരെയുള്ള ഒരാളുടെ സകല പ്രവർത്തികളും ഒപ്പിയെടുക്കാൻ ഇന്നത്തെ ശാസ്ത്ര വിദ്യകൾ കൊണ്ടു കഴിയുന്നു എന്നതിൽ ഒളിഞ്ഞിരിക്കുന്ന അപകടം എത്ര വലുതാണെന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമുക്ക് നമ്മെ തന്നെ നഷ്ടമായിരിക്കുന്നു എന്നതിന്റെ പൂർണ്ണവും വ്യക്തവുമായ തെളിവാണ് ഇത്തരം ആന്റിനകൾ നമ്മുടെ ജീവിതത്തിലേക്ക് കണ്ണും നട്ടിരിക്കുന്നു എന്നത്.

ഇത് ബില്ലുകളുടെയും കാലമാണ്. ഫോൺബില്ല്, കറന്റുബില്ല് ഗ്യാസ്ബില്ല്... ബില്ലുകൾ അങ്ങനെ നീണ്ടു നീണ്ടു പോകുന്നു. ഇന്നിതാ കുടിക്കാനുള്ള വെള്ളത്തിനു പോലും ബില്ലായി. ഇനി എന്നാണാവോ ശ്വസിക്കുന്ന വായുവിന് ബില്ലു വരിക. ഏതായാലും ആ കാലവും വിദൂരത്തല്ല.

ഒരുപാട് ബില്ലുകളുടെയും പറ്റുകളുടെയും വാടകകളൊടെയുമൊക്കെ ഇടയിൽ കിടന്ന് ശ്വാസം മുട്ടിക്കഴിയാൻ വിധിക്കപ്പെട്ടവരായിരിക്കുന്നു ഇന്നത്തെ ജനത. ബില്ലെന്ന രാക്ഷസനെ നമുക്കിടയിലേക്ക് ക്ഷണിച്ചു വരുത്തിയത് നാം തന്നെയാണ്. നാം തന്നെ എന്നു പറഞ്ഞാൽ നമ്മുടെ അശ്രദ്ധ. നാം ഇന്ന് അനുഭവിക്കുന്നതെല്ലാം നാം തന്നെ ചെയ്തു കൂട്ടിയ തെറ്റുകളുടെ ഫലമാണ്. അതുകൊണ്ടാണ് കുടിവെള്ളം പോലും നാമിന്ന് കാശു കൊടുത്തു വാങ്ങേണ്ടി വന്നത്.

മറ്റുള്ളവരെ അസൂയപ്പെടുത്തുവാനും നാലാൾക്കു മുന്നിൽ പൊങ്ങച്ചം വിളമ്പാനും വേണ്ടി നാം വൈദ്യുതോപകരണങ്ങൾ വാങ്ങിക്കൂട്ടിയതു കാരണമാണ് വൈദ്യുതി ഇന്ന് ഏറെയും ചിലവാക്കുന്നതും വമ്പൻ തുകകൾ ബില്ലുകളുടെ രൂപത്തിൽ നമ്മുടെ സാമ്പത്തിക സ്ഥിതി തകർക്കുന്നതും. പോയിപറയാവുന്ന കാര്യങ്ങൾക്കുപോലും രണ്ടടി നടക്കാൻ മടിച്ച് ഫോൺ ചെയ്ത് കൂട്ടുന്ന തുകയും കുറവല്ല. ജലം അനാവശ്യമായി ഉപയോഗിക്കുകയും വയലുകളും കുളങ്ങളും നിരത്തുകയും കുന്നുകൾ നിരപ്പാക്കുകയും ചെയ്തതോടെ നാം ഇന്ന് കടുത്ത ജലക്ഷാമം നേരിടുന്നു. അത് കൊണ്ടാണല്ലോ വെള്ളത്തിനും നാം ബില്ലു കൊടുത്തു തുടങ്ങേണ്ടി വന്നത്. വിറകടുപ്പുകൾ അടുക്കളിയിൽ നിന്നും അപ്രത്യക്ഷമായിരിക്കുന്നു. വൻതോതിൽ മരങ്ങൾ വെട്ടിമുറിച്ചതിന്റെ ഫലമായി വിറകിന് വന്ന ദൗർലഭ്യമാണോ, അതോ അടുപ്പിലൂതുന്നത് തങ്ങളുടെ സ്റ്റാറ്റസിനു ചേരില്ലെന്നു കരുതിയിട്ടാണോ എന്തോ ഗ്യാസ്ബില്ലുകൂടി താങ്ങാൻ ജനങ്ങൾ തയ്യാറാവുന്നു. ഇതിനൊക്കെ പുറമെ കുട്ടികളുടെ സ്കൂൾ ഫീസുകളും പത്രബില്ലുകളും പലചരക്കുകടയിലെ ബില്ലുകളും തുടങ്ങി ബില്ലുകൾ തമ്മിൽ ഇപ്പോൾ പരസ്പരം മത്സരമാണ്. ഏതാണ് കൂടുതൽ എന്നതിന്.

ബില്ലുകളില്ലാതെ ഒന്നും ഈ ലോകത്ത് നടക്കുകയില്ല എന്നാണ് ഇന്നത്തെ സമൂഹത്തിന്റെ ഭാവം. ബില്ലുകളുടെ തുകയുടെ വലിപ്പം അന്തസ്സായി കരുതുന്നവർ പോലുമുണ്ട്. താങ്ങാൻ പറ്റുന്നില്ലെങ്കിലും തങ്ങളിത്രയും തുക ചെലവാക്കുന്നു എന്ന പൊങ്ങച്ചത്തിനുമാത്രമേ അതുപകരിക്കുകയുള്ളൂ എന്നു മാത്രം. കൊടുക്കാനുള്ള തുക, വന്ന ബില്ലുകളെല്ലാം കൂടി തൂക്കിവിറ്റാൽ കിട്ടും. അത്രയ്ക്കുണ്ട് ഓരോമാസത്തിലും വന്നു കൂടുന്ന ബില്ലുകൾ.

അൽപ്പമൊന്നു ശ്രദ്ധിച്ചിരുന്നെങ്കിൽ ബില്ലുകളെ നാം ഭയക്കേണ്ടി വരില്ലായിരുന്നു. അമിത ആർഭാടവും ചൂഷണവും നാം നമുക്ക് തന്നെ തീർക്കുന്ന കൊലക്കയറാണെന്ന് ഇനിയെങ്കിലും തിരിച്ചറിഞ്ഞാൽ കുന്നു കൂടുന്ന ബില്ലുകൾക്കിടയിലെ വീർപ്പുമുട്ടലിൽ നിന്ന് നമുക്കും രക്ഷപ്പെടാം. ഗാന്ധിജി പറഞ്ഞതുപോലെ "എളിയ ജീവിതം നയിക്കാൻ പ്രാപ്തരാകുക; മനുഷ്യരാശിക്കു മുമ്പിൽ മറ്റൊരു മാർഗ്ഗവുമില്ല"

***

ഒരു കാലടിയൊച്ച
പിന്നെ ഒരലർച്ച പോലെ കോളിംഗ് ബെല്ലിന്റെ ശബ്ദം
വാതിൽപൊളി തുറന്നു നോക്കിയപ്പോൾ അയാൾതന്നെ
കടലാസ് നീട്ടി അയാൾ പറഞ്ഞു:
'നിങ്ങൾ ശ്വസിച്ച വായുവിന്റെ ബില്ല്'
(പി.കെ. പാറക്കടവ്)



# അശ്ലീലത മാധ്യമങ്ങളിൽ

ശറഫുദ്ദീൻ.
ലേബർ അസിസ്റ്റന്റ്

മാധ്യമങ്ങളുടെ അധാർമികതയെപ്പറ്റി സംസാരിച്ചു തുടങ്ങിയാൽ ഏതുവലിയവനും ചവച്ചിരിക്കുക 'മാധ്യമങ്ങളും പരസ്യങ്ങളും' എന്ന ഊതി വീർപ്പിക്കാൻ പറ്റിയ 'ചൂയിംഗ'മായിരിക്കും.


മാധ്യമങ്ങൾ അറിഞ്ഞുകൊണ്ടുതന്നെ വായനക്കാരെ അടിമുടി ആനന്ദിപ്പിക്കുന്ന വാർത്തകളും വിശേഷങ്ങളും, പംക്തികൾ പോലുമുണ്ട്. ഗോസ്സിപ്പുകളും കിന്നാരവർത്തമാനങ്ങളും നഗ്നരായ വ്യക്തികളുടെ കളർചിത്രങ്ങളും ഇന്ന് പല പ്രസിദ്ധീകരണങ്ങളിലും ഒഴിച്ചുകൂടാനാവാത്ത ഒന്നായി മാറിയിരിക്കുന്നു. ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ അവസാനത്തെ രണ്ടുപേജുകൾ എന്തിന് എന്ന് പ്രബുദ്ധകേരളത്തിലെ ഒരു ബുദ്ധിരാക്ഷസനും ചോദിച്ചതായി കേട്ടിട്ടില്ല. നടീനടൻമാരുടെയും, ആരുടെ മുമ്പിലും തുണിയുരാൻ മടിയില്ലാത്ത ചില സെക്സ് ബോംബുകളുടെയും നഗ്നചിത്രങ്ങൾ ആകർഷകമായരീതിയിൽ കൊടുക്കാൻ ഈ പേജുകൾ ഉപയോഗിക്കുന്നു. സിനിമാ പ്രസിദ്ധീകരണങ്ങൾ, ആഴ്ചപതിപ്പുകൾ തുടങ്ങിയവയിൽ ഇത്തരം ഫോട്ടോകളും ഗോസിപ്പുകളും അവയുടെ നിലനിൽപ്പിന് ഒഴിച്ചു കൂടാനാവാത്തതായി വന്നിരിക്കുന്നു.

മനുഷ്യന്റെ സ്വകാര്യജീവിതത്തിലേക്ക് ഒളിഞ്ഞുനോക്കാൻ സമൂഹത്തെ സജ്ജമാക്കുക എന്ന അധർമം കൂടിയാണ് ഇത്തരം ഗോസിപ്പുകളിലൂടെ മാധ്യമങ്ങൾ ചെയ്യുന്നത്. ഒരു ചെറുകഥയുടെ ലാഘവത്തോടെ വായിച്ചു പോകുകയല്ലാതെ അതിനെക്കുറിച്ച് പ്രത്യേകം ചിന്തിക്കാൻ ആരും തയ്യാറാകാറില്ല. കെട്ടുകഥകൾ എന്ന് ആദ്യവായനയിലേ തോന്നിക്കുന്ന ഇത്തരം 'സംഭവകഥകൾ' പ്രസിദ്ധീകരണങ്ങളുടെ വിശ്വസ്ഥതയെ തകർക്കുന്നുവെന്ന സത്യം പത്രാധിപർ മനസിലാക്കാതെ പോകുന്നതെന്ത് എന്ന് ചിന്തിച്ചിട്ട് മനസ്സിലാകുന്നില്ല.

**സെക്സും പരദൂഷണവും ഫാഷൻ ഭ്രമവും യുവതലമുറയിൽ അടിച്ചേൽപിക്കുന്ന രീതിയിലാണ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ അവസാന പേജുകളുടെ കെട്ടും മട്ടും, ഗോസിപ്പുകളും ആരോപണങ്ങളും. ചൂടുപടിച്ച കണ്ടെത്തലുകളുമായി വായനക്കാരെ ഇക്കിളിപ്പെടുത്തുന്ന ഈ പ്രസിദ്ധീകരണങ്ങൾ തങ്ങളൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ മാറി നിൽക്കുന്നതും രസാവഹമായ കാഴ്ചയാണ്.** രണ്ടോ മൂന്നോ വരിയുള്ള നുണകഥയ്ക്ക് (അവരുടെ ഭാഷയിൽ തങ്ങൾ കണ്ടെത്തിയ സ്റ്റോറിക്ക്) കാൽപേജോ അരപേജോ നിറഞ്ഞുകവിഞ്ഞ് അർദ്ധനഗ്നരായി നിൽക്കുന്ന താരങ്ങളുടെ ഫോട്ടോകളാണുണ്ടാകുക. വ്യക്തികളെയും അവരുടെ മുദ്രകളെയും പരിചയപ്പെടുത്തുന്ന ഇത്തരം പ്രസിദ്ധീകരണങ്ങൾ അത്തരം തലക്കെട്ടിലൂടെ മറ്റു വല്ലതും ഉദ്ദേശിക്കുന്നുവോ എന്നും തോന്നിപ്പോകും.

സൗന്ദര്യത്തിനു എളുപ്പവഴികളും ലൈംഗികവും മാനസികവുമായ രോഗങ്ങളെപ്പറ്റിയും മറ്റുമുള്ള സംശയങ്ങൾക്ക് മറുപടിയും നിർദ്ദേശിക്കുന്ന ഈ പ്രസിദ്ധീകരണങ്ങളാണ് യുവജനങ്ങളുടെ അലക്ഷ്യബോധത്തിനും അരാഷ്ട്രീയതയ്ക്കും ക്രിമിനൽ മെന്റാലിറ്റിക്കും കാരണക്കാർ.

നാലാംകിട അശ്ലീല പ്രസിദ്ധീകരണങ്ങൾ പോലും അച്ചടിക്കാൻ മടിക്കുന്ന ഫോട്ടോകളും ഗോസിപ്പുകളുമാണ് 'മാന്യമാധ്യമങ്ങൾ' പുറത്തുവിടുന്നത്. ഇതിനെപ്പറ്റി ചോദിച്ചാൽ ഒരു പക്ഷേ മറുപടി കിട്ടിയേക്കാം, 'വ്യത്യസ്ത അഭിരുചിയുള്ള വായനക്കാരാണ് തങ്ങളുടെ ലക്ഷ്യം' എന്ന്. അതായത് വായനക്കാരുടെ എണ്ണം കൂട്ടാനും അതുവഴി സർക്കുലേഷൻ സംഖ്യ വർദ്ധിച്ചെന്നു കൊട്ടിഘോഷിക്കാനും മനം തുടിക്കുന്ന ഈ ബഹുമാന്യ മാധ്യമ പ്രവർത്തകർ എന്തുതോന്ന്യാസത്തിനും കൂട്ടുനിൽക്കാൻ തയ്യാറാണ് എന്ന്. ഈ പത്രധർമം എവിടെ ചെന്നെത്തുമോ ആവോ?



# ആത്മസംഘർഷത്തോടെ സുഹൃത്തിന്,

**ടി.മൊയ്തീൻകോയ**
എം.എ അറബിക്

**പ്രിയ** സുഹൃത്തിന്, ആത്മ സംഘർഷങ്ങളോടെ.

ഞാൻ എന്നും നിനക്കെഴുതിയിരുന്നത് തീർത്തും സ്നേഹപൂർവ്വമായിരുന്നു. എന്നാൽ ഈ വർത്തമാനകാലത്ത് ഒത്തിരി ഭീതിയും അസ്വസ്ഥതയുമുണ്ടെങ്കിലും എന്റെ പ്രിയ സഖാവിന് ഇത്രയെങ്കിലും ഞാനെഴുതാതിരിക്കുന്നതെങ്ങനെ? നിന്റെ കത്ത് കൈപ്പറ്റിയിട്ട് ഒത്തിരി നാളായല്ലോ.

ഈ ജന്മം എന്തിനുവേണ്ടി എന്നു ഞാൻ ഈയിടെ വല്ലാതെ ചിന്തിച്ചുപോകുന്നു. വിപ്ലവങ്ങൾ എനിക്ക് മടുത്തു. കാരണം, വിപ്ലവാനന്തര ജീവിതത്തിന്റെ വിരസത എനിക്ക് സഹിക്കാനാവില്ല. മരണത്തോടെനിക്കു പുച്ഛമാണ്. ആത്മഹത്യ ചെയ്യാൻ ഞാനൊട്ട് ഒരുക്കവുമല്ല. കാരണം എന്റെ ആത്മഹത്യ ഒരു പക്ഷേ നാളെ വല്ല രക്തസാക്ഷി പദവിയും തന്ന് ആഘോഷിക്കപ്പെടുമോ എന്ന് എനിക്കു ഭയമാണ്. പകൽവെളിച്ചത്തിൽ പോലും ഞാനിന്ന് അസ്വസ്ഥനാണ്. ആരോ എന്നെ പിന്തുടരുന്ന പോലെ. എന്റെ നിഴൽ പോലും ഇന്നെന്നെ ഭയങ്കരമായി ഭയപ്പെടുത്തുന്നു.വേഗതകൂടിയ ഇന്നിന്റെ മത്സരയോട്ടത്തിൽ ഏറെ മുന്നിലെത്തിയിട്ടും എനിക്ക് വിജയമാധുര്യവും സംതൃപ്തിയും അനുഭവിക്കാനാവുന്നില്ല. വിദൂരങ്ങളായ ഗ്രഹങ്ങളിലേക്കുള്ള പാതയുടെ നീളം ചുരുങ്ങുമ്പോഴും നമ്മുടെ ഹൃദയങ്ങൾ തമ്മിലുള്ള അകലം കൂടുകയാണോ?. നാളെ (പത്രം വായിക്കുന്ന സ്വഭാവമുണ്ടെങ്കിൽ) അപ്രതീക്ഷിതമായി പത്രത്തിന്റെ ചരമകോളത്തിൽ എന്നെ കണ്ടാൽ നീ ഓർക്കുമായിരിക്കും - ഈ മുഖം ഞാൻ എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്നു മാത്രം. തിരക്കു പിടിച്ച നിന്നെ സംബന്ധിച്ച് ആ ഓർമ തന്നെ ധാരാളം.

എന്റെ ഏട്ടൻ പട്ടണത്തിൽ ഒരു വീടു വെക്കുന്നു. വീടല്ല, സിമന്റും കല്ലും കമ്പിയും കൊണ്ടൊരുഗ്രൻ കാഴ്ച വസ്തു. ഇന്നിന്റെ പൊങ്ങച്ചത്തിന്റെയും ആഡംബരത്തിന്റെയും കിടിലൻ സാക്ഷ്യപത്രം. വീടെന്നാൽ സ്നേഹവും സുരക്ഷിതത്വവുമെന്നായിരുന്നു. ഇന്നു സ്നേഹം ബാങ്ക് അക്കൗണ്ടിനനുസരിച്ച് കുറഞ്ഞും കൂടിയും ഇരിക്കുന്നു. സുരക്ഷിതത്വമെന്നാൽ ഇൻഷുറൻസ് പോളിസിയല്ലേ എന്ന് ഏട്ടന്റെ കൊച്ചുമോൾ സംശയിക്കുന്നു.

ഞാനാലോചിക്കുകയായിരുന്നു, ഇന്നു നമ്മുക്കെന്തിനാ ഒരു വീട്? പ്രസവം ഒരു രോഗമായി മാറിയതിനാൽ ജനനം ഹോസ്പിറ്റലിൽ, പണിത്തിരക്കുകാരണം രക്ഷിതാക്കൾക്ക് സമയമില്ലാത്തതിനാൽ ബാല്യകാലം ഡേകെയറിൽ, കരിയർ വിജയങ്ങളെക്കുറിച്ച് താങ്ങാവുന്നതിലും കൂടുതൽ സ്വപ്നങ്ങൾ മനസിൽ കുത്തിനിറച്ച കൗമാരം വിദ്യാലയ ഹോസ്റ്റലുകളിൽ, സ്ത്രീധനത്തുകയുടെ മൂല്യം നാലാളെക്കാണിക്കാൻ വിവാഹം മുന്തിയ ഓഡിറ്റോറിയത്തിൽ, മാതാപിതാക്കൾ തങ്ങളുടെ സ്വർഗത്തിൽ ശല്യമാകാതിരിക്കാൻ ഹണിമൂൺ വിദേശത്തെ ഹോട്ടലുകളിൽ, ജീവിതത്തിന്റെ അവസാന ഭാഗങ്ങൾ ആടിത്തീർക്കാൻ വാർദ്ധക്യകാലം വൃദ്ധസദനത്തിൽ, മരണാനന്തരം ശവപ്പറമ്പിലും. ഇവിടെ എവിടെ സുഹൃത്തെ വീടിന്റെ ആവശ്യം?

നിന്റെ കത്തിലെ രണ്ടാം ഖണ്ഡികയിലെ നാലാമത്തെ വരി നീയോർക്കുന്നോ? ഈ ലോകത്തിനു ഹൃദയമില്ലെന്നു നീ പരിഭവം പറയുന്നുണ്ട് അതിൽ. സുഹൃത്തെ ഹൃദയത്തിനും വൃക്കയ്ക്കുമൊക്കെ ഇന്നു കമ്പോളത്തിലെന്തു വിലയാണെന്നറിയാമോ? നിന്റെ അഭ്യർത്ഥന പ്രകാരം ആർദ്രത ഇനിയും വറ്റാത്ത ഹൃദയവുമായി ഞാൻ നിന്റെ വാതിൽക്കൽ എത്തിയപ്പോൾ നീ ഇന്റർനെറ്റിൽ മനുഷ്യശരീരത്തിലെ ഹൃദയേതര അവയവങ്ങളുടെ സൗന്ദര്യം തിരക്കിട്ടാസ്വദിക്കുകയായിരുന്നു. നീ വരുമ്പോൾ ഒരു പക്ഷേ ഞാനും അങ്ങനൊയൊക്കൊ തന്നെ ആയിരിക്കുമോ?

പ്രിയ സുഹൃത്തെ, ഞാനിപ്പോൾ പഴയപോലെ എന്റെ ദിനചര്യകളോ സമയപ്പട്ടികയോ മെനയാറില്ല. ശിശുദിനം, യുവജനദിനം, പ്രണയദിനം, വനിതാ ദിനം, മാതൃദിനം, വൃദ്ധദിനം എന്നിങ്ങനെ വിഡ്ഢി ദിനം വരെയായി..... നമ്മുടെ കലണ്ടർ ഏതൊക്കെയോ കുത്തകക്കാർ ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ടി.വിയിൽ ഈ വർഷത്തെ മാതൃദിനത്തിലെ പരിപാടികൾ സ്പോൺസർ ചെയ്തിരിക്കുന്നത്, ഏതോ ടിൻഫുഡ് കമ്പനിക്കാരായിരുന്നെന്ന് കേട്ടപ്പോൾ എനിക്ക് പൊള്ളിപ്പോയി. ജീവിതം മടുത്തെന്ന് നമുക്ക് എന്നെങ്കിലും തോന്നിയാൽ ഒരു പിടി മണ്ണ് വാരിത്തിന്നാം നമുക്ക്. കാരണം വിഷമയമായ ഒരു മണ്ണ് നമുക്കിന്ന് സ്വന്തമായുണ്ട്. അത് മതിയല്ലോ നമ്മുടെ മരണത്തിന്. അങ്ങനെയെങ്കിലും ആഗോള മുതലാളിമാർ നമ്മളോട് കാരുണ്യം കാണിച്ചുവല്ലോ?

ആത്മ സംഘർഷമോ അസ്വസ്ഥതകളോ ഇല്ലാത്ത ഒരു ദിനമെങ്കിലും നേർന്നുകൊണ്ട് എനിക്ക് ഉപസംഹരിക്കണമെന്നുണ്ട്. പക്ഷെ എങ്ങനെ........?

തത്കാലം പ്രാർത്ഥനയോടെ,

സുഹൃത്ത്



# അട്ടപ്പാടി : ഊരുകളുടെയും ചീറുകളുടെയും നാട്

**മൻമഥൻ. എം.ആർ**
ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ്

**സഞ്ചാരത്തിന്റെ** യുഗമായ ഇന്ന് യാത്രകൾ ആസ്വദിക്കാത്തവരായി ഏറെ പേരുണ്ടാവുമെന്ന് തോന്നുന്നില്ല. യാത്രകളാവട്ടെ പ്രകൃതിയുടെ ആഴങ്ങളിലേക്കും പ്രാചീനസംസ്കൃതിയുടെ തുരുത്തുകളിലേക്കുമാവുമ്പോൾ അവയുടെ അനുഭവം ഒന്നു വേറെ തന്നെയാവുന്നു. നാഗരികതയുടെ സ്പർശം കാര്യമായി ഏൽക്കാത്ത വയനാട്ടിലെയും അട്ടപ്പാടിയിലെയും ഉൾപ്രദേശങ്ങളിലെ പ്രകൃതിയുടെയും മനുഷ്യരുടെയും ദൃശ്യം നഗരജീവിതത്തിന്റെ കെട്ടുകാഴ്ച്ചകൾ കണ്ടുമടുത്തവർക്ക് സ്വപ്നതുല്യമായ അനുഭവമായിരിക്കും. പുസ്തകതാളുകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും ഭാഗികമായി മാത്രം കണ്ടു ശീലിച്ച അവിടങ്ങളിലെ പ്രകൃതിയുടെയും പ്രാചീനരീതികൾ പിന്തുടരുന്ന മനുഷ്യരുടെയും നേർക്കാഴ്ച്ച എന്തെന്തു പുതിയ അറിവുകളാണ് നമുക്ക് നൽകാത്തത്. എന്നാൽ ആദിവാസികളെയും അവരുടെ സമ്പ്രദായങ്ങളെയും മ്യൂസിയത്തിലെ കാഴ്ചവസതുക്കളെപ്പോലെ സമീപിക്കുന്നവർ അവരുടെ സ്വകാര്യതക്കും സംസ്കാരത്തിനും കഠിനമായ ആഘാതമാണ് ഏൽപ്പിക്കുന്നത്. ഇക്കാലത്ത് സർക്കാർ പ്രോത്സാഹിപ്പിക്കുന്ന ഇക്കോ-ടൂറിസം, പ്രകൃതിയുടെയും പ്രാചീന സംസ്കൃതിയുടെയും ശേഷിപ്പുകളെ കുറച്ചൊന്നുമല്ല താറുമാറാക്കുന്നത്.

ധൃതിയിൽ അട്ടപ്പാടി കണ്ടു മടങ്ങുന്ന ഒരു സന്ദർശകന്/ക്ക് ആ പ്രദേശം വയനാടുപോലെ അത്രത്തോളം ഗൃഹാതുരത്വമുണ്ടാക്കില്ല. രണ്ടു പ്രദേശങ്ങളുടെയും ഭൂപ്രകൃതികൾ തമ്മിലുള്ള വിത്യാസം കൊണ്ടാകാമത്. വയനാട്ടിലൂടെയുള്ള യാത്രക്കിടയിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന കാടിന്റെയും, കുന്നുകൾക്കിടയിൽ ചിതറികിടക്കുന്ന വയലുകളുടെയും, അവയുടെ ഓരത്ത് ഒറ്റപ്പെട്ട് കാണുന്ന ആദിവാസി ഊരുകളുടെയും ദൃശ്യം എക്കാലത്തും മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മകളായിരിക്കും. വയലുകളുടെ സാന്നിധ്യം കുറവാണെങ്കിലും കാടും ആദിവാസി ഊരുകളും നിറഞ്ഞ സുന്ദരദേശമായിരുന്നു ഒരു കാലത്ത് അട്ടപ്പാടി. നാഗരിക മനുഷ്യന്റെ ദുരയും, പ്രകൃതിയെപ്പറ്റി ചിന്തിക്കാത്ത സർക്കാറിന്റെ വികസന നയവും ഒത്തുചേർന്നപ്പോൾ അട്ടപ്പാടി കേരളത്തിലെ ആദ്യത്തെ മരുഭൂമിയായി മാറിത്തീർന്നു. ചുരം കയറി അട്ടപ്പാടിയിലെത്തിയാൽ യാത്ര നീളും തോറും കൂടുതൽ കൂടുതൽ പ്രത്യക്ഷപ്പെടുന്ന മൊട്ടക്കുന്നുകൾ വരണ്ടുപോവാത്ത മനസ്സുകളെ വല്ലാതെ നൊമ്പരപ്പെടുത്തും.

അട്ടപ്പാടിയും വയനാടും തമ്മിലുള്ള താരതമ്യം വെറുതെയല്ല. ഭൂമിശാസ്ത്രപരമായി കേരളത്തിലെ പുറത്തുള്ള രണ്ട് പ്രദേശങ്ങളാണിവ. പശ്ചിമഘട്ടത്തിന് കിഴക്കാണ് വയനാടും അട്ടപ്പാടിയും. രണ്ടിടത്തേക്കും ചുരം കയറിയല്ലാതെ താഴ്വാരത്ത് നിന്ന് എത്തിപ്പെടാനാവില്ല. രണ്ട് പ്രദേശങ്ങൾക്കും

കിഴക്കോട്ട് ചെരിവായതിനാൽ നദികൾ തമിഴ്നാട്ടിലേക്കോ കർണ്ണാടകത്തിലേക്കോ ഒഴുകുന്നു. രണ്ടും ഒരു കാലത്ത് ആദിവാസികളുടെ സ്വന്തം നാടായിരുന്നു. ഇത്രയധികം ആദിവാസി സാന്നിധ്യമുള്ള പ്രദേശങ്ങൾ കേരളത്തിൽ മറ്റെവിടെയുമില്ല. വയനാട്ടിൽ കുടിയേറ്റം പ്രാചീനകാലം മുതൽ തന്നെ ആരംഭിച്ചിരുന്നുവെങ്കിൽ അട്ടപ്പാടിയിൽ അത് സമീപകാല പ്രതിഭാസമാണെന്ന് മാത്രം. എങ്കിലും രണ്ടിടത്തും കുടിയേറ്റം പ്രകൃതിയെയും ആദിവാസി ജീവിതത്തെയും താറുമാറാക്കിയിരിക്കുന്നു. ശക്തമായി വരുന്ന നഗരവൽക്കരണവും സംസ്കാരികാധിനിവേശവും ആദിവാസികളെ വല്ലാത്തൊരു സ്വത്വ പ്രതിസന്ധിയിലും കൊണ്ടെത്തിച്ചിരിക്കുന്നു.

മണ്ണാർക്കാട് നിന്ന് തമിഴ്നാടിന്റെ അതിർത്തിയിലുള്ള ആനക്കട്ടിയിലേക്ക് 52 കി.മീ. ദൂരമുണ്ട്. അട്ടപ്പാടിയിലെ ഈ ഒരേയൊരു പ്രധാനപാത ആ നാടിനെ രണ്ടായി പിളർന്നു കൊണ്ട് തെക്കു നിന്നും വടക്കു-കിഴക്കായി നീണ്ടു പോകുന്നു. ഈ പാതയിൽ നിന്നും ഉത്ഭവിക്കുന്ന പറ്റുവേരുകൾ പോലുള്ള, ദയനീയാവസ്ഥയിലുള്ള, ശാഖാറോഡുകളാണ് കിഴക്കും പടിഞ്ഞാറുമുള്ള ചില പ്രദേശങ്ങളിലെ ജനങ്ങളെ മുഖ്യപാതയിൽ ഇടവിട്ട് സ്ഥിതി ചെയ്യുന്ന ചെറുകിട വാണിജ്യ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്നത്. അട്ടപ്പാടിയുടെ ഇന്നത്തെ കേന്ദ്രം അഗളിയാണ്. ആശുപത്രി ഹൈസ്ക്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് പുറമെ അട്ടപ്പാടിയുടെ സമഗ്രവികസനത്തിന്നു വേണ്ടി സർക്കാർ സ്ഥാപിച്ച AHADS (Attappadi Hill Area Development Society) യും ഇവിടെ സ്ഥിതി ചെയ്യുന്നു. കേരളത്തിലെ ഇന്നത്തെ ടൗണുകളുമായി താരതമ്യം ചെയ്യുമ്പോൾ അഗളി പോലും വളരെ ചെറിയ ഒരു നഗരകേന്ദ്രമാണ്. ചുരം കയറിക്കഴിഞ്ഞാൽ അതിർത്തിയിലെത്തുന്നതിനു മുമ്പായി കാണുന്ന മുക്കാലി, കൽക്കണ്ടി, പാക്കുളം, താവളം, കോട്ടത്തറ തുടങ്ങിയ ടൗണുകളാവട്ടെ പത്തും പതിനഞ്ചും കടകൾ മാത്രമുള്ളവയും. അഗളിയിലും അഗളിയുടെ തന്നെ ഭാഗമായ ഗൂളിക്കടവിലും മാത്രമേ ലോഡ്ജുകൾ പ്രത്യക്ഷപ്പെട്ടിട്ടുള്ളൂ എന്നത് നഗരവൽക്കരണ പ്രക്രിയയുടെ പിന്നോക്കാവസ്ഥയെ വെളിപ്പെടുത്തുമ്പോൾ തന്നെ ഭാവിയിലേക്കുള്ള സൂചകങ്ങൾ കൂടിയാവുന്നുണ്ട്. ചുരം കയറിയെത്തുന്ന ആദ്യത്തെ കേന്ദ്രമായ മുക്കാലിയിൽ നിന്ന് 20 –25 കി.മീ തെക്കു പടിഞ്ഞാറായി സഞ്ചരിച്ചാൽ പ്രസിദ്ധമായ സൈലന്റ് വാലിയിലെത്താം. പശ്ചിമ ഘട്ടത്തിലെ മഴക്കാടുകളിൽ അപൂർവ്വമായി അവശേഷിക്കുന്നതും ഏറ്റവും വിസ്തൃതവുമായ സൈലന്റ് വാലിയിലൂടെയുള്ള യാത്ര ജീവിതത്തിലെ അത്യപൂർവ്വമായ ഒരനുഭവമായിരിക്കും.

പാലക്കാട് ജില്ലയുടെ മൂന്നിലൊന്നോളം വരും അട്ടപ്പാടിയുടെ വിസ്തൃതി. ഇത് ഏകദേശം അലപ്പുഴ ജില്ലയുടെ മൊത്തം വലിപ്പത്തിന് തുല്യമാണ്. എങ്കിലും ജനസംഖ്യ കുറവായതിനാൽ അട്ടപ്പാടിക്ക് സ്വന്തമായി ഒരു നിയോജകമണ്ഡലം പോലുമില്ല. മണ്ണാർക്കാട് മണ്ഡലത്തിന്റെ ഭാഗമാണത്. അഗളി, പൂരൂർ, ഷോലൂർ എന്നിങ്ങനെ മൂന്നു പഞ്ചായത്തുകളുണ്ട്. മലകൾ നിറഞ്ഞ് ദുർഘടമായ പ്രദേശമായതിനാൽ വായനാടിനെപ്പോലെ റോഡ് വികസനമോ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികാസമോ നടന്നില്ല. വയനാട്ടിലെപ്പോലെ അത്രയും ശക്തമായ കുടിയേറ്റം ഇവിടെ നടന്നില്ല എന്നിതും ഇതിന് മറ്റൊരു കാരണമാകാം. ആദിവാസിഭൂമികൾ കൈമാറുന്നതിന് ഇപ്പോൾ കർശനമായ നിബന്ധനകൾ നിലവിലുള്ളതും വനഭൂമികൾ കൈയേറുന്നതിനെതിരെ ശക്തമായ ജാഗ്രതയുള്ളതും കാരണം പുതുയ കുടിയേറ്റങ്ങൾ ഇപ്പോൾ വളരെ സാവധാനത്തിലാണ്. തമിഴ്നാടിന്റെ ഭാഗമായി കരുതപ്പെടേണ്ടിയിരുന്ന അട്ടപ്പാടി 1956 മുതൽ കന്യാകുമാരി ജില്ല തമിഴ്നാടിന് നൽകിയതിന്റെ പ്രതിഫലമായി കേരളത്തിന് ലഭിച്ചതാണ്.

അട്ടപ്പാടിയിലെ ആദിവാസികൾ ഇരുളർ, മുഡുഗർ, കുറുമ്പർ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിൽ പെടുന്നു തമിഴ് ഭാഷയോട് അടുത്ത് നിൽക്കുന്ന ആദിവാസി ഭാഷ സംസാരിക്കുന്ന ഇവർക്ക് സംസ്കാരികമായും തമിഴ് ജനതയുമായി കൂടുതൽ സാമ്യമുണ്ട്. അട്ടപ്പാടിയിലെ ഏറ്റവും വലിയ ആദിവാസി വിഭാ



ഗമാണിവരുടേത്. കേരളത്തിൽ പണിയർ കഴിഞ്ഞാൽ ഏറ്റവും വലിയ ആദിവാസി ജനസംഖ്യയും ഇവരുടേതാണ്. തമിഴ്നാട്ടിലെ സേലം, കോയമ്പത്തൂർ, മേഖലകളിൽ നിന്ന് അട്ടപ്പാടിയിലേക്ക് കുടിയേറിയതായി കരുതപ്പെടുന്ന ഇവർ ഇപ്പോഴും ആ പ്രദേശങ്ങളുമായി ശക്തമായ മത-സംസ്കാരിക ബന്ധങ്ങൾ നിലിനിർത്തുന്നു. കുട്ടികളുടെ നാമകരണത്തിനും മരണശേഷം പുലക്കാരന്റെ തലമുണ്ഡനം ചെയ്യുന്നതിനും ഇവരിപ്പോഴും തമിഴ്നാട്ടിലെ പേരൂരിലെത്തുന്നു. വയലൂർ, ഷോലയൂർ, പെട്ടിക്കൽ, ഏച്ചപ്പതി, നലസിങ്ക, ദാസനൂർ, ചെമ്മണ്ണൂർ, വരകംപാടി, കോഴിക്കൂടം തുടങ്ങിയ ഇരുള ഊരുകൾ അട്ടപ്പാടിയുടെ കിഴക്കുഭാഗത്തായി കേന്ദ്രീകരിച്ചിരിക്കുന്നു. മറ്റ് രണ്ട് ആദിവാസി വിഭാഗങ്ങളായ മുഡുഗരും കുറുമ്പരും തമ്മിൽ ഭാഷയിലും ആചാരങ്ങളിലും വലിയ വ്യത്യാസമില്ല. അടുത്ത കാലത്തായി ഇവർ അന്യോന്യം വിവാഹം ചെയ്യാനും തുടങ്ങിയിട്ടുണ്ട്. സൈലന്റ് വാലിയോടടുക്കുന്ന നിബിഢവനങ്ങളിലാണ് കുറുമ്പർ താമസിക്കുന്നത്. കേരളത്തിലെ ആദിവാസികളിൽ ഏറ്റവും പ്രാകൃതരെന്ന് ഗണിക്കപ്പെടുന്നവരുടെ കൂട്ടത്തിലാണ് ഇവരെ പെടുത്തിയിട്ടുള്ളത്. തടിക്കുണ്ട്, ആനവായ്, കടുകുഉണ്ണ, ഗൽമ്പി, മുരുഗള, ഗൊട്ട്യാർകണ്ടി, ഗുരുകുത്തിക്കല്ല്, ആനഗെട്ടി, ബർഗൂർ എന്നിങ്ങനെ കുറുമ്പരുടെ പതിനഞ്ച് ഊരുകളുണ്ട്. മറ്റ് ആദിവാസികളുമായും പൊതുജനങ്ങളുമായുള്ള സമ്പർക്കം പരമാവധി ഒഴിവാക്കുന്ന രീതിയിലാണ് ഇവർ തങ്ങളുടെ ഊരുകൾ സ്ഥാപിച്ചിട്ടുള്ളതെങ്കിലും അടുത്ത കാലത്തായി വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി ഇവർ പുറംലോകവുമായി കൂടുതൽ ബന്ധപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസികൾ തങ്ങളുടെ ഗോത്രസമ്പ്രദായങ്ങൾ വലിയമാറ്റങ്ങളൊന്നുമില്ലാതെ ഇന്നും പിൻതുടരുന്നു. ഒരു പ്രദേശത്തുള്ള ഒരു ഗോത്രക്കാർ തൊട്ടുതൊട്ടുള്ള വീടുകളിൽ കോളനിപോലെ ഒരുമിച്ച് താമസിക്കുന്നു. ഇത്തരം ആദിവാസി ഗ്രാമങ്ങൾക്ക് ഊര് എന്ന് പറയും. മൂന്നു നാലു കുടുംബങ്ങൾക്ക് വേറെ വേറെ താമസിക്കാൻ കഴിയുന്ന തരത്തിലുള്ള നീളമുള്ള വീടുകൾ കുറുമ്പ ഊരുകളുടെ സവിശേഷതയാണ്. ആദിവാസികളുടെ ഗോത്രസംവിധാനം പ്രത്യേക രീതിയിലുള്ളതാണ്. ഓരോ ഊരിനും ഓരോ മൂപ്പനുണ്ടാവും. മൂപ്പനാണ് ഊരിന്റെ തലവൻ. ഊരിലെ എല്ലാ കാര്യങ്ങളിലും മൂപ്പന്റെ തീരുമാനം അന്തിമമായിരിക്കും. മൂപ്പൻ സ്ഥാനം പരമ്പരാഗതമാണ്. മൂപ്പനെ കൂടാതെ മറ്റ് മൂന്ന് സ്ഥാനികർ കൂടിയുണ്ട്. ഉണ്ണുക്കാരൻ, കുറുതല, വണ്ടാരി എന്നിവരാണവർ. കൃഷിയുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളിലും മുഖ്യകാർമ്മികത്വം ഉണ്ണക്കാരനാണ്. പുതുമഴക്ക് ശേഷം കൃഷിയാരംഭിക്കുമ്പോൾ പൂർവ്വീകരെ പ്രീതിപ്പെടുത്തേണ്ട അനുഷ്ഠാനങ്ങൾ ചെയ്ത് ആദ്യം വിത്തിടേണ്ടത് ഉണ്ണുക്കാരനാണ്. അതുപോലെ തന്നെ ശവസംസ്കാരത്തിന് ഉണ്ടാക്കേണ്ട കുഴിയുടെ സ്ഥാനം കാണുന്നതും കുഴിവെട്ടാൻ തുടക്കമിടുന്നതും മണ്ണുക്കാരനായിരിക്കണം. പുലയടിയന്തിരങ്ങളിലും ഉണ്ണുകാരന് മുഖ്യസ്ഥാനമുണ്ട്. കുറുതല, വണ്ടാരി, എന്നിവർ സഹായികളാണ്. ഇരുളർക്ക് ഇവരെ കൂടാതെ ജാതിക്കാരൻ എന്ന അഞ്ചാമതൊരു സ്ഥാനികൻ കൂടിയുണ്ട്. വിവാഹചടങ്ങുകളിൽ പ്രമുഖ സ്ഥാനം ജാതിക്കാരനാണ്.

അട്ടപ്പാടിയിലെ എല്ലാ ആദിവാസികളെയും സംസാകാരികമായും മതപരമായും കോർത്തിണക്കുന്ന പ്രതീകമാണ് മല്ലീശ്വരൻ മുടി. അട്ടപ്പാടിയുടെ വടക്കുപടിഞ്ഞാറ് ഭാഗത്തായി കോട്ടമതിൽ പോലെ നീണ്ടു കിടക്കുന്ന നീലഗിരിമലകളിലെ ഏറ്റവും ഉയർന്ന സ്ഥാനമാണത്. ആദിവാസികൾക്ക് അതിപ്പോൾ കൈലാസംപോലെ ശിവന്റെ ഇരിപ്പിടമാണ്. അതിനടുത്തായി സ്ഥിതി ചെയ്യുന്ന ചെമ്മണ്ണൂർ ക്ഷേത്രം അവർക്ക് പൊതുവായ ആരാധനാലയമാണ്. നാലുദിവസം നീണ്ടുനിൽക്കുന്ന ശിവരാത്രി ഉൽസവം ആദിവാസികൾക്ക് ഒരുമിച്ച് ചേരാൻ വർഷം



...തോറുമുള്ള ഏകാവസരമാണ്. ശിവരാത്രി ദിവസം മല്ലേശ്വരൻ മുടിയിൽ മുഡുഗർ വിളക്കു വെക്കും. അബ്ബന്നൂർ, പൊട്ടിക്കൽ, എന്നീ മുഡുഗ ഊരുകാരാണ് പരമ്പരാഗതമായി ഓരോ വർഷവും മാറിമാറി ഇത് ചെയ്തിരുന്നത്. എന്നാൽ ഇന്ന് കുറുമ്പ ഊരായ തൊടിക്കിക്കാർക്ക് കൂടി ഇതിൽ അവകാശമുണ്ട്. അമ്പത് വർഷം മുമ്പ് മുഡുകർ ഒരു രൂപക്ക് മല്ലേശ്വരൻ മുടി കുറുമ്പർക്ക് വിറ്റിരുന്നുവത്രേ. അങ്ങനെയാണ് കുറുമ്പർക്ക് കൂടി ഇതിൽ അവകാശം കിട്ടിയത്. കുറുമ്പരുടെ ഏറ്റവും പ്രധാനപ്പെട്ട ഊരെന്ന നിലയിൽ തൊടിക്കിക്കാരാണ് മൂന്നുവർഷത്തിലൊരിക്കൽ വിളക്ക് കത്തിക്കുന്നത്. വിളക്ക് വെക്കുന്നവരും ഒപ്പം മുടി കയറുന്നവരും ഏഴു ദിവസം വ്രതമെടുക്കണം. വിളക്കിനുള്ള തിരിയും എണ്ണയും കോഴിക്കോട്ടെ സാമൂതിരി നൽകണമെന്ന ആചാരം ഇന്നും തുടരുന്നു. നെൽക്കതിർ തുണിയിൽ പൊതിഞ്ഞ് എണ്ണയിൽ മുക്കിയാണ് കത്തിക്കുക. ഈ വിളക്ക് സ്വന്തം ഊരിൽ നിന്നു തന്നെ ദർശിക്കുക എന്നത് ആദിവാസികൾക്ക് പുണ്യമാണ്. എന്നാൽ അട്ടപ്പാടിയിലെ 152 ഊരുകളിൽ ഒന്നായ കരുവരക്കാർക്ക് മാത്രം മല്ലീശ്വരൻ മുടി സ്വന്തം ഊരിൽ നിന്ന് നേരിട്ട് കാണാൻ കഴിയില്ല. ഇതിന് പിന്നിൽ ഒരു കഥയുണ്ട്. ശിവനും കരുവരക്കാരും തമ്മിൽ പണ്ട് പന്തയം വെച്ചുവത്രെ. പന്തയത്തിൽ തോറ്റ ശിവനെ കരുവരക്കാർ കളിയാക്കി. ഇതിൽ കുപിതനായ ശിവൻ അവർക്ക് ഒരിക്കലും തന്നെ കാണാൻ കഴിയാതിരിക്കട്ടെ എന്ന് ശപിച്ചു. സന്ധ്യക്ക് വിളക്ക് കണ്ട ശേഷം എല്ലാ ആദിവാസികളും ക്ഷേത്രത്തിലെത്തുന്നു. ഹൈന്ദവമാതൃകയിൽ ചെമ്മണ്ണൂർ ക്ഷേത്രം പുനർനിർമ്മിക്കപ്പെട്ടിട്ട് ഏറെ കാലമായിട്ടില്ല. ആദിവാസികളുടെ മല ദൈവങ്ങൾ ക്ഷേത്രത്തിന് ചുറ്റുമുള്ള സ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെട്ടതായിക്കാണാം.

ഒരു നാഗരികന്റെ കാഴ്ച്ചപ്പാടോടെ പുറത്തുനിന്നും വീക്ഷിക്കുന്നവർക്ക് ആദിവാസി ജീവിതവും സംസ്കാരവും വളരെ അപരിഷ്കൃതവും തീർത്തും വിരസവുമായി അനുഭവപ്പെടാം. ആധുനിക പരിഷ്കൃതിയിലേക്കും കമ്പോളകേന്ദ്രിത ജീവിത രീതിയിലേക്കും പൂർണ്ണമായും ആകർഷിക്കപ്പെട്ടു കഴിഞ്ഞിട്ടില്ലാത്തതിനാൽ അവരെ കുറിച്ച് മതിപ്പും കുറയും. അറിവില്ലാത്തവരും ശുചിത്വമില്ലാത്തവരുമായി അവർ പണ്ടു മുതൽ തന്നെ മുദ്രകുത്തപ്പെട്ടവരാണ്. എന്നാൽ ആദിവാസി ജീവിതത്തിന്റെ തനിമയും ആഴവും മനസ്സിലാക്കിയാൽ ആരും അതിശയിച്ചു പോകും. പരിഷ്കൃത ലോകത്തിന് പരിചിതമല്ലാത്ത എന്തൊക്കെ സങ്കേതിക വിദ്യകളാണ് നിത്യജീവിതത്തിൽ അവർ ഇന്നും ഉപയോഗിക്കുന്നത്. ആദിവാസി ജീവിതത്തിന്റെ സ്വാശ്രയത്ത സ്വഭാവവും പ്രകൃതിയുമായുള്ള രമ്യതയും, വംശനാശത്തിലേക്ക് സ്വയം വഴി തെളിയിക്കുന്ന പരിഷ്കൃതമനുഷ്യർ കണ്ടുപഠിക്കേണ്ട പാഠങ്ങളാണ്. പ്രകൃതിയെയും പരിസ്ഥിതിയെയും ഒട്ടും താറുമാറാക്കാതെ വിഭവങ്ങളെ അനാവശ്യമായി അല്പം പോലും ചൂഷണം ചെയ്യാതെ, മനുഷ്യർക്കിടയിൽ സാധ്യമായേടത്തോളം തുല്യതയും ജനാധിപത്യവും നിലനിർത്തികൊണ്ട്, സഹകരണത്തിലൂടെയും കൂട്ടായ്മയിലൂടെയും ജീവിതം മുന്നോട്ട് നയിച്ച് ആഹ്ലാദത്തിനുള്ള അവസരങ്ങളെ കഴിയുന്നിടത്തോളം ഉപയോഗപ്പെടുത്തിക്കൊണ്ട്, അവർ തങ്ങൾക്ക് സാധ്യമായേടത്തോളം തൃപ്തികരമായ ജീവിതം നയിച്ചു വന്നു.

ആദിവാസി ജീവിതത്തിന്റെ ഏറ്റവുംവലിയ സവിശേഷത അതിന്റെ സ്വാശ്രയത്വമായിരുന്നു. വിസ്തൃതമായ വനമേഖലകൾ ആദിവാസികൾക്ക് വിശാലമായ ജീവിതമാർഗ്ഗങ്ങൾ തുറന്നിട്ടു കൊടുത്തു. വനവിഭവശേഖരണവും അൽപ്പാൽപ്പം കൃഷിയും കൊണ്ട് ജീവിതം കുറെയൊക്കെ സമൃദ്ധമായി മുന്നോട്ട് പോയിരുന്നു. ഭൂമി ഭക്ഷ്യവിളകളുടെ വിപുലമായ ഉൽപ്പാദനത്തിന് അത്ര യോജിച്ചതല്ലെങ്കിലും വനം തെളിച്ചുണ്ടാകുന്ന കൃഷിയിടങ്ങളിൽ പുതുമഴ പെയ്യുന്നതോടെ അവർ



റാഗി, ചാമ, ചോളം, തുവര തുടങ്ങിയ വിളകൾ കൃഷിചെയ്തു പോന്നു. വനഭൂമി ധാരാളം ലഭ്യമായിരുന്നതിനാൽ വർഷം തോറും പുതിയ പ്രദേശങ്ങളിൽ കൃഷി ചെയ്യാമായിരുന്നു. ഒരു വർഷത്തേക്കാവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ ഇങ്ങനെ ശേഖരിച്ചു വെക്കും. ക്ഷാമ കാലങ്ങളിൽ കാട്ടുകിഴങ്ങുകൾ, തേൻ, കാട്ടുമൃഗങ്ങളുടെ മാംസം എന്നിങ്ങനെ അനേകം മറ്റ് വിഭവങ്ങളും ലഭ്യമായിരുന്നു. ഇന്നിപ്പോൾ സമ്പ്രദായങ്ങളാകെ മാറിപ്പോയിരിക്കുന്നു. സർക്കാറിന്റെ ഫോറസ്റ്റ് നയം കർക്കശമായപ്പോൾ നിലം മാറിമാറി കൃഷി ചെയ്യാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. പഴയതുപോലെ വനവിഭവങ്ങൾ ശേഖരിക്കാനും കഴിയാതായി. തോട്ടങ്ങളിലും കൂപ്പിലും മറ്റും കൂലിപ്പണി തേടാൻ ആരംഭിച്ചത് ഈ പശ്ചാത്തലത്തിലാണ്. ഭൂമിയുടെ യതാർഥ മൂല്ല്യം മനസ്സിലാക്കാൻ വൈകിപ്പോയ ഇവർ ചില്ലിക്കാശിന് തങ്ങളുടെ കൈവശഭൂമിയും നഷ്ടപ്പെടുത്തിക്കളഞ്ഞു. ഇന്നിപ്പോൾ മിക്കവാറും കൂലിപ്പണിയെടുത്ത് റേഷനരി വാങ്ങിയാണ് ജീവിക്കുന്നത്. അങ്ങനെ ആദിവാസികളുടെ സ്വാശ്രയത്വം മിക്കവായറും നഷ്ടപ്പെട്ടു കഴിഞ്ഞു. തങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന റേഷനരി പത്തും പന്ത്രണ്ടും വർഷം പഴകിയതാണെന്ന് അവർക്കറിയാം. പുറത്തു നിന്നു വാങ്ങുന്ന പച്ചക്കറികളും ഭീകരമായ അളവിൽ വിഷാംശം അടങ്ങിയതാണെന്ന് അവർ മനസ്സിലാക്കിയിട്ടുണ്ട്. എങ്കിലും കാട്ടിൽ നിന്ന് ലഭിച്ചിരുന്ന പച്ചിലകളും പച്ചക്കറികളും ഇനി ലഭിക്കുകയില്ല. അവ കഴിച്ചുണ്ടാക്കിയ ആരോഗ്യം ഇനി തിരിച്ചു പിടിക്കാനാവില്ല.

അങ്ങനെ അട്ടപ്പാടി ഇന്ന് സമൂലമായ പരിവർത്തനത്തിന്റെ പാതയിലാണ്. കുടിയേറ്റക്കാർ അട്ടപ്പാടിയുടെ മുക്കിലും മൂലയിലും എത്തിക്കഴിഞ്ഞു. അട്ടപ്പാടിയലങ്ങോളമിങ്ങോളം കാണുന്ന പള്ളികൾ കുടിയേറ്റത്തിന്റെ സ്മാരകങ്ങളെന്നോണം തലയുയർത്തി നിൽക്കുന്നു. കൃഷിക്കാരായും ചെറുകിട കച്ചവടക്കാരായും തമിഴരും എത്തിപ്പെട്ടിട്ടുണ്ട്. ഗൾഫിൽ നിന്ന് മടങ്ങി വന്ന ചിലർ അഗളിയിലും ഗൂളിക്കടവിലും ലോഡ്ജുകളും ഹോട്ടലകളും നടത്തുന്നതു കാണാം. എങ്കിലും ഇവരുടെയൊന്നും ഉപഭോക്താക്കൾ ആദിവാസികളല്ല. മുഖ്യപാതയിലെ വ്യാപാര കേന്ദ്രങ്ങളിലേക്ക് ആദിവാസികൾ അപൂർവ്വമായി മാത്രമേ പ്രവേശിക്കാറുള്ളൂ. ഊരിനടുത്തു തന്നെയുള്ള ഒറ്റപ്പെട്ട കടകളുമായാണ് അവർക്ക് കൂടുതൽ ബന്ധം. സർക്കാർ ഓഫീസുകളുമായി ബന്ധപ്പെടാനും തമിഴ് സിനിമ കാണാനുമാണ് അവർ മുഖ്യമായും ടൗണുകളിലെത്തുന്നത്. വിദ്യാഭ്യാസം നേടിയ ചിലർ അഹാഡ്സ് പോലുള്ള സ്ഥാപനങ്ങളിൽ ട്രൈബൽ പ്രമോട്ടർമാരായും മറ്റും ജോലി ചെയ്യുന്നു. കുറെ പേർ അദ്ധ്യാപകരായുമുണ്ട്. മുരുകനെന്ന ഇരുളയുവാവ് ഫാറൂഖ് കോളേജിൽ ചരിത്ര വിഷയത്തിൽ എം.എ. ചെയ്യുന്നുണ്ട്. കമലാക്ഷി എന്നു പേരുള്ള ഒരു മുഡുഗ യുവതി കുറച്ചു വർഷങ്ങൾക്കു മുമ്പ് എം.ബി.ബി.എസ് പാസ്സായി ഇപ്പോൾ നാട്ടിൽ തന്നെ സേവനമനുഷ്ഠിക്കുന്നു. എന്നാൽ ഇതൊക്കെ അപവാദങ്ങൾ മാത്രമാണ്. അട്ടപ്പാടിയിലെ ആദിവാസികളുടെ സാക്ഷരതാ നിലവാരം പരിശോധിച്ചാൽ സമ്പൂർണ്ണ സാക്ഷരതയിൽ അഹങ്കരിക്കുന്ന മലയാളികൾക്ക് ലജ്ജിച്ച് തല താഴ്ത്തേണ്ടി വരും. എങ്കിലും ഇവിടത്തെ ആദിവാസികളുടെ സ്ഥിതി വയനാട്ടിലുള്ളവരേക്കാൾ പൊതുവിൽ മെച്ചമാണ്. ദിവസക്കൂലി വയനാട്ടിലേതിനേക്കാൾ അധികമുണ്ട്. നഷ്ടപ്പെട്ടു പോയെങ്കിലും പലർക്കും കുറച്ചൊക്കെ ഭൂമി കൈവശം ബാക്കിയുണ്ട്. അതിൽ ഇഞ്ചി, കുരുമുളക് തുടങ്ങിയ വിളകൾ കൃഷി ചെയ്യാൻ അവർ ആരംഭിച്ചിട്ടുണ്ട്. ഊരിലെ കൂട്ടം ചേർന്നുള്ള ജീവിതം അലസതയും ദാരിദ്ര്യവും വർദ്ധിപ്പിക്കുവെന്ന് മനസ്സിലാക്കുന്നവർ വീടുണ്ടാക്കി സ്വന്തം ഭൂമിയിലേക്ക് മാറിത്താമസിക്കാനും തുടങ്ങിയിട്ടുണ്ട്. അങ്ങനെ കുടിയേറ്റം അട്ടപ്പാടിയുടെ മുഖഛായ മാറ്റുമ്പോൾ ആദിവാസികളും കാലത്തിനൊത്ത് മാറിക്കൊണ്ട് മുഖം രക്ഷിക്കാൻ ശ്രമിക്കുകയാണ്.






# ബംഗ്ലാദേശ് കോളനിയിൽ യുവ കേരളം നാലുകാലിലാടുന്നു.

ജാഫർ
രണ്ടാം വർഷ സോഷ്യോളജി.

**"മുതിർന്നവരെ** പോലെ തങ്ങളെതന്നെ വഞ്ചിക്കേണ്ട ആവശ്യം കുട്ടികൾക്കില്ല"-ഗോയ്ഥെ

എന്നിട്ടെന്തേ പരമ വിശുദ്ധരും മഞ്ഞലപോലെ, മഴത്തുള്ളിപോലെ നിർമലരുമായ കുട്ടികൾ ഇങ്ങനെ?

ആഗോളീകരണത്തിന്റെയും കമ്പോളവത്കരണത്തിന്റേയും സ്വാധീനം വളരെ സുവ്യക്തമായി അടയാളപ്പെടുത്തിയിരിക്കുന്നത് കൗമാരപ്രായക്കാരിലാണെന്നു തോന്നുന്നു. സർവ്വവിധ സൗകര്യങ്ങളും സാഹചര്യങ്ങളും കൂടി സ്വതന്ത്രനും ചിന്താതീതനുമായ യുവാവിനെ നയിക്കുന്നത് ഏതേതു വഴികളിലൂടെയാണ്?

മിഠായികൾ, പുകയില, മദ്യം, മയക്കുമരുന്നുകൾ...എല്ലാം ഒരു തരം ലഹരിയായി അവനിൽ പടർന്നു പിടിക്കുന്നു. ഗ്രാമമെന്നോ പട്ടണമെന്നോ ഉള്ള യാതൊരതിർവരമ്പുകളുമില്ലാതെ യുവാക്കൾ ലഹരി പദാർത്ഥങ്ങൾക്കടിമപ്പെട്ടുകൊണ്ടിരിക്കുന്നു. രക്ഷിതാക്കൾ, മുതിർന്നവർ, അദ്ധ്യാപകർ, ഭരണകർത്താക്കൾ തുടങ്ങി ആരെയും കൂസാതെ പെട്ടിക്കടക്കാർ ആകർഷകങ്ങളായ വർണ്ണ കടലാസുകളിൽ ലഹരി നുള്ളിപ്പൊതിഞ്ഞു നൽകുമ്പോൾ മയങ്ങിവീഴുന്നത് നാളെ പുത്തൻ രാഷ്ട്രം കെട്ടിപ്പടുക്കേണ്ട കുരുന്നിന്റെ ഇളം മനസാണ്. മയക്കുമരുന്നടങ്ങിയ മധുര മിഠായികൾ ചൂണ്ടയിൽ കുരുക്കി മയക്കുമരുന്നു മാഫിയകൾ ഇരയും കാത്തിരിക്കുന്നത് വിദ്യാലയ-കലാലയ പരിസരങ്ങളിലാണ്.

ചാനലുകളിലെ തന്റെ പ്രിയ ഹീറോവിനെപ്പോലെയാകാൻ വെമ്പുന്ന കൗമാര മനസ്സ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നായകന്റെ ചുണ്ടുകൾക്കിടയിലുരുന്നു എരിയുന്ന സിഗരറ്റും കയ്യിലിരുന്നു പതയുന്ന നുരപൊന്തിയ മദ്യത്തിലുമായിരിക്കും. കഴിഞ്ഞ ദശകത്തിനിടയിൽ സാക്ഷര കേരളമെന്ന നമ്മുടെ കൊച്ചു സംസ്ഥാനത്തിൽ 70% കലാലയ വിദ്യാർത്ഥികളും 40% വിദ്യാലയ വിദ്യാർത്ഥികളും ഇന്നു ലഹരി പദാർത്ഥങ്ങൾക്കടിമകളാണ്. ഈ യുവ തലമുറയ്ക്ക് സത്പന്താവിലൂടെയുള്ള യാത്ര അന്യമാണോ? ഇവർ എങ്ങനെ ദുർഘടവും അപകടവും നിറഞ്ഞ ഈ മാർഗത്തിലെത്തിപ്പെട്ടു.

നമ്മുടെ സമൂഹത്തിലെ കുടുംബ വ്യവസ്ഥിതിയിൽ വന്ന മാറ്റമാണ് ഈ അപകടത്തിനു പ്രധാന ഹേതു. അണു കുടുംബത്തിന്റെ പോരായ്മ ഏറെയും പ്രതികൂലമായി ബാധിച്ചത് യുവതലമുറയെ തന്നെയാണ്. തന്നെ ശ്രദ്ധിക്കാനും തനിക്കു ശ്രദ്ധിക്കാനും കുടുംബത്തിലോ നാട്ടിലോ ആരുമില്ലെന്നു തോന്നുന്ന യുവജനം ഒരിറ്റു സ്നേഹത്തിനായി യാചിക്കുന്നു, കാണുന്നവരോടൊല്ലാം. ഇത് സമൂഹത്തിലെ ദുഷ്ടന്മാരുടെ കഴുകക്കണ്ണുകൾ ഒപ്പിയെടുത്ത് വേണ്ട വിധം കൈകാര്യം ചെയ്യുന്നു.

പിതാവിന്റെ മദ്യപാനം (ചിലപ്പോൾ കുടുംബത്തിന്റെ മൊത്തം) മാതാപിതാക്കൾ തമ്മിൽ നിസ്സാര കാര്യങ്ങളുടെ പേരിൽ എന്നുമുണ്ടാക്കുന്ന വഴക്ക്, വീട്ടിലെ കർശ്ശന സ്വഭാവം ഇതെല്ലാം കുട്ടികളെ വിഷാദ ചിത്തരാകുന്നു. ടെലിവിഷൻ ഇന്റർനെറ്റ് മുതലായ ആധുനിക സൗകര്യങ്ങളും ആവശ്യത്തിലധികം പണവും എന്തിനും ഏതിനുമുള്ള സാഹചര്യങ്ങളും അറിഞ്ഞോ അറിയാതെയോ ഒരുക്കിക്കൊടുക്കുന്ന രക്ഷിതാക്കൾ ലഹരിയുടെ ലോകത്തിലേക്കും കുത്ത

ഴിഞ്ഞ ജീവിതത്തിലേക്കും മക്കൾക്ക് പാതയൊരുക്കിക്കൊടുക്കുന്നു.

**ഭർത്താവ് കുടിച്ച മദ്യത്തിന്റെ ബ്രാൻഡ് നെയിമിന്റെ പേരിൽ പൊങ്ങച്ചം പറയുന്ന ആധുനിക സൊസൈറ്റി അമ്മമാരും മദ്യപിച്ച് ക്ലാസിലെത്തുകയും ക്ലാസിനിടക്ക് പുകവലിക്കാൻ പോകുന്ന അദ്ധ്യാപകരുമാണല്ലോ ഇന്ന് യുവജനങ്ങൾക്ക് മാതൃകയാവുന്നത്. പിന്നെയെങ്ങനെയാണ് കുട്ടികൾ നന്നാവുന്നത്?**

മാറിമാറിവരുന്ന സാമൂഹികാന്തരീക്ഷങ്ങൾ യുവതലമുറയെ ലഹരിയുടെ മായാലോകത്തേക്കെത്തിക്കുന്നു. വിവാഹാഘോഷങ്ങളും ബർത്ത് ഡേ പാർട്ടികളും പൊടിപൊടിക്കണമെങ്കിൽ മദ്യം തന്നെ വേണം എന്ന നിലയിലേക്കാണ് ഇന്ന് സമൂഹത്തിന്റെ പോക്ക്. കൂട്ടുകെട്ടിന്റെ നിർബന്ധം, മറ്റുള്ളവർക്കിടയിൽ ഹീറോ ചമയാനുള്ള വ്യഗ്രത, താനിതൊന്നുമുപയോഗിച്ചില്ലെങ്കിൽ മോശക്കാരനാവുമോ എന്ന ആശങ്ക ഇവയൊക്കെയാണ് ഇന്നത്തെ യുവത്വത്തെ മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും തള്ളിവിടുന്നത്. ക്യാൻസർ പോലെ പല മാരക രോഗങ്ങളും സമ്മാനിക്കാൻ കഴിവുള്ള ഈ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നവരേക്കാൾ അതിനെക്കൊണ്ടുള്ള ഉപദ്രവം ഉപയോഗിക്കുന്നവരോട് സഹവസിക്കുന്നവർക്കാണ്. മാഫിയാ സംഘങ്ങളുടെ ചെരുപ്പുനക്കികളായ ഭരണകൂടം മേൽപറഞ്ഞ സത്യാവസ്ഥകളറിഞ്ഞിട്ടും കണ്ണു മടച്ചിരിക്കുകയാണ്. സമൂഹത്തോട് സ്വന്തം മനസ്സാക്ഷിയോടെങ്കിലും കൂറു പുലർത്താൻ ഭരണ കർത്താക്കൾ തയ്യാറാകാത്ത പക്ഷം നാലുകാലിലാടുന്ന കേരളം ദൈവത്തിന്റെയല്ല ചെകുത്താന്റെ സ്വന്തം നാടായി മാറാൻ അധിക കാലം വേണ്ടിവരില്ല. സാമൂഹിക-രാഷ്ട്രീയ-വിദ്യാർത്ഥി സംഘടനകൾ യുവതലമുറകളെ രക്ഷിക്കാനും ബോധവത്ക്കരണം നടത്താനും മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

ലോകത്തിൽ മയക്കുമരുന്ന് ഉപയോഗിക്കുന്നവരിൽ 22% പേരും 20-30 നിടയക്ക് പ്രായമുള്ളവരാണെന്നും കേരളത്തിലെ കുറ്റവാളികളിൽ 40% പേരും പാൻമസാല കഴിക്കുന്നവരാണെന്നുമുള്ള അറിവ് ഞെട്ടിക്കുന്നതാണ്. ഈ ഞെട്ടൽ ഇടയ്ക്കിടെ സമൂഹത്തിൽ ലഹരിക്കെതിരെ വൻ പ്രതിഷേധത്തിനു കാരണമാവുമ്പോൾ തൽക്കാലം ചാരായം നിരോധിച്ച് സർക്കാർ തടിതപ്പുന്നു.

ഏതാനും ചാരായഷാപ്പുകൾ പിക്കറ്റു ചെയ്താൽ ഒരു പക്ഷേ മന്ത്രിയാവാൻ കഴിഞ്ഞേക്കാം. എന്നാൽ സമൂഹത്തെ ഈ ദുരന്തത്തിൽ നിന്നും മോചിപ്പിക്കാൻ ഈ വക കോപ്രായങ്ങൾക്കോ മദ്യവിരുദ്ധ റാലികൾക്കോ സാധ്യമല്ലതന്നെ. മയക്കത്തിലേക്ക് വീണുകൊണ്ടിരിക്കുന്ന പുതു തലമുറയ്ക്ക് വെളിച്ചം നൽകേണ്ടത് കെട്ടുറപ്പുള്ള ഒരു സമൂഹത്തിന്റെ രൂപീകരണത്തിന് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ് അവർക്ക് ഉണർവും ഉത്സാഹവും നൽകി ജീവിതത്തിലേക്ക്, സ്വപ്നസാക്ഷാത്കാരത്തിലേക്ക് തിരിച്ചു കൊണ്ടുവരേണ്ടത് നമ്മളോരുത്തരുടേയും കടമയുമാണ്. അതിനായി നമുക്കൊന്നിച്ച് പ്രവർത്തിക്കാം.

# സുനാമി: ഈ കണ്ണുകൾ കഥ പറയും



ഫാരിസ്
രണ്ടാം വർഷ ഫിസിക്സ്

**ഇവൾ** ആർ. ഗുണവതി! ഈ നൂറ്റാണ്ടിന്റെ ഒരു വലിയ ദുരന്തത്തിനു സാക്ഷിയായവൾ. അലറിവിളിച്ച കടൽ കവർന്നെടുത്ത കൂട്ടത്തിൽ അവളുടെ സ്വപ്നങ്ങളുമുണ്ടായിരുന്നു. ഉറ്റവരേയും കൊണ്ട് രാക്ഷസത്തിരകൾ മടങ്ങിയപ്പോൾ അവളും ഈ മണ്ണിൽ തനിച്ചായി, മറ്റായിരങ്ങളെപ്പോലെ. കരഞ്ഞുകലങ്ങിയ കണ്ണുകളുമായി ശാന്തമായ കടലിനെ നോക്കി അവളിരിക്കുന്നു. 'എന്നെക്കൂടി എന്തുകൊണ്ട് കൊണ്ടുപോയില്ല?' എന്ന പരിഭവത്തോടെ.അവളുടെ കാതുകളിൽ അപ്പോഴും മുഴങ്ങിക്കേൾക്കുന്നുണ്ടായിരുന്നു, കടലിന്റെ അലർച്ചയും കരയുടെ നിലവിളിയും! അവളുടെ മനസിൽ അപ്പോഴും തെളിയുന്നുണ്ടായിരുന്നു, കടലമ്മയുടെ രൗദ്രഭാവവും കടലിലെ മുക്കുവരുടെ ദീനഭാവവും!! എന്താണ് സംഭവിച്ചത് എന്നുപോലും ഓർത്തെടുക്കാനാവാത്ത ആ നിമിഷങ്ങൾ മനസ്സിൽ നിന്നും പറിച്ചെടുക്കാനാവാത്ത മുള്ളുകളായി. പക്ഷേ അവളുടെ കലങ്ങിയ കണ്ണുകളിൽ നിന്നും ആ കഥ വ്യക്തമായി വായിച്ചെടുക്കാമായിരുന്നു.

പച്ചയായ മനുഷ്യൻ ജീവിക്കുന്ന കടലോര ഗ്രാമങ്ങൾ. അവിടെ നിന്നായിരുന്നു കഥയുടെ തുടക്കം. ഭയം കൊണ്ട് ചുവന്ന അവളുടെ ഇളം കണ്ണുകൾ കൂട്ടിയിട്ട ശവക്കൂമ്പാരങ്ങൾക്കിടയിൽ തന്റെ പ്രിയപ്പെട്ടവരെ തിരയുകയായിരുന്നു. എത്ര തിരഞ്ഞിട്ടും കാണാതായപ്പോൾ തന്റെ സ്വപ്നങ്ങളെ തല്ലിക്കെടുത്തിയ കടലിനോടവൾ ചോദിച്ചു. "എന്തിനു നീ എന്നെ മാത്രം അവശേഷിപ്പിച്ചു? എന്നോടീ ക്രൂരത കാട്ടാൻ മാത്രം ഞാനെന്തു പിഴച്ചു?"

ഇല്ല, അവൾ തെറ്റൊന്നും ചെയ്തിട്ടില്ല. എല്ലാം മനുഷ്യൻ പ്രകൃതിയോടു കാട്ടിയ നീതികേടിന്റെ പ്രതിഫലനമായിരുന്നു. എന്നാൽ അതിനെല്ലാം വൻ വിലകൊടുക്കേണ്ടിവന്നത് നിരപരാധികളായ കടലിന്റെ മക്കളും. ജീവനും സ്വത്തിനും ഏറെയും നാശനഷ്ടങ്ങൾ സംഭവിച്ചത് അവർക്കായിരുന്നു വല്ലോ?

അന്നൊരു ഞായറാഴ്ചയായിരുന്നു. അസാധാരണമായി ഒന്നുമില്ലാത്ത ഒരു പ്രഭാതം. കടൽക്കര എന്നത്തേയും പോലെ സജീവം. മത്സ്യത്തൊഴിലാളികൾക്കും തീരവാസികൾക്കും തികച്ചും സാധാരണമായ ഒരു പകൽ. സുന്ദരമായ കടൽത്തീരത്ത് സഞ്ചാരികളുടെ തിരക്കു തുടങ്ങുന്നതേയുള്ളൂ. പെട്ടെന്ന് കടലിന്റെ ഭാവം മാറാൻ തുടങ്ങി. ജലനിരപ്പുയർന്ന് വെള്ളം കരയിലേക്ക് ശക്തിയായി ഇരച്ചു കയറി. നാശനഷ്ടങ്ങളുണ്ടാക്കി എന്നല്ലാതെ ആളപായമൊന്നും ഉണ്ടായില്ല. പിന്നീട് കണ്ടത് കടലിന്റെ ഉഗ്രൻ താണ്ഡവമായിരുന്നു. ഇരുനിലകെട്ടിടത്തിന്റെ ഉയരത്തിൽ ആർത്തിരമ്പി വന്ന തിരമാലകൾ തീരത്തെ മുഴുവൻ വിഴുങ്ങി ലക്ഷക്കണക്കിനാളുകളുടെ ജീവനും കവർന്നെടുത്ത് അകന്നപ്പോൾ അവശേഷിച്ചത് ഓർക്കാൻ ഇഷ്ടപ്പെടാത്ത കുറെ ദുരന്തചിത്രങ്ങൾ മത്രം.

കുടിലിൽ ഉറങ്ങിക്കിടന്നവർ, കടലിൽ മീൻ പിടിക്കാൻ പോയവർ, കടൽ തീരത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടികൾ, കാറ്റുകൊള്ളാനെത്തിയ സഞ്ചാരികൾ ഉള്ളറിഞ്ഞൊന്ന് നിലവിളിക്കാൻ കഴിയുന്നതിനുമുമ്പേ ഇവർ ഇവിടെ നിന്നും തുടച്ചുനീക്കപ്പെട്ടു. കടലോരം ശവപ്പറമ്പായി മാറാൻ ഏറെ താമസ

മുണ്ടായില്ല. അകലെ ചിതറിക്കിടക്കുന്ന മൃതദേഹങ്ങൾക്കിടയിൽ നിന്നും ശബ്ദമുയർന്നു: "എന്റെ മകൾ മരിച്ചിട്ടില്ല, അവളെ എടുക്കാൻ ഞാൻ സമ്മതിക്കില്ല'' അപ്പോഴും നടന്നതെന്തെന്ന് വിശ്വസിക്കാനാവാത്ത ഒരമ്മയുടെ നിലവിളിയായിരുന്നു അത്. നിമിഷങ്ങൾക്കു മുമ്പ് മരണം കവർന്നെടുത്ത തന്റെ പിഞ്ചു മക്കളുടെ കൈപിടിച്ച് പൊട്ടിക്കരയുന്ന അങ്ങനെ എത്രയെത്ര അമ്മമാർ! അനാഥത്വത്തിലേക്ക് വലിച്ചെറിയപ്പെട്ട എത്രയെത്രെ കുട്ടികൾ, എല്ലാം നഷ്ടപ്പെട്ട് കുന്നുകൂടികിടക്കുന്ന ശവശരീരങ്ങൾക്കിടയിൽ ഒറ്റപ്പെട്ടുപോയ ജീവിതങ്ങൾ. പരിക്കുകളോട് മല്ലിട്ട് ഒരുനേരത്തെ ഭക്ഷണത്തിനുവേണ്ടി ഉഴറുന്ന... അങ്ങനെ എത്രയെത്ര പേർ, തകർന്നടിഞ്ഞ തന്റെ വീടുകൾക്കുമുമ്പിൽ, ഇനിയെന്തെന്ന ചോദ്യവുമായി നിൽക്കുന്നു.

സുനാമി പ്രകൃതിയുടെ നിലവിളിയായിരുന്നു. മനുഷ്യൻ കാണിച്ച നീതികേടിനും നന്ദികേടിനും മുന്നിൽ അലറിക്കരയാതിരിക്കാൻ പ്രകൃതിയെക്കൊണ്ടായില്ല. പരിസ്ഥിതിയോട് കാണിച്ച അനീതിക്കു വിലങ്ങായി ലക്ഷക്കണക്കിനു നിരപരാധികളുടെ ജീവനും സ്വത്തും കട്ടെടുക്കപ്പെട്ടു. എല്ലാം നേരിടുകയല്ലാതെ മനുഷ്യർക്കു മുന്നിൽ വേറെ വഴികളില്ലായിരുന്നു.

സ്വന്തം ശക്തി തെളിയിച്ചുകൊണ്ട് പ്രകൃതി താണ്ഡവമാടിയപ്പോൾ ഒരിക്കൽകൂടി മനുഷ്യനും അവന്റെ ശാസ്ത്രവും ഒന്നുമല്ലാതായി. പ്രകൃതി അമ്മയെങ്കിൽ അവളുടെ മാറിൽ മക്കൾ ചിന്തിയ രക്തക്കറകൾ അവൾ തന്നെ കഴുകി വൃത്തിയാക്കിയതാവാം, സുനാമിയിലൂടെ. അവിടെ മനുഷ്യൻ മരണത്തിനു മുന്നിൽ നിസ്സഹായരായി. പകരം വെയ്ക്കാൻ മറ്റൊന്നും ഉണ്ടായിരുന്നില്ല. മനുഷ്യന്റെ അഹങ്കാരത്തിനു മീതെ പ്രകൃതിതന്നെ കലിതുള്ളി വിറച്ചാൽ പിന്നെ അവനാരോട് മത്സരിക്കും. അവനാരോടും മത്സരിക്കേണ്ടിവന്നില്ല. ജീവിതത്തിനും മരണത്തിനും ഇടയ്ക്കുള്ള വിടവ് എത്രയോ നേർത്തതാണെന്ന് സുനാമി ദുരന്തം അവനു കാണിച്ചുകൊടുത്തു. കര മുഴുവൻ ശവങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അവയ്ക്കിടയിൽ തന്റെ ബന്ധുക്കളുണ്ടോ എന്നു തിരയുന്നവരുടെ ഹൃദയമിടിപ്പുകൾ ഉയർന്നുകൊണ്ടിരുന്നു. ശവശരീരങ്ങളെങ്കിലും കണ്ടെത്താൻ കഴിഞ്ഞിരുന്നെങ്കിൽ തന്റെ കാത്തിരിപ്പിനെങ്കിലും അവസാനമായേനേ എന്ന പ്രത്യാശയോടെ.

ഒടുവിൽ പാവപ്പെട്ടവനും പണക്കാരനും ഒരേ ചിതയിൽ. പ്രകൃതി ദുരന്തങ്ങളൊന്നും അലട്ടാത്ത കാലാവസ്ഥയും ഭൂപ്രകൃതിയുമുള്ള ദൈവത്തിന്റെ സ്വന്തം നാട്ടിൽ ദൈവവും പ്രകൃതിയും ഒരുമിച്ച് തിരിച്ചടിക്കുമെന്ന് ആരും പ്രതീക്ഷിച്ചില്ല. പ്രകൃതിയെ വൻതോതിൽ ചൂഷണം ചെയ്തപ്പോൾ എല്ലാം കീഴടക്കാനുള്ള വെമ്പലിൽ ആരും അതൊന്നും അത്ര കാര്യമാക്കിയതുമില്ല. ഇന്തോനേഷ്യയിൽ രൂപം കൊണ്ട കടൽത്തിരകൾ നമ്മുടെ തീരങ്ങളിൽ അടിച്ചുകയറുമെന്ന് പ്രതീക്ഷിച്ചതുമില്ല. പ്രകൃതിയോട് കാണിച്ച ക്രൂരതക്ക് അവളും തിരിച്ചടിച്ചു അത്രതന്നെ.

ഈ കൂട്ടമരണത്തിന്റെ കാഴ്ച ജീവിച്ചിരിക്കുന്നവർക്കുള്ള താക്കീതായിരുന്നു. മനുഷ്യ രാശിയുടെ നിലനിൽപ്പിന്റെ തന്നെ മരണമണിയായി അതു മുഴങ്ങി.

മനുഷ്യന് ജീവിക്കാൻ യോഗ്യമല്ലാത്ത കാലം. ഇവിടെ ഭൂമിയുടെ നിലനിൽപ്പിനുതന്നെ പ്രസക്തിയില്ല. എല്ലാത്തിനും അന്ത്യം കുറിക്കുന്ന ആ ദിവസവും വിദൂരത്തല്ല. ഇത് ഓർമ്മപ്പെടുത്താൻ ഇനിയും സുനാമികൾ വരുമോ? ജീവിച്ചിരിക്കുന്നവരുടെ മനസ്സിലവശേഷിച്ചത് ആ ചോദ്യം മാത്രമായിരുന്നു.

മുറിവുകളുണ്ടാക്കുന്നതും മായ്ക്കുന്നതും കാലം തന്നെ. ആ കാല പ്രവാഹത്തിനു മുന്നിൽ നിസ്സഹായരായി നിന്ന് നിലവിളിക്കാനല്ലാതെ മനുഷ്യർക്ക് എന്തിന് കഴിയും?

കണ്ണുകൾ എത്ര മുറുക്കിയടച്ചാലും മായാത്ത ചിത്രങ്ങൾ കാലം മായ്ക്കുമായിരിക്കും. എല്ലാം മറന്ന് ആ കടലോര ഗ്രാമങ്ങൾ ഇനിയും ജീവിതത്തിലേക്ക് മടങ്ങുമായിരിക്കും. കഴിഞ്ഞതെല്ലാം പ്രകൃതി കടൽക്കരയിൽ വരച്ചുവെച്ച കുസൃതികളായിട്ടും അവ കടൽ തന്നെ മായിക്കുമായിരിക്കും. നമുക്കാശ്വസിക്കാം. പക്ഷേ ഒരിക്കലും മടങ്ങി വരാത്തവർക്കുവേണ്ടിയുള്ള കാത്തിരിപ്പുകൾ അവസാനിക്കുമോ?

വീണ്ടും ഗുണവതിയിലേക്കു തന്നെ തിരിക്കാം. അവളുടെ കണ്ണുകളും ആ ശവക്കൂമ്പാരങ്ങളിൽ നിന്നും പിൻവലിഞ്ഞു തുടങ്ങിയിരിക്കുന്നു. അവളിനി ആരെ കാത്തിരിക്കാൻ? കാലം അവളോടായ് പറഞ്ഞു:

"കണ്ണേ മടങ്ങുക"

അതെ, മരണത്തിന്റെ തണുപ്പിൽ നിന്ന് ജീവിതത്തിന്റെ ചൂടിലേക്ക്. വീണ്ടും തണുത്ത മരണത്തെ സന്തോഷത്തോടെ സ്വീകരിക്കാൻ.







# ഇഷ്ട നടന്

## സ്വന്തം പ്രേക്ഷകൻ

റിഫാത്ത് റഹ്മാൻ
രണ്ടാംവർഷ ബി.കോം.

സർ,

ഈ ലോകത്തിൽ അങ്ങേക്കുമാത്രം സുഖമായിരിക്കുമെന്നു വിശ്വസിക്കുന്നു. മുമ്പ് അയച്ച എന്റെ എഴുത്ത് കൈപറ്റിയോ എന്നറിയില്ല. ഇതും അങ്ങ് വായിക്കുമെന്നും എനിക്ക് ഉറപ്പില്ല.

ചിരിച്ചും ചിന്തിപ്പിച്ചും കരഞ്ഞും കരയിപ്പിച്ചും അങ്ങ് അഭിനയിച്ച മുൻകാല സിനിമകളാണ് അങ്ങയെ എന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കാൻ കാരണമായത്. കുറച്ചു വർഷങ്ങൾക്കു മുമ്പ് അങ്ങ് അവതരിപ്പിച്ച ഓരോ കഥാപാത്രങ്ങളും ഞാനാണെന്നു ഞാൻ അറിയാതെയങ്ങു വിശ്വസിച്ചു. ചിലത് ഞാനല്ലെങ്കിലും എനിക്ക് ചുറ്റുമുള്ള എന്നോട് ബന്ധപ്പെട്ട ചിലരാണ് എന്നു തോന്നിച്ചു. അങ്ങനെ എന്റെ ജീവിതം കാണാൻ എന്റെ കഥയറിയാൻ , എന്നെത്തന്നെ കാണാൻ കൊതിച്ച് ഞാൻ അങ്ങയുടെ ഓരോ സിനിമകളും പുറത്തിറങ്ങുന്ന അന്നുതന്നെ എല്ലാം സഹിച്ച്, എന്തും ത്യജിച്ച് കാണാൻ തുടങ്ങി.

അഭ്രപാളിയിൽ അങ്ങുചിരിക്കുമ്പോൾ ഞാൻ കൈകൊട്ടിച്ചിരിക്കും. അങ്ങു വിതുമ്പോൾ ഞാൻ പൊട്ടിക്കരയും; അങ്ങ് ഓങ്ങുമ്പോഴേക്കും ഞാൻ അടിച്ചു കഴിഞ്ഞിരിക്കും. അങ്ങനെയങ്ങനെ എനിക്ക് അങ്ങ് ഏറെ പ്രിയപ്പെട്ടവനായി, അങ്ങയെപ്പോലെയാകാൻ ഞാൻ കൊതിച്ചു.

എന്നെ അങ്ങേക്ക് അറിയുകയേയില്ല എന്നു എനിക്കറിയാം. എന്നാലും അതൊന്നും എനിക്ക് അങ്ങയോടുള്ള ആരാധനയ്ക്ക് വിലങ്ങു തടിയായതേയില്ല. അങ്ങനെയാണ് ഞാൻ അങ്ങയുടെ ജീവിതത്തിലെ ഓരോ നിമിഷവും ഓരോചലനവും ശ്രദ്ധിക്കാൻ തുടങ്ങിയത്. അങ്ങ് വീട്ടിലിരുന്നു തുമ്മിയാൽ അത് അനുനിമിഷം എങ്ങനെയെങ്കിലും എന്റെ കാതിലെത്തും. മറ്റു ആരാധകരെപോലെ നിങ്ങൾക്ക് ഞാൻ ശല്യമാകരുതേ എന്നെനിക്കു നിർബന്ധമാണ്.

സാർ, പക്ഷെ ഈയിടെ താങ്കൾ ആകെ മാറിയിരിക്കുന്നു. ഒരേ തരത്തിലുള്ള കഥാപാത്രങ്ങൾ, ഒരേ വിധത്തിലുള്ള വേഷങ്ങൾ, ഒരേ രീതിയിലുള്ള സംഭാഷണങ്ങൾ. താങ്കൾ മാറുകയായിരുന്നു. അല്ല- ആരെല്ലാമോ താങ്കളെ മാറ്റുകയായിരുന്നു. അതറിഞ്ഞിട്ടും സാറ് എന്തിനു അറിയാത്ത പോലെ കഴിഞ്ഞു. അതെ, സാർ താങ്കൾ എന്നെ പോലെയുള്ളവരെ പറ്റിക്കുകയായിരുന്നു!

അങ്ങയുടെ തനിസ്വരൂപം ഈയിടെയാണ് ഞാൻ ശരിക്കും കണ്ടത്. സിനിമയിൽ നായകനായ അങ്ങ് ജീവിതത്തിൽ അപരർക്ക് പ്രതിനായകനാണെന്നു ഞാൻ വിശ്വസിക്കാനാവാതെ മനസ്സിലാക്കിയെടുത്തു. അഫ്ഗാനിലെ പൈതലുകൾ ആഗോളഭീമൻമാരുടെ തോക്കിൻകുഴലിനു മുന്നിൽ പിടഞ്ഞുവീഴുമ്പോൾ അങ്ങേയ്ക്ക് എങ്ങനെയാണ് അവരുടെ കോളകൾ പോലുള്ള പാനീയങ്ങളുടെ അംബാസഡറാകാൻ കഴിയുന്നത്? വിപ്ലവം പ്രസംഗിക്കുന്ന ചാനലിന്റെ തലപ്പത്തിരുന്നിട്ടും അങ്ങെന്താണ് അമേരിക്കൻ നരഹത്യക്കെതിരെ വായടച്ചിരിക്കുന്നത്?

സിനിമയിൽ നിരാലംബരായ പെൺകുട്ടികളുടെ കാവലും, കണ്ണീരൊപ്പുന്ന തൂവാലയുമായ അങ്ങ് ഇതിനകം എത്ര പെൺവാണിഭ കേസുകളിൽ കോടതി കയറിയിറങ്ങി?

പച്ചമനുഷ്യന്റെ കഥകൾക്ക് പകരം ദൈവാവതാരങ്ങളുടെ മൂർത്തീരൂപമായി മാറി അങ്ങ് തിമിർത്താടുമ്പോൾ അങ്ങയുടെ കാര്യമോർത്ത് ദൈവത്തെ വിളിച്ച് കരയാൻ പോലും ഞങ്ങൾക്ക് കഴിയുന്നില്ല.

വെള്ളിത്തിരയിൽ തോക്കുമെടുത്ത് ക്രൂരരായ അധികാരവർഗ്ഗത്തോട് പോരടിക്കുന്ന അങ്ങ് ഇലക്ഷൻ ആയാൽ അത്തരം അധികാരികൾ വെച്ചു നീട്ടുന്ന എല്ലിൻ കഷ്ണത്തിന് വേണ്ടി നട്ടെല്ല് വളക്കുന്നത് കണ്ട് ഞങ്ങൾ അമ്പരക്കുന്നു.


അതെ, ഞങ്ങൾ ആരാധകർ വഞ്ചിക്കപ്പെടുകയായിരുന്നു. ഇനിയെങ്കിലും സാർ ആ പഴയ കഥാപാത്രങ്ങളെപോലെ ജനമനസ്സുകളിൽ കുടിയിരുത്തപ്പെടുന്ന തരത്തിലുള്ളവ മാത്രം സ്വീകരിക്കുക. ജീവിതത്തിലും അങ്ങ് അഭിനയം തുടരാതിരിക്കുക. മനുഷ്യപ്പറ്റുള്ള വ്യക്തിയാവുക. ഞങ്ങളുടെ പ്രതീക്ഷയും ആവേശവുമാക്കുക.

ഇല്ലെങ്കിൽ നോട്ടുമാലിയിട്ട കൈകൊണ്ട് തന്നെ അങ്ങേയ്ക്ക് ചെരുപ്പുമാല ചാർത്തേണ്ടി വരും. ഞാൻ എന്തെങ്കിലും അവിവേകമായി എഴുതിയെങ്കിൽ സാർ ക്ഷമിക്കുക. എല്ലാം ഒരു പാവം ആരാധകന്റെ മാനസികവിഷമം കൊണ്ടാണെന്നു കരുതുക. കരിയറിൽ ഇനിയും ഒരുപാട് വിജയങ്ങൾ ആശംസിച്ച്

-സ്വന്തം പ്രേക്ഷകൻ

ആഘോഷവൽക്കരിക്കപ്പെടുന്ന കച്ചവടം

# കച്ചവടവൽക്കരിക്കപ്പെടുന്ന ആഘോഷങ്ങൾ



**സിറാജുദ്ദീൻ**
ഒന്നാം വർഷ ബി.കോം.

**ആ** അമ്മ തനിച്ചാണ്.... ഭർത്താവ് മരിച്ചിട്ട് രണ്ടുവർഷമായി. ഒരാൺകുട്ടി മാത്രമുള്ളത് ഭാര്യക്കും കുട്ടികൾക്കുമൊപ്പം തിരക്കുപിടിച്ച ഏതോ നഗരത്തിൽ താമസിക്കുന്നു. അവർ തമ്മിൽ കണ്ടിട്ട് മാസങ്ങളായി..... ഒരു ദിവസം അമ്മക്കൊരുഫോൺ "അമ്മേ, മോനാണ്. ഈവരുന്ന ഓണത്തിന് അമ്മക്കൊപ്പം ഈ മകനുമുണ്ടാവും." സന്തോഷത്തിന്റെ കണ്ണുനീർ തുടക്കുന്ന ആ അമ്മ.... കുറച്ച് കാലം മുമ്പ്വരെ ആഘോഷങ്ങൾക്കുണ്ടായിരുന്ന പ്രധാന്യത്തിന്റെ പ്രതീകമാണ് പക്ഷേ ഇന്നോ?

ആഘോഷങ്ങളെന്നുള്ളത് ഓരോ വിഭാഗത്തിന്റെയും സംസ്കാരമായിരുന്നു, അവരുടെ സമൃദ്ധി തെളിയിക്കുന്ന ചിഹ്നങ്ങളായിരുന്നു, സാഹോദര്യത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകങ്ങളായിരുന്നു, ഒരു ജനതയുടെ തന്നെ അടയാളമായിരുന്നു. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നുള്ള പഴഞ്ചൊല്ല് പോലും ഓണമെന്നുള്ള ആഘോഷത്തിന്റെ ആശയമായിരുന്നു. ദൂരെ ദിക്കുകളിലുള്ള കുടുംബങ്ങളുമായും സുഹൃത്തുക്കളുമായുമുള്ള ബന്ധങ്ങൾ പുതുക്കപ്പെടുന്ന,  കലഹം മൂലം തെറ്റി നിൽകുന്നവരെ അടുപ്പിക്കുന്നതുമായിരുന്നു ആഘോഷദിവസങ്ങൾ. പക്ഷെ ഇന്നത്തെ ആഘോഷങ്ങളുടെ അവസ്ഥയോ?

എന്തും, ഏതും കച്ചവടവൽക്കരിക്കപ്പെടുന്ന ഈ കാലത്ത് ആഘോഷങ്ങളും കച്ചവടവൽക്കരിക്കപ്പെടുകയാണ്. വാങ്ങാനും വിൽക്കാനും കഴിയുന്ന ഈ ലോകത്ത് ആഘോഷങ്ങളുടെ അവസ്ഥയിലും കാര്യമായ മാറ്റമൊന്നുമില്ല. ആഘോഷം തുടങ്ങുന്നതു മുതൽ അതവസാനിക്കുന്നത്വരെയുള്ള സമയങ്ങൾ ഇന്ന് ലാഭനഷ്ടങ്ങളുടെ കണക്കുകൊണ്ടുള്ള



പണ്ട് കാലങ്ങളിൽ ഓണവസ്ത്രങ്ങൾ എന്ന് പറഞ്ഞാൽ കസവ് മുണ്ടും നേര്യതും ജുബ്ബയുമൊക്കെയായിരുന്നുവെങ്കിൽ ഇന്നത് ഇറുകിയ ജീൻസും ബനിയനുമൊക്കെയായി മാറിയിരിക്കുന്നു.

കളിയാണ്. ഇന്നത്തെ സമൂഹത്തിന്റെ കച്ചവടക്കണ്ണുകൾ ആഘോഷത്തെ സാമ്രാജ്യത്വ ശക്തികൾക്കും ആഗോളവൽക്കരണത്തിന്റെ വക്താക്കൾക്കും തീറെഴുതി കൊടുത്തിരിക്കുന്നു. ആഘോഷങ്ങൾ വാണിജ്യവൽക്കരിക്കപ്പെടുന്നു. നമ്മുടെ പൈതൃകവും സംസ്കാരവും ഉൾക്കൊള്ളുന്ന ആഘോഷങ്ങൾ ഇന്ന് നിയന്ത്രിക്കുന്നത് കുത്തകമുതലാളിമാരും മാഫിയാ സംഘങ്ങളുമാണ്. ആഘോഷങ്ങളുടെ ലാഭവിഹിതം പറ്റുന്നവർ, തങ്ങളുടെ ലാഭം വർദ്ധിക്കുവാൻ വേണ്ട കൈകടത്തലുകൾ ആഘോഷങ്ങളിൽ തിരുകിക്കയറ്റുന്നു. ആഘോഷങ്ങളെന്നുള്ളത് മുതലാളിമാരുടെ ലാഭവർദ്ധനവിന്റെ 'ആഘോഷങ്ങളായി' മാറിക്കൊണ്ടിരിക്കുന്ന ദു:ഖകരമായ കാഴ്ചയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്.

ആഘോഷങ്ങളുടെ ലാഭവിഹിതം പറ്റുന്നവരിൽ പ്രധാനമായും മുൻനിരയിലുള്ളവർ വസ്ത്ര വ്യാപാരികളാണ്. ആഘോഷദിനങ്ങളോടനുബന്ധിച്ച് അവർ തയ്യാറാകുന്ന പ്രത്യേക പരസ്യങ്ങളും സമ്മാനകൂപ്പണുകളും കണ്ട് മയങ്ങുന്ന ഇന്നത്തെ യുവതിയുവാക്കൾ പലപ്പോഴും തലമറന്ന് എണ്ണ തേക്കുന്നതിന്റെ ഫലമായി കടങ്ങളിൽ പെടാൻ ഉതകുന്ന തരത്തിൽ വസ്ത്രങ്ങൾ വാങ്ങിക്കൂട്ടുന്നു. ഏറ്റവും പുതിയ ഫാഷനുകൾ ഇറങ്ങുന്നതും, വിലകളിൽ മാറ്റമുണ്ടാകുന്നതും ഇത്തരം ആഘോഷങ്ങളുടെ മറവിലാണ്. ഏതെങ്കിലുമൊരു ആഘോഷം കഴിയുമ്പോഴേക്കും, ആ ഒരു വർഷം സമ്പാദിച്ചതിൽ കൂടുതൽ കച്ചവടം വരെ ഇവർക്ക് ലഭിക്കുന്നു. പണ്ട് കാലങ്ങളിൽ ഓണവസ്ത്രങ്ങൾ എന്ന് പറഞ്ഞാൽ കസവ് മുണ്ടും നേര്യതും ജുബ്ബയുമൊക്കെയായിരുന്നുവെങ്കിൽ ഇന്നത് ഇറുകിയ ജീൻസും ബനിയനുമൊക്കെയായി മാറിയിരിക്കുന്നു. വെള്ളമുണ്ടും കുപ്പായവും തൊപ്പിയും 'തസ്ബീഹ്' മാലകളും നമസ്കാരകുപ്പായവും, എന്തിനേറെ പരിശുദ്ധമായ ഖുർആൻ പോലും മുസ്ലിംകൾക്കിടയിൽ കച്ചവടവൽക്കരിക്കപ്പെടാൻ ഏറ്റവും നല്ല സമയം അവരുടെ പെരുന്നാളും നോമ്പുമാണെന്ന് വിപണിയുടെ ലോകം തിരിച്ചറിഞ്ഞിരിക്കുന്നു.

'ഒരു ടെലിവിഷനെടുത്താൽ ഒരു വി.സി.ഡി സൗജന്യം' എന്ന് തുടങ്ങിയ മോഹനവാഗ്ദാനങ്ങളിലൂടെ ആഘോഷ സമയങ്ങളിൽ കടന്ന് വരുന്ന മറ്റൊരു വിഭാഗമാണ് ടെലിവിഷൻ, ചാനൽ മുതലാളിമാർ. ആഘോഷങ്ങളോടനുബന്ധിച്ച് പ്രത്യേക പരിപാടികളും സിനിമകളും അവതരിപ്പിക്കാൻ ചാനലുകാർ മത്സരിക്കുമ്പോൾ, പരിപാടിയേക്കാൾ കൂടുതൽ സമയം പരസ്യങ്ങളാൽ കുത്തിനിറക്കാൻ പരസ്പരം പോരാടുമ്പോൾ, അത് കണ്ടുകൊണ്ടിരിക്കുന്ന കുടുംബങ്ങളിൽ അന്യമാകുന്നത് അവർ തമ്മിലുള്ള സ്നേഹപ്രകടനത്തിന്റെ, ദു:ഖങ്ങൾ പങ്കുവെക്കപ്പെടുന്നതിന്റെ വിലപ്പെട്ട സമയമാണ്. വിഷു ദിവസങ്ങളിൽ കണികാണാൻ ദേവന്മാരുടെയും ദേവികളുയും വിഗ്രഹങ്ങൾ ഉപയോഗിച്ചിരുന്ന കാലത്ത് നിന്നും, ടെലവിഷനിലൂടെ കണികണ്ടുണരുന്ന കാഴ്ചയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത് .

നമ്മുടെ കലകളും, സാഹിത്യങ്ങളുംവരെ ആഘോഷങ്ങളുടെ മറവിൽ കച്ചവടവൽക്കരിക്കപ്പെടുന്നു. ഇതിന്റെ മറവിൽ തന്നെ സിനിമകളുടെ റിലീസിങ്ങും, സംഗീത കാസറ്റുകളുടെ വിപണനവും തകൃതിയായി നടക്കുന്നു. നമ്മുടെ കോടീശ്വരപത്രങ്ങൾ അവരവരുടെ വാർഷികപ്പതിപ്പുകളും സപ്ലിമെന്റുകളും പുറത്തിറക്കാൻ മത്സരിക്കുന്നതും ഈ ആഘോഷങ്ങൾ കച്ചവടവൽക്കരിക്കപ്പെടുന്നതിന്റെ ദുരവസ്ഥയെക്കുറിച്ചുള്ള സംസ്കാരികനായകന്മാരുടെ പ്രസ്താവനകളും കണ്ണുനീരും കൊണ്ട് നിറഞ്ഞിരിക്കും. പക്ഷെ ഈ കണ്ണുനീർ ആഘോഷ ദിവസങ്ങളിൽ മാത്രമായി കാണപ്പെടുന്നുവെന്നുള്ളതാണ് വസ്തുത. എല്ലാ ആഘോഷങ്ങൾക്കും, മാധ്യമങ്ങൾ ഫീച്ചറെന്ന പേരിലോ, ഓർമ്മക്കുറിപ്പുകളെന്ന പേരിലോ പ്രത്യേകമായ സ്ഥലങ്ങൾ അനുവദിക്കാറുണ്ട്. ഇങ്ങനെ ആഘോഷങ്ങൾ കച്ചവടവൽക്കരിക്കപ്പെടുന്നതിനെതിരെയുള്ള ശബ്ദങ്ങൾ പോലും കച്ചവടവൽക്കരിക്കപ്പെടുന്നു. ആഘോഷങ്ങൾ മനുഷ്യർക്ക് നൽകുന്ന ഏറ്റവും വലിയ ഒരു ദുരിതമാണ് ഇത്തരം ക്ഷുദ്ര സാഹിത്യങ്ങൾ.

ആഘോഷങ്ങളുടെ പേരിൽ നടക്കുന്ന മറ്റൊരു കച്ചവടമാണ് മദ്യവും മദിരാശിയും. യുവതീയുവാക്കൾക്കിടയിൽ ആഘോഷമെന്നുള്ളത് ഇവയിൽ കേന്ദ്രീകരിച്ചുള്ളതാണ്. ലോകത്തിലെ ഏത് സ്ഥലത്ത് നോക്കിയാലും, മദ്യവും, മയക്കുമരുന്നുകളും പാൻ മസാലകളും ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്നത് ഇത്തരം ആഘോഷദിവസങ്ങളിലാണ്. മാംസക്കച്ചവടത്തിന്റെ കാര്യവും ഭിന്നമല്ല. സ്ത്രീകളും പുരുഷന്മാരും ആഘോഷദിവസങ്ങളെന്നുള്ളത് എല്ലാ അതിർവരമ്പുകളും ലംഘിക്കാവുന്ന ഒരു ദിവസമായിട്ടാണ് കാണുന്നത്. അതുപോലെ തന്നെയാണ് ഗ്രീറ്റിംഗ് കാർഡുകളുടെ കാര്യവും. ഒരാണ്ടിലെ ഓരോ ദിവസവും ഓരോ ആഘോഷങ്ങളുടേയും പേരിൽ അച്ചടിച്ചിറക്കപ്പെടുന്നു.



**ഇന്ന് സാമ്രാജത്വശക്തികളുടെ ഫാസ്റ്റ് ഫുഡ് വിപ്ലവത്തിൽ എല്ലാ ആഘോഷങ്ങൾക്കും ഒരേ രുചിയും സ്വാദും പ്രധാനം ചെയ്യപ്പെട്ടിരിക്കുകയാണ്.**

മൊബൈൽ ഫോണുകളും ആഘോഷങ്ങളിൽ ഒരു അവിഭാജ്യഘടമായി മാറിയിരിക്കുന്നു. അതായത് പ്രത്യേക ഓഫറുകളുമായി മൊബൈൽ കമ്പനികൾ അരങ്ങുവാഴുമ്പോൾ തൊട്ടടുത്ത നിമിഷംപോലും ആഘോഷപൂർണ്ണമാക്കണമെന്നുണ്ടെങ്കിൽ പത്തു നമ്പറുകൾ അമർത്തിയാൽ മതി കിലോമീറ്ററുകൾ അപ്പുറമുള്ള സുഹൃത്തുക്കൾ ആഘോഷങ്ങൾക്ക് 'വേണ്ടതു'മായി നമുക്കടുത്തേക്കെത്തുന്നു. ആഘോഷ ദിവസങ്ങളിൽ ഭക്ഷണം വിളമ്പാൻപോലും വിപണന ചന്തകൾ തയ്യാറായി നിൽക്കുകയാണ്. ഓണാഘോഷങ്ങളിൽ പോലും നമുക്ക് കേരളീയ വിഭവങ്ങൾ വീട്ടിലുണ്ടാക്കാൻ സമയമില്ല. കടകളിൽ നിന്ന് പാക്കറ്റുകളായാണ് നാം അവ വാങ്ങിക്കുന്നത്. നോമ്പുകാല വിഭവങ്ങൾ കച്ചവടത്തിനായി ഒരുക്കിവച്ചിരിക്കുന്ന കാഴ്ച കുഗ്രാമങ്ങൾക്ക് അന്യമല്ല. ഒരു വിഭാഗത്തിന്റേയോ, ഒരു പ്രദേശത്തിന്റേയോ തിരിച്ചറിയപ്പെടുന്ന പ്രതീകങ്ങളായിരുന്നു ആഘോഷങ്ങൾ. ഇന്ന് സാമ്രാജത്വ ശക്തികളുടെ ഫാസ്റ്റ് ഫുഡ് വിപ്ലവത്തിൽ എല്ലാ ആഘോഷങ്ങൾക്കും ഒരേ രുചിയും സ്വാദും പ്രധാനം ചെയ്യപ്പെട്ടിരിക്കുകയാണ്. ആഘോഷങ്ങൾക്ക് ഹരം പകരുന്ന പടക്കങ്ങൾ നാം സ്വയം കുടിൽ വ്യവസായങ്ങളിലൂടെ നിർമ്മിക്കുകയായിരുന്ന പതിവ്. ഇന്നതും അയൽപക്കങ്ങളിൽ നിന്നും വന്നിട്ടുവേണം. ഓണക്കാലത്ത് പൂക്കളമിടാനും, വിഷുവിനു കണിവെക്കാനും, വിവാഹത്തിന് തലയിൽ ചൂടാനുമുള്ള പൂക്കൾപോലും തമിഴ്നാടും, ആന്ധ്രയും നമുക്ക് തന്നിട്ടുവേണം.

സാഹോദര്യത്തിന്റെയും പരസ്പര സഹകരണത്തിന്റെയും പ്രതീകങ്ങളാകേണ്ട ആഘോഷങ്ങൾ, ദരിദ്രനും നിരാലംബനും ആഹ്ലാദം സമ്മാനിക്കേണ്ട സുദിനങ്ങൾ, കുത്തക മുതലാളിമാർക്കും കോർപ്പറേറ്റ് സ്ഥാനങ്ങൾക്കും വേണ്ടതിലുമധികം ലാഭം നേടിക്കൊടുക്കുന്ന കച്ചവടമായി മാറിയിരിക്കുന്നു.

"മത്സരിച്ച് പ്രഭാതത്തിനുമുമ്പെ എത്തിടുന്ന കുട്ടികളെ കാത്തു കൂട്ടം കൂട്ടമായി ഉണർന്നു പുലരുന്ന കാലത്തിന്റെ വിദൂര സ്മൃതിയോടെ, ഈ ശോഷിച്ച വളർത്തുചെടികൾ മൗനഭാവത്തിൽ തലകുനിച്ചുനിന്നു. ഞാനാലോചിച്ചുപോയി, എത്ര നിറങ്ങളാണ്, എത്ര ഗന്ധങ്ങളാണ്, എത്ര വിസ്മയങ്ങളാണ് എനിക്ക് നഷ്ടപ്പെട്ടത് " എം. ടി. വാസുദേവൻ നായരുടെ 'കണ്ണാന്തളി പൂക്കളുടെ കാലം' എന്ന കഥയിലെ ഈ വരികൾ എത്ര പ്രസക്തം! പക്ഷെ, ഇവിടെ നിറങ്ങളേക്കാൾ ഗന്ധങ്ങളേക്കാൾ വലിയ നഷ്ടം അവന്റെ ആഘോഷങ്ങളുടെ നഷ്ടമാണ്. കാരണം ഇവയെല്ലാം നമുക്ക് നഷ്ടമായത് നമ്മുടെ ആഘോഷങ്ങൾ നഷ്ടമായത് കൊണ്ടാണല്ലോ.





ഒരു രണ്ടാം ക്ലാസ്സുകാരിയുടെ ഡയറിക്കുറിപ്പിൽ നിന്ന്

# കല്ലെടുക്കുന്ന തുമ്പി

**സൽമീറ**

രണ്ടാം വർഷ ഇക്കണോമിക്സ്

"ഒട്ടേ ഞങ്ങൾ തൻ ജീവിത സ്വപ്നക്കെട്ടുമായ് ഒരാൾക്ക് നീങ്ങൾ"

ഡാഡിയുടേയും മമ്മിയുടേയും ആവശ്യം ഇതാണ്. പക്ഷേ കഴുത്തിൽ (ശ്വാസം മുട്ടിക്കുന്ന) ടൈയും ചുമലിൽ ചുമടുകാരെപ്പോലും ഞെട്ടിപ്പിക്കുന്ന പുസ്തക ചുമടുമായി (ഇതാവാം ഒരു പക്ഷെ ഡാഡിയുടേയും മമ്മിയുടേയും ജീവിത സ്വപ്നക്കെട്ട്) ഒരടി മുന്നോട്ടു വെക്കാനാവുന്നില്ല. ഞാനാണെങ്കിൽ കേവലം രണ്ടാം ക്ലാസ്സുകാരി. രാവിലെ അഞ്ചുമണിക്ക് ഉണരണം (നല്ല കാര്യം തന്നെ എനിക്കും ഇതിൽ പരാതിയില്ലട്ടോ.) ആറുമണിക്കുമുമ്പെത്തന്നെ മ്യൂസിക്കും ഡാൻസും പഠിപ്പിക്കാൻ മാഷ് വീട്ടിലെത്തും. ഏഴരക്ക് ക്ലാസ്സു തീർന്നാൽ കുളിച്ചെന്നു വരുത്തി വല്ലതും കഴിക്കാൻ തുടങ്ങുംമുമ്പേ ബസ്സും വരും. ഒന്നര മണിക്കൂറോളം ബസ്സിൽ തിക്കിത്തിരക്കി ഒരു പിടുത്തവുമില്ലാതെ കാൽവിരലിലന്യന്റെ ചവിട്ടേറ്റ് വേദനിച്ച് അങ്ങനെയങ്ങനെ നിൽക്കണം. ചിലപ്പോൾ ഛർദ്ദിക്കാൻ വരാറുണ്ട്. കുട്ടികൾ പിന്നീട് പരിഹസിക്കുമെന്നും ഈ വാർത്ത സ്കൂളിൽ കാട്ടുതീപോലെ പരക്കുമെന്നോർത്തും അടക്കിപ്പിടിക്കും. (വല്ലാത്തൊരവസ്ഥയാണത്) സ്കൂളിലെത്തി ക്ലാസ്സുതുടങ്ങുമ്പോഴേ വേണ്ടു ഉറക്കം വരാൻ. അല്ലെങ്കിൽ തലകറങ്ങും. ഇപ്പോഴാണെങ്കിൽ ഇടയ്ക്കിടെ വയറുവേദനയും തുടങ്ങിയിട്ടുണ്ട്. ക്ലാസെല്ലാം കഴിഞ്ഞ് ബസ്സിലെ ഇടിയും കഴിഞ്ഞ് വീട്ടിലെത്തുമ്പോഴുണ്ടാകും കസേരയിൽ ട്യൂഷൻ മാഷ് കാത്തിരിക്കുന്നു. ചായ കുടിച്ചെന്നുവരുത്തി മമ്മി മാഷിന്റെ മുന്നിലേക്ക്, പാട്ടുപാടാൻ തയ്യാറല്ലാത്ത കുട്ടിയെ മൈക്കിനു മുന്നിലേക്ക് എന്ന പോലെ എന്നെ ഉന്തിതള്ളി അയയ്ക്കുന്നു. അങ്ങനെ ആറുമണിമുതൽ എട്ടുമണിവരെ ട്യൂഷൻ മാഷിന്റെ കൂടെ. ഇടയ്ക്കിടെ അദ്ദേഹം കയ്യിലെ ചൂരൽ എന്റെ പുറത്തിന്റെ അളവ് എടുക്കുന്നു. മാഷു പോയിക്കഴിഞ്ഞിട്ടുവേണം നാളെയ്ക്കുള്ള ഹോം വർക്കുകൾ പാതിയടയുന്ന കണ്ണുകളുമായി ചെയ്തു തീർക്കാൻ, ട്യൂഷൻ മാഷിന്റെ വകയും കാണും ഒത്തിരി വർക്കുകൾ കുനിൻമേൽ കുരു പോലെ. ഇതിനിടയിലെപ്പോഴോ ഉറങ്ങിപ്പോകുന്നു. ഉറക്കത്തിൽ നിന്ന് അടിച്ചോ മറ്റോ ഉണർത്തി മമ്മി വേലക്കാരിയോട് സപ്പർ തരാൻ പറയും, മൂത്രമൊഴിപ്പിച്ച് കിടത്താനും.

"അടുത്ത ദിവസവും, ഇതേ പോലെയൊക്കെയാണല്ലോ പടച്ചോനെ....... കല്ലെടുക്കാനുള്ള ഒരു കൊച്ചു തുമ്പിയുടെ ജീവിതം എന്നല്ലാതെ എന്തുപറയാൻ.....?"

നൗജസ്.കെ
രണ്ടാം വർഷ സുവോളജി

**ദൈവത്തിന്റെ** സ്വന്തം നാട്ടിലേക്ക് ഭീമൻ വ്യവസായ സംരംഭങ്ങളേയും കുത്തക വ്യവസായികളേയും മാടിവിളിക്കുകയാണ് അറബിക്കടലിന്റെ റാണി. ഇന്ത്യയുടെ സാന്നിദ്ധ്യം ലോകത്തിന്റെ മുഖ്യധാരയിൽ സജീവമാകത്തക്ക രീതിയിൽ കൊച്ചി വികസനത്തിന്റെ പുത്തൻ പടവുകൾ ചവിട്ടിക്കയറികൊണ്ടിരിക്കുന്നു.

ബയോടെക്നോളജി പാർക്ക്, ഇലക്ട്രോപാർക്ക്, ഫാഷൻ സിറ്റി, സ്മാർട്ട് സിറ്റി, ഗോൾഡ് സൂക്ക്, ഐ.ടി കമ്പനികൾ തുടങ്ങി കൊച്ചി നഗരത്തിൽ അവസാനം കണ്ടെത്തിയതും കണ്ടെത്തിക്കൊണ്ടിരിക്കുന്നതുമായ വമ്പൻ പദ്ധതിയുടെ പട്ടിക നീണ്ടു നീണ്ടു പോകുന്നു.

Indian Readership Serve 2005 ന്റെ ഭാഗമായ ഹൗസ് ഹോൾഡ് പ്രീമിയം നെസ് ഇൻഡെക്സ് (HPI) പ്രകാരം കൊച്ചിയുടെ നില ചെന്നൈയ്ക്കു തുല്യമാണ്. ഇന്ത്യയിലെ പ്രമുഖ സിറ്റികളായ ബാംഗ്ലൂർ, ഹൈദരാബാദ് തുടങ്ങിയവ പോലും കൊച്ചിക്കു പിറകിലാണെന്നു സൂചിക ഉറപ്പുവരുത്തുന്നു. മൂന്നു പ്രത്യേക സാമ്പത്തിക മേഖല (സെസ്) ഇന്ത്യാരാജ്യത്ത് കൊച്ചി നഗരത്തിനുമാത്രമേ ലഭിച്ചിട്ടുള്ളൂ. വ്യവസായ-വാണിജ്യ രംഗങ്ങളിൽ ഇന്ത്യയുമായി പ്രത്യേക ബന്ധം സ്ഥാപിക്കുന്നതിനുള്ള 'ഓപ്പൺ ഗേറ്റായി' ഫ്രാൻസിലെ ഹാവ്രെ വ്യവസായ സമൂഹം തിരഞ്ഞെടുത്തത് കൊച്ചിയെ തന്നെയാണ്.

# കൊച്ചി: [redacted] ഇന്ത്യയുടെ അഭിമാനം



ദേശീയ തലത്തിൽ തന്നെ പ്രാധാന്യമുള്ള റിയൽ എസ്റ്റേറ്റ് ഏജൻസികൾ കൊച്ചിയിൽ വാണിജ്യത്തിനും താമസത്തിനും പറ്റിയ രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ ഒരുങ്ങിയിരിക്കുന്നു. സഹാറ, ജയിൻ ഹൗസിംഗ്, ടാറ്റ തുടങ്ങിയ വമ്പൻ ഗ്രൂപ്പുകൾ ഇത്തരം ഒരുക്കങ്ങളുമായി ബഹുദൂരം മുന്നേറിക്കഴിഞ്ഞിരിക്കുന്നു. സി.ബി റിച്ചഡ് എല്ലിസ് എന്ന റിയൽ എസ്റ്റേറ്റ് കൺസൾട്ടൻസി സ്ഥാപനം തയ്യാറാക്കിയ പഠനം കൊച്ചി നഗരത്തിന്റെ മുഴുവൻ സാധ്യതകളും പരിശോധിക്കുന്നു. വ്യാവസായിക സൗഹൃദ നഗരങ്ങളെപ്പറ്റി പഠനം നടത്തിയ ചില പ്രസിദ്ധീകരണങ്ങളും ബിസിനസ് ഓർഗനൈസേഷനുകളും കൊച്ചിക്കുനൽകുന്ന സ്ഥാനം മെട്രോകൾക്കും മുകളിലാണ്.

"ലോകത്തിലെ പ്രമുഖ രാഷ്ട്രങ്ങളിൽ കൂടുതൽ വിജയപ്രദമെന്നു തെളിയിച്ച ക്ലസ്റ്റർ അടിസ്ഥാനത്തിലൂടെ വ്യാവസായിക വികസന പദ്ധതിക്ക് ഏറെ ഇണങ്ങിയ നഗരമാണ് കൊച്ചി," എന്നു യുനിഡോ പ്രതിനിധിയും ഇന്ത്യയടക്കമുള്ള മേഖലയുടെ ഡയറക്ടറുമായ ഡോ: ജോസഫ്.ബി.അസഫ് വ്യക്തമാക്കുന്നു. ഇവിടെ ബിസിനസ്സ് തുടങ്ങാൻ വെനീസിൽ നിന്നും ഒരു സംഘം തയ്യാറായി ചർച്ചകൾക്കായി പ്രതിനിധികളെ അയച്ചതും കൂടുതൽ രാജ്യങ്ങളെ കൊച്ചിയിലേക്ക് ആകർഷിക്കുന്നുവെന്നതിന്റെ മതിയായ സൂചനയാണ്. വെനീസ് പ്രതിനിധികളാവട്ടെ കൊച്ചിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇറ്റാലിയൻ പിന്തുണയുള്ള കേരള ഫൈബർ പെക്സ് ഇന്റർനാഷണലിന്റെ വൻ വിജയം കണ്ടാണ് കൊച്ചിയിലേക്ക് പറന്നെത്താൻ തയ്യാറായത്.

**ആഗോളവത്കരണത്തിന്റെ പശ്ചാത്തലമാണ് ലോകദൃഷ്ടിയിൽ കൊച്ചിയെ കൂടുതൽ ശ്രദ്ധേയമാക്കിയത് എന്നതിൽ സംശയമില്ല.** വൈദഗ്ധ്യവും നിപുണതയും ഏറെയുള്ള മനുഷ്യ വിഭവശേഷി, വളരെ തുച്ഛമായ കൂലി തുടങ്ങിയവയാണ് കൊച്ചിയുടെ പ്രധാന ആകർഷണങ്ങളെന്ന് ഇറ്റാലിയൻ ഫാഷൻ സിറ്റി മേലാളന്മാർ കേരള പ്രതിനിധികളുമായുള്ള ഭാഷണത്തിൽ സൂചിപ്പിക്കുകയുണ്ടായി. ആദ്യകാലത്ത് പലതിലും ആശങ്ക പ്രകടിപ്പിച്ച ജർമ്മൻ പ്രതിനിധികൾക്കും ഇന്നു കൊച്ചിയെ കുറിച്ച് നല്ലതേ പറയാനുള്ളൂ.

കൊച്ചിയിലെ ബയോടെക്നോളജി പാർക്കിൽ ഇടം തേടുന്ന ബഹുരാഷ്ട്ര കമ്പനികൾ കൊച്ചിയിലെ ജൈവ വൈവിധ്യത്തിന്റെ ഉദാരതയെ പ്രത്യേകം പരിഗണിക്കുന്നു. വികസന സാധ്യതകളേറെയുള്ള രാജ്യാന്തര വിമാനത്താവളവും വല്ലാർപാടത്ത് സ്ഥാപിക്കുന്ന രാജ്യാന്തര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലും ഗൾഫ്-സിംഗപ്പൂർ, സൂയസ്-സിംഗപ്പൂർ, സമുദ്രപാതകൾക്ക് കൂടുതൽ സമീപസ്ഥമായ തുറമുഖങ്ങളും അനുസ്യൂതമായ വൈദ്യുത ലഭ്യതയും കൊച്ചിയുടെ അനുകൂല ഘടകങ്ങളായി പരിഗണിക്കാം. കായംകുളം താപവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടമായി നടപ്പാക്കുന്ന 7584 കോടിയോളം രൂപയുടെ രാജീവ് നികംബെൻഡ് സൈക്കിൾ പവർ പ്രൊജക്ട് നിലവിലുള്ള വൈദ്യുത നിലയത്തെ സൂപ്പർ നിലയമെന്ന പദവിലേക്കാണെത്തിക്കുക.

15 GBPS ഇന്റർനാഷണൽ ഗേറ്റ്വേ എക്സ്ചേഞ്ച്, എൻജിനിയറിംഗ് ബിരുധദാരികളുടെ സുലഭ്യത, ദേശീയ ശരാശരിയുടെ ഇരട്ടിയോളം എത്തിക്കഴിഞ്ഞ ടെലിസാന്ദ്രത, ഐ.ടി. അധിഷ്ഠിത സേവനങ്ങൾ(ITES), BPO പ്രവർത്തനങ്ങൾ എന്നിവക്ക് യോജിച്ച മികച്ച മേഖലകളിൽ ഒന്നായ കൊച്ചി ഇൻഫോ പാർക്കാണെന്ന ICIC പ്രോപ്പർട്ടി സർവ്വീസിന്റെ നിഗമനം എന്നിങ്ങനെ കൊച്ചിയിലെ എന്തുകൊണ്ടും ഒന്നാന്തരമാക്കുന്ന ഘടകങ്ങൾ ഏറെയാണ്.

ഇതിനെല്ലാം ഉപരിയായി രാജ്യത്തെ മറ്റു നഗരങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കൊച്ചിയിൽ ബിസിനസ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനച്ചിലവ് 50 ശതമാനത്തോളം കുറവാണെന്നതും മറ്റു നഗരങ്ങളിലേക്കാൾ 60 ശതമാനം കുറഞ്ഞ വാടക നിരക്കാണെന്നതും മറ്റു നഗരങ്ങളേക്കാൾ നിലവിലുള്ള ജോലിയിൽ നിന്ന് വിട്ടുപോകുന്നവരുടെ നിരക്ക് കുറവാണ് (5%) എന്നതും ആഗോള വേതന നിരക്കിന്റെ ശരാശരി മണിക്കൂറിൽ 15 ഡോളർ (650 രൂപ) എന്നത് കൊച്ചിയിൽ പരമാവധി 300 രൂപയിൽ താഴെയാണെന്നതുമുള്ള വസ്തുതകൾ കൂടി ചേർത്തുവായിക്കുമ്പോൾ ലാഭക്കണ്ണുള്ള ഏതു വ്യവസായിയും കണ്ണടച്ച് കൊച്ചിയെ തിരഞ്ഞെടുക്കും.

രാജ്യാന്തര കായിക മത്സരങ്ങൾ സംഘടിപ്പിക്കുവാനും, അന്തർദേശീയ സെമിനാറുകളും രാജ്യാന്തര മേളകളും ഉത്സവങ്ങളും സംഘടിപ്പിക്കുവാനും പറ്റിയ ഒരു നഗരമാണ് കൊച്ചി എന്നത് ഇതിനകം തെളിയിക്കപ്പെട്ടതാണ്. തൊഴിലവസരങ്ങൾ തേടിയലയുന്ന വിദ്യാസമ്പന്നരായ യുവജനങ്ങൾക്കും, കടക്കെണിയിൽ കുടുങ്ങി മാനം നഷ്ടമായ കേരള സർക്കാറിനു വളരെ പ്രതീക്ഷകളും സ്വപ്നങ്ങളുമാണ് കൊച്ചി നഗരം സമ്മാനിക്കുന്നത് എന്നു പറഞ്ഞാലും അധികമാവില്ല.

# MATHEMATICAL LOVE LETTER




**Lukhman Bava. M.A**
II BSc Mathematics


To,
**Beta**
Geometrical Dept;
Euler s Campus.

Darling Beta,

Yesterday when I saw you among a section of your friends, my heart broke into 3.14 pieces approximately. The velocity of your walk, the pitch of your musical sound and the attraction of your eyes have bisected me and hence perpendicular. All right I was trying to solve the simultaneous egn: of our love. Trignometricaly and geometrically 1 st derived that we are moving parellel and can meet only at infinity. You please reply me in which way my love is to be projected in the three dimension all space of your heart, to have maximum range. Expecting your speedy solutions.

loving friend,
**Alpha,**
Trignometry Dept.
Calculus Campus



# ആളില്ലാത്തവർ

ഷിംന സീനത്ത്
മൂന്നാം വർഷ കെമിസ്ട്രി

"**മഹാത്ഭുതങ്ങൾ** കണ്ട് അന്ധാളിച്ചു നിന്നവർ അതിനു പിറകിലെ ചോരയും കണ്ണുനീരും കണ്ട് അസ്വസ്ഥരാകുന്നു. പുരാവസ്തു ശാസ്ത്രം നൽകുന്ന അറിവിന്റെ വെളിച്ചത്തിൽ പിരമിഡുണ്ടാക്കുന്നത് വിസ്മയമല്ല, നീറ്റലാണ്."

-കെ.ഇ.എൻ

വെളുപ്പിനെ എഴുന്നേൽക്കുന്ന സ്വഭാവക്കാരനാണ് കാദർക്ക. മക്കളെ പൊട്ടിയ സ്ലേറ്റും കീറിപ്പറഞ്ഞ ഉടുപ്പുമായി മദ്രസയിലേക്കയച്ചു കഴിഞ്ഞാൽ തന്റെ തൂമ്പയും, പിക്കാസും, കത്തിയും എടുത്ത് അദ്ദേഹം വീട്ടിൽനിന്നിറങ്ങും. തലേന്ന് രാത്രി നാട്ടിലെ ഒരു മുതലാളിയേൽപ്പിച്ച പറമ്പിലെ പണിക്കുവേണ്ടി. രാവിലെ 8 മുതൽ വൈകിട്ട് അസർ ബാങ്ക് കൊടുത്ത് ലേശം കൂടികഴിയുന്നതുവരെ കൊത്തലും കിളക്കലും വെട്ടലും തന്നെ. ഇതിനിടക്ക് വിശ്രമിക്കാൻ ആകെ കിട്ടുന്ന സമയം ഉച്ചക്ക് ഒരു മണിക്കൂറാണ്. ഭക്ഷണം കഴിക്കാനും നിസ്കരിക്കാനും പത്രം വായിക്കാനും സൊറ പറഞ്ഞിരിക്കാനുമൊക്കെ കൂടി ആകെയുള്ള സമയം. വൈകിട്ട് പണിയും കഴിഞ്ഞ് പോരുമ്പോൾ മുതലാളി 150 രൂപ വച്ചുതരും. അതും വാങ്ങി നന്ദിയോടെ പടികടന്നാൽ അരയിൽ ചുരുട്ടിവച്ച കടലാസു കഷ്ണത്തിലേക്കൊന്നു നോക്കും കാദർക്ക. പെമ്പറന്നോള് പൊരേൽക്ക് വേണ്ട സാധനങ്ങളുടെ കുറിപ്പ് തയ്യാറാക്കിയതാണ്. ഉപ്പുതൊട്ട് കർപ്പൂരം വരെ വേണം. ആകെയുള്ളത് 150 രൂപയും. എഴുതിയതിലേറെയും വാങ്ങാതിരുന്നിട്ടും ബാക്കി കടം പറഞ്ഞ് പോരേണ്ടിവന്നു. കുട്ടികൾക്ക് ഒരു പൊതി കടലമിഠായിയും ഉമ്മാക്കുള്ള പതിവു മരുന്നും വാങ്ങാൻ കാദർക്ക എന്നിട്ടും മറന്നില്ല. തിരിച്ച് വീട്ടിലേക്ക് നടക്കുമ്പോൾ ആ മനുഷ്യന്റെ മനസ്സിൽ ആരോടും പരാതിയില്ലായിരുന്നു.

*** ***

നമ്മുടെ നാടേതുമാവട്ടെ അവിടെയെല്ലാം ഇതുപോലെ എത്രയോ കാദർക്കമാർ ജീവിച്ചിരിക്കുന്നു. ഒരു ദിവസത്തെ വരുമാനം ഒരു കുടുംബത്തിന്റെ നിത്യജീവിതത്തിനു പോലും തികയാതെ വരുന്നവർ. അവരുടെ കണ്ണുനീർ നാം കാണാറില്ല. അവർ അറിയിക്കാൻ ശ്രമിക്കാറുമില്ല. എല്ലാം തങ്ങളുടെ വിധിയെന്നോർത്തവർ സമാധാനിക്കുന്നു. 150 രൂപ വച്ച് ഒരു മാസം 4500 രൂപ കിട്ടിയാൽ തന്നെ പലചരക്കു കടയിലും മരുന്നുകടയിലും കടങ്ങൾ പെരുകുന്ന സ്ഥിതി. മാസത്തിൽ തന്നെ പണിയില്ലാത്ത ദിവസങ്ങളും ധാരാളം. 'ആലും കായ് പഴുക്കുമ്പോൾ കാക്കയ്ക്ക് വായ്പുണ്ണ്' എന്ന പോലെ പണികിട്ടുമ്പോഴായിരിക്കും അസുഖങ്ങളോ മറ്റു തടസ്സങ്ങളോ ഈ പാവം കൂലിപണിക്കാരെ തേടിയെത്തുക.

സമൂഹത്തിൽ മുഖമില്ലാത്ത പലരിൽ ഇവരുംപെടും, ഈ പാവം കൂലിപണിക്കാർ. ഒരു നിശ്ചിത പ്രായം കഴിഞ്ഞാൽ പണിയെടുക്കാൻ ആവതില്ലാതാവുന്ന ഇവർക്ക് പെൻഷനുകളില്ല. സ്വപ്നങ്ങളിലുള്ളത് പുര നിറഞ്ഞു നിൽക്കുന്ന മകളുടെ വിവാഹം മാത്രമായിരിക്കും. ആൺമക്കളില്ലെങ്കിൽ പിന്നെ നരകിച്ചതു തന്നെ. ആരെങ്കിലും സഹായിക്കാനില്ലെങ്കിൽ അവിടെ അവരുടെ ജീവിതം വഴിമുട്ടുന്നു.

*** ***

മഞ്ചേരി ബസ്സ്റ്റാന്റിൽ ബസ്സിറങ്ങിയപ്പോഴാണ് ആ നിലവിളികേട്ടത്: "മണ്ടേ്യരേ........ മണ്ടേ്യരേ.....യ്, ബെക്കം മദേണ്ടേ്യരേ.....യ്" ആരോ എന്തോ സഹായത്തിനു വിളിച്ചതാണെന്നു വച്ച് ശബ്ദം കേട്ട ഭാഗത്തേക്ക് ഞാൻ ഓടിച്ചെന്നു നോക്കുമ്പോൾ സ്റ്റാന്റിലെ ഒരു ഒഴിഞ്ഞ മൂലയിലതാ ഒരു കൂട്ടം ആളുകൾ. കാര്യം എന്താണെന്നറിയാൻ ഞാനും തിക്കിത്തിരക്കി ആ കൂട്ടത്തിൽ സ്ഥാനം പിടിച്ചു. ആ വൃത്തത്തിനുള്ളിൽ നരച്ചതാടിയും കറപിടിച്ച പല്ലുകളു

മായി അലങ്കോലമായ വസ്ത്രങ്ങൾ ധരിച്ച ഒരാൾ ഒരു കൈയ്യിൽ ജീവനുള്ള മത്തിയും മറുകൈയ്യിൽ ഒരു ഗ്ലാസ് വെള്ളവും പിടിച്ചു നിന്നലറുന്നു. "മണ്ടേ്യ ര്യേയ്........... മുണുങ്ങാൻ പോകാണ്." കുറേനേരത്തെ പ്രസംഗത്തിനു ശേഷം അയാൾ ജീവനുള്ള ആ മീനിനെ എടുത്തങ്ങു വിഴുങ്ങി. പിന്നേയൊരു കൂറ യേയും. അതിനുശേഷം വിഴുങ്ങാനായി ഒരു തവളയെക്കൂടി അയാൾ കൈയ്യി ലെടുത്തപ്പോൾ എനിക്ക് ഓക്കാനിക്കാൻ വന്നു. പിന്നെ ഞാനവിടെ നിന്നില്ല.

***   ***

ജീവിക്കാൻ ഒരു മാർഗ്ഗവും കാണാഞ്ഞ് ഒരു നേരത്തെ വിശപ്പടക്കാൻ പാടു പെടുന്ന മറ്റൊരു മുഖമായിരുന്നു ആ മീൻ വിഴുങ്ങി. അരചാൺ വയറിനുവേണ്ടി അങ്ങനെ എന്തൊക്കെ സാഹസങ്ങൾ ചെയ്യണം. മുന്നിൽ കണ്ടാൽ നാമെല്ലാം പുച്ഛത്തോടെ മുഖം തിരിക്കുന്ന ആ പാവവും അപ്പോൾ സമൂഹത്തിൽ തന്റെ മുഖം തിരയുകയായിരുന്നു. മുഖത്ത് ഫേഷ്യൽ ക്രീമുകളും ടാൽക്കം പൗഡ റുകളും വാരിതേച്ച് നഗരത്തിലെ മുന്തിയ ഹോട്ടലുകളിൽ എ.സി. മുറിയിലി രുന്ന് ഐസ്ക്രീം നുണയുന്ന നമ്മളിൽ പലർക്കും ചുട്ടുപൊള്ളുന്ന വെയി ലത്ത് വിയർത്തൊഴുകുന്ന, കരുവാളിച്ച മുഖവുമായി ദുർഗന്ധമുള്ള മത്തിയും കൂറയും വിഴുങ്ങുന്ന ആ പാവം മനുഷ്യരുടെ മനസ്സു മനസ്സിലാക്കാൻ കഴിഞ്ഞു എന്നുവരില്ല. ഇതുപോലെ ജീവിക്കാനായി അഭ്യാസങ്ങൾ കാണിക്കുന്ന എത്ര യെത്ര പേർ. തിരക്കു പിടിച്ച നാഷണൽ ഹൈവേകളിൽ അപകടകരമായ സൈക്കിൾ പ്രകടനം നടത്തി ആളുകൾ വലിച്ചെറിഞ്ഞു തരുന്ന അൻപത് പൈസയുടെയും ഒരു രൂപ തുട്ടിന്റെയും ശബ്ദം കേട്ട് മാത്രം അകം കുളിർക്കു ന്നു.

ജീവിതത്തിന്റെ അപകടം പിടിച്ച ഞാണിലൂടെ ഒരറ്റം മുതൽ മറ്റേയറ്റം വരെ പതറാത്ത പാദത്തോടെയും ചിതറാത്ത ചിത്തത്തോടെയും നാടോടി പെൺകുരുന്നു നടന്നെത്തുമ്പോൾ നമ്മിൽ ആനന്ദം നിറയുകയല്ലാതെ ജീവൻ പണയം വെച്ചുകൊണ്ടുള്ള അവരുടെ ജീവിതത്തെ പറ്റി നാമാരെങ്കിലും ചിന്തി ക്കാറുണ്ടോ? ഹൃദയമിടിപ്പിനു വേഗത കൂട്ടുന്ന പ്രകടനങ്ങളുമായി തെരുവു കൾ തോറും അലയുന്ന ഈ നാടോടി സംഘങ്ങളെ കാണുമ്പോൾ മനസ്സിൽ ഒരു ചെറിയ വേദനപോലും അനുഭവപ്പെടുന്നില്ലെങ്കിൽ, അറിയുക നമ്മുടെ ഹൃദയം ഈ യുഗത്തിൽ ജീവിക്കാനുതകുന്ന രീതിയിൽ ഒരു കല്ലായി മാറിയി രിക്കുന്നു.

***   ***

നേരം വെളിച്ചമാവുന്നതേയുള്ളു. ലതേച്ചി തട്ടിപ്പിടഞ്ഞെഴുന്നേറ്റു ടൈംപീ സിലേക്ക് നോക്കി. മണി അഞ്ച്. അയ്യോ! ഉറങ്ങിപ്പോയല്ലോ എന്റെ ഗുരുവായൂ രപ്പാ.... ഇന്നത്തെ എല്ലാ കാര്യവും അവതാളത്തിലാവും. മുടിയൊന്ന് വാരി ക്കെട്ടി ഓടി അടുക്കളയിലേക്ക്. ചായയും ചോറുമൊക്കെയുണ്ടാക്കണം. എല്ലാ വർക്കും പോവാനുള്ളതാണ്. വീടു തൂത്തു തുടക്കണം, വസ്ത്രം അലക്കണം. പിന്നെയും കിടക്കുന്നു പിടിപ്പതു പണി. ചായയുണ്ടാക്കാൻ നോക്കിയപ്പോൾ അന്നേക്കുള്ള തേയിലയേ ഉള്ളൂ പാത്രത്തിൽ. ഇനി തീർന്ന സാധനങ്ങളുടെ ലിസ്റ്റും എഴുതണം. അപ്പോഴാണ് പാൽക്കാരന്റെ വിളി. പാലും വാങ്ങി അടു ക്കളയിലെത്തുമ്പോഴേക്കും ഭർത്താവും കുട്ടികളും ഉണർന്നു. "ലതേ ചായ" വന്നു പ്രിയതമന്റെ ഓർഡർ. 'അമ്മേ ബ്രഷ് എവിടെ' മക്കളുടെ പരാതി. എല്ലാ ത്തിനും ഓടാൻ അവളുണ്ടൊരുത്തി.



ഒടുക്കം ഇങ്ങോട്ടുവിളിച്ചാൽ അങ്ങോട്ടു പോവുന്ന മക്കളെ തീറ്റി, ഒരുക്കി സ്കൂളിലേക്കും. ഇവിടെ വെയ്ക്കേണ്ടത് അവിടെ വെയ്ക്കുകയും കാണാതായാൽ തർക്കിച്ചു ബഹളം വെക്കുകയും ചെയ്യുന്ന ഭർത്താവിനെ ഓഫീസിലേക്കും പറഞ്ഞയച്ച് അവളൊന്ന് ശ്വാസം വിട്ടു. ക്ലോക്കിലേക്കു തിരിഞ്ഞു നോക്കിയപ്പോൾ സമയം 9.30. എങ്ങനെയോ കുളിച്ച് സാരിയും വാരിചുറ്റി വീണ്ടും ഓട്ടം ബസ്സ് സ്റ്റോപ്പിലേക്ക് ചോറു പാത്രം പോലും മറന്ന് വച്ച്. ഷാർപ്പ് ടൈമിനുള്ള അവസാന ബസ്സും കിട്ടിയില്ലെങ്കിൽ ഇന്ന് ബോസിന്റെ വായിലിരിക്കുന്നത് മുഴുവനും കേട്ടതു തന്നെ. ഒടുവിൽ ഓടിപ്പിടച്ച് ഓഫീസിലെത്തിയപ്പോൾ പതിനഞ്ചു മിനുട്ട് ലേറ്റ്. രജിസ്റ്റർ ബോസിന്റെ കേബിനിലാണെന്നു കേട്ടപ്പോഴേ ഉറപ്പിച്ചു ഇന്നു തൃശൂർപൂരം തന്നെ. ആ വെടിക്കെട്ടും കഴിഞ്ഞ് വീണ്ടും ഫയലുകൾക്കിടയിലേക്ക്. അക്ഷരങ്ങളോട് കണ്ണുകൾക്ക് പൊരുത്തപ്പെടാൻ കഴിയാതെ വന്നപ്പോളാണ് താനിന്ന് പച്ചവെള്ളം പോലും കുടിച്ചില്ലല്ലോ എന്നോർത്തത്.

വൈകുന്നേരം ഓഫീസിൽ നിന്നിറങ്ങി ചെറിയൊരു ഷോപ്പിംഗും നടത്തി വീണ്ടും ഓട്ടം, കൂടണയാൻ. വീട്ടിലെത്തിയപ്പോൾ താൻ ഇല്ലാത്ത നേരത്ത് കഷ്ടപ്പെട്ടുണ്ടാക്കിയ പച്ചക്കറിതോട്ടത്തിൽ അച്ഛനും മക്കളും ക്രിക്കറ്റ് കളിക്കുന്നു. ഒന്നും പറയാൻ നിന്നില്ല, പറഞ്ഞിട്ടെന്തുകാര്യം? മേലൊന്നു കഴുകാൻ കൂടി സമയമില്ല. കൈയും, കാലും, മുഖവും കഴുകി വസ്ത്രം മാറിയുടുത്തു വന്നപ്പോഴേക്കും നേരം സന്ധ്യ. വിളക്കു വച്ചൊന്നു നാമം ചൊല്ലാനിരുന്നപ്പോൾ അടുത്ത വിളി. 'അമ്മേ ഇവനെന്റെ പെൻസിലു തരണില്ല്യാ' പിന്നെ അവരുടെ വഴക്കിനിടയിലേക്ക്. കുറ്റക്കാരനൊരു തല്ലും വച്ചു കൊടുത്ത് അടുക്കളയുദ്ധത്തിന് പോകുമ്പോൾ പിറകിൽ നിന്നും മകൻ പറയുന്നതു കേട്ടു. 'ഈ അമ്മയ്ക്ക് എന്നോട് ഒരു സ്നേഹോംല്യാട്ടോ'.

ധൃതിയിൽ അത്താഴമൊരുക്കി, മക്കൾക്കും ഭർത്താവിനും വിളമ്പി താനും കഴിച്ചെന്നു വരുത്തി പാത്രങ്ങൾ കഴുകി വൃത്തിയാക്കി. അടുത്ത ദിവസത്തേക്കുള്ളത് ഒരുക്കിവെച്ച് ഒരു വിധം കിടപ്പറയിലെത്തിയപ്പോൾ മണിപന്ത്രണ്ട്. അമ്മയ്ക്ക് സ്നേഹമില്ലെന്നു പറഞ്ഞ് പരിഭവിച്ചുറങ്ങിയ മക്കളുടെ പുതപ്പ് ശരിയാക്കി നെറ്റിയിലൊരു മുത്തം കൊടുത്ത്, 'അമ്മയ്ക്ക് നേരല്ല്യാഞ്ഞിട്ടാടാ' എന്ന് നിശബ്ദം പറഞ്ഞ് ചെയ്തു തീർക്കാനുള്ള ഫയലുകൾക്കിടയിലേക്ക് കണ്ണോടിക്കുമ്പോൾ പ്രിയതമന്റെ ക്ഷണം. പിന്നെ ആർക്കോ വേണ്ടി ആടി തീർക്കുന്ന ഭാര്യവേഷം. ഉണരാൻ വൈകരുതേ എന്നും പ്രാർത്ഥിച്ച് ഉറക്കത്തിലേക്ക്......

അപായ മണി കണക്കെ അലാറം ഗർജ്ജിക്കുമ്പോൾ വീണ്ടും ഒരു ജീവിത യുദ്ധത്തിനു തയ്യാറാവാൻ

*** ***

ഇവളെ നിങ്ങളും അറിയുമായിരിക്കും. ദിവസം മുഴുവൻ ചാവികൊടുത്ത പാവയെപ്പോലെ ഓൺചെയ്ത യന്ത്രം കണക്കെ വീട്ടിലും പുറത്തും വിശ്രമമില്ലാതെ ഓടിനടക്കാൻ വിധിക്കപ്പെട്ട ഇവളാണ് നാം ഹൗസ്‌വൈഫ് എന്ന സുന്ദരനാമത്തിൽ വിളിക്കുന്ന വീട്ടമ്മ.

വീടും കുടിയും നോക്കിനടത്തി നൊന്തുപെറ്റ മക്കളെയും പോറ്റിവളർത്തി



ഗൃഹഭരണത്തിന്റെ ആധിയും ആവലാതിയുമായി ഇരട്ടി വർഷങ്ങളിൽ ചെയ്യേണ്ട ചുമതലകളും നിർവ്വഹിച്ച്, പുലർന്നത് മുതൽ നട്ടപ്പാതിരവരെ പിടിപ്പതു പണിയുമായി നടന്ന് ഇവൾ നട്ടം തിരിയുമ്പോൾ ഇതിനൊക്കെ വേണ്ടിയാണ് ഇവളെ സൃഷ്ടിച്ചതെന്ന ഭാവമാണ് ഭർത്താവിനും കുട്ടികൾക്കും. ഒടുവിൽ പണി മുഴുവൻ പേറി നടുവൊടിയുമ്പോൾ വയ്യെന്നൊന്നു പറഞ്ഞുപോയാൽ സകല വേദനകൾക്കും കൈയും കാലും വച്ച വളാണിവളെന്ന് മക്കൾ കേൾക്കെ ഭർത്താവിന്റെ പരിഹാസം. അപ്പോൾ എന്നിട്ടും 'തന്റെ മനോവേദന മാത്രം ഇദ്ദേഹം അറിയുന്നില്ലല്ലോ' എന്ന് അവൾ നിശബ്ദം വേദനിക്കും. പിന്നെപ്പിന്നെ എല്ലാം തന്റെ വിധിയെന്നോർത്തവൾ സമാധാനിക്കും. തന്നിമിത്തം കല്യാണ ഫോട്ടോയിലെ ഭർത്താവ് രജതജൂബിലി ചിത്രത്തിലും ഒളി മങ്ങാതെ ചിരിച്ചു ഗ്ലാമറായിട്ടിരിക്കുമ്പോൾ അവൾ അധ്വാന ഭാരംകൊണ്ട് ശോഷിച്ച് ചുക്കിചുളിഞ്ഞ് തലമുടിയിൽ വെള്ളി രേഖകൾ വീണ് മധ്യവയസ്കയായിട്ടുണ്ടാവും. അവളുടെ മനസ്സിൽ ചിലങ്കകളും പാട്ടുകളും ഛായാചിത്രങ്ങളും പടിയിറങ്ങി ദോശയും പുട്ടും ചീനപാത്രങ്ങളും സ്ഥാനം പിടിച്ചിരിക്കും. അകത്തളത്തിന്റെ ഇരുട്ടിൽ മുഖം നഷ്ടപ്പെട്ട ഇവൾക്ക് ഒന്നാശ്വാസിക്കാം, കവികൾക്കും എഴുത്തുകാർക്കും ചൂയിംഗം പോലെ യഥേഷ്ടം ചവച്ചുകൊണ്ടിരിക്കാൻ താനുമൊരു വിഷയമാണല്ലോ എന്ന്.

*** ***

സമൂഹത്തിൽ ഓരോ വിഭാഗങ്ങൾക്കും തങ്ങളുടെ മുഖങ്ങൾ നഷ്ടമാവുമ്പോഴും സന്തോഷിക്കുന്നവർ നമുക്കിടയിൽ തന്നെ ജീവിച്ചിരിക്കുന്നു. ജീവിതത്തിന്റെ ഇരുട്ടിൽ മാഞ്ഞുപോയ ഇവരുടെ മുഖങ്ങൾ എങ്ങനെ തിരിച്ചെടുക്കുമെന്നല്ല, ഇവരെ തങ്ങൾക്കിണങ്ങിയ ചട്ടുകങ്ങളാക്കി എങ്ങനെ മാറ്റാനാവുമെന്നാണ് ആ ചെകുത്താൻമാർ ചിന്തിക്കുന്നത്. നമുക്ക് നമ്മുടെ മുഖം തന്നെ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന പൊള്ളുന്ന യാഥാർത്ഥ്യം നാം ഇനിയെങ്കിലും തിരിച്ചറിയേണ്ടിയിരിക്കുന്നു.

"മയങ്ങാറുണ്ടാവി-
ല്ലവളോളം വൈകിയൊരു നക്ഷത്രവും,
ഒരൊറ്റ സൂര്യനു-
മവളെക്കാൾ നേർത്തേ പിടഞ്ഞെണീറ്റില്ലാ.
പുറപ്പെട്ടേടത്താ-
ണൊരായിരം കാതമവൾ നടന്നിട്ടും;
കുനിഞ്ഞുവീഴുന്നു-
ണ്ടൊരായിരം വട്ടം നിവർന്നു നിന്നിട്ടും
ഉണർന്നിട്ടില്ലവ-
ളൊരായിരം നെഞ്ചിൽ ചവിട്ടുകൊണ്ടിട്ടും
ഒരു കുറ്റിച്ചൂല്,
ഒരു നാറത്തേപ്പ്-ഞെണുങ്ങിയ വക്കാർ-
ന്നൊരു കഞ്ഞിപ്പാത്രം-
ഒരട്ടി മണ്ണവൾ"
– ആറ്റൂർ, സംക്രമണം.

### പഠനയാത്ര അഥവാ ജോളി ടൂർ

# നമ്മുടെ പഠനയാത്രകൾ വഴി പിഴക്കുന്നുവോ?

ഫായിസ്
രണ്ടാം വർഷ ബി.ബി.എ

വീഗാലാന്റിലേക്കു സംഘടിക്കപ്പെട്ട പഠനയാത്രക്കു പോകാൻ വീട്ടിൽ നിന്നും സമ്മതം കിട്ടാതിരുന്നതിനാൽ 13 കാരിയായ സുനിത (പേര് സാങ്കൽപികം) ആത്മഹത്യ ചെയ്ത വാർത്ത കേട്ടു ഞാൻ തരിച്ചിരുന്നു പോയി. 100-150 രൂപ മാത്രം കൂലികിട്ടുന്ന ഒരാളുടെ മകൾ ഈ വിധം പ്രവർത്തിച്ചതിനു പിന്നിലെ കാരണങ്ങൾ നാം അന്വേഷിക്കേണ്ടിയിരിക്കുന്നു.

കേരളത്തിൽ ആണ്ടുതോറും സ്കൂളുകളിൽ നിന്നും പഠനയാത്രാ സംഘങ്ങൾ കേരളത്തിനകത്തേക്കും പുറത്തേക്കുമായി പോയികൊണ്ടിരിക്കുന്നു. മൂന്നര വയസ്സിൽ എൽ.കെ.ജി തലം തൊട്ടേ തുടങ്ങുന്ന സ്റ്റഡി ടൂർ എന്ന ഓമനപ്പേരും എസ്കർഷൻ എന്ന് വിളിപ്പേരുള്ള ഇത്തരം യാത്രകകൾ വിത്യസ്തമായ കാഴ്ച്ചകൾ കാണാനും സ്ഥലങ്ങളെ കുറിച്ചറിയാനും ഭൂമിശാസ്ത്രപരവും കാർഷികവും പാരിസ്ഥിതികവുമായ പ്രത്യേകതകൾ അറിയാനും കൂട്ടായ്മയുടെ മാധുര്യം നുകരാനും കഴിയുന്നു. ഇങ്ങനെ പഠനകാലത്തു നാം നടത്തിയ യാത്രകൾ ജീവിതാന്ത്യം വരെ നിലനിൽക്കുന്ന മധുരസ്മരണകളാണ്.

പഠനയാത്രകൾ പണക്കൊഴുപ്പിന്റെയും ധാരാളിത്തത്തിന്റെയും എയർബസുകളിൽ ഡപ്പാൻകൂത്ത് ഡാൻസ് ചെയ്യുന്ന വിധം അടിപൊളി യാത്രകളായും മാറിയതോടെ യാത്രയുടെ യഥാർത്ഥ ലക്ഷ്യവും ഉദ്ദേശ്യവും നഷ്ടമായി. ചരിത്രസംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങൾ, തീർത്ഥാടനാകേന്ദ്രങ്ങൾ, ആകർഷകമായ കാലാവസ്ഥക്കുള്ള പ്രദേശങ്ങൾ, കടൽത്തീരങ്ങൾ, വന്യജീവി കേന്ദ്രങ്ങൾ, മൃഗശാലകൾ, വെള്ളച്ചാട്ടങ്ങൾ, പൂന്തോട്ടങ്ങൾ തുടങ്ങിയവ ലക്ഷ്യംവെച്ചായിരുന്നു ഇന്നലത്തെ യാത്രകളിൽ. സക്തിയുടെ കൂത്തരങ്ങുകളായ വൻകിട ജലകേളി കേന്ദ്രങ്ങളിലേക്കും ടൂറിസ കേന്ദ്രങ്ങളിലേക്കും പഞ്ചനക്ഷത്ര റിസോർട്ടുകളിലേക്കും നീളുന്ന ഇത്തരം യാത്രകൾ എത്തിച്ചേരുന്നത് അനാശാസ്യകരമായ പ്രവണതകളിലാണ്.

സ്വകാര്യ വിദ്യാലയങ്ങളിൽ നിന്നും കോളേജുകളിൽ നിന്നും കംപൽസറി എന്ന ഓമനപ്പേരിൽ മുഴുവൻ വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ചുള്ള ബൃഹത്തായ ഒരു പരിപാടി ആയാണ് ഇന്നത്തെ പഠനയാത്രകൾ സെറ്റപ്പ് ചെയ്യുന്നത്. തന്റെ ബുദ്ധിമുട്ടുകൾ പോലും മക്കളെ അറിയാക്കാതെ വല്ലവിധേനയും അവരെ വൻതുക ഫീസും ഡിപ്പോസിറ്റും നൽകി പഠിപ്പിച്ച് കടം വന്ന രക്ഷിതാക്കൾക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത ഇത്തരം ടൂറിനും വൻ തുക ഒരുമിച്ചു കൂട്ടേണ്ടി വരുന്നു. തന്റെ കുട്ടിയുടെ കൂട്ടുകാരുടെ മുന്നിൽ അവൻ/അവൾ മോശക്കാരനാവരുതെന്ന് കൊതിക്കുന്ന രക്ഷിതാക്കൾ കടം വാങ്ങിയും പണയം വെച്ചോ ടൂറിനയക്കുന്നു.

ആണു പെണ്ണും നടത്തുന്ന സമൂഹകുളിയും തിമിർക്കലുമാണ് ജലകേളികേന്ദ്രങ്ങളിലേക്ക് യുവജന വിദ്യാർത്ഥികളെ ആകർഷിക്കാൻ കാരണം. സ്വന്തം വീട്ടിലെ ശുദ്ധമായ കുളത്തിൽ കാലുകുത്താൻ പോലും മടിക്കുന്നവർ ഒരുപാടു പേരുടെ വിയർപ്പും വിസർജ്ജ്യവും തുപ്പലും കലർന്ന കൃത്രിമ നീന്തൽകുളത്തിൽ കുളിക്കാനിറങ്ങുമ്പോൾ അതിനു പിന്നിൽ പല ഉദ്ദേശ്യങ്ങളുണ്ടെന്നു വരുന്നു. ത്വക്ക് രോഗങ്ങൾക്ക് ഹേതുവാകുന്ന കൃത്രിമകുളങ്ങളിലെ ഈ സമൂഹകുളിക്ക് ഏറെ പ്രചാരം നൽകുന്നതിൽ നമ്മുടെ ചാനലുകൾക്ക് വലിയ പങ്കുണ്ടെന്നത് മറന്നു കൂടാ.

പഠനയാത്ര അഥവാ ജോളിടൂർ എന്നു കേൾക്കുമ്പോഴേക്കും തലയിലിടാൻ ഒരു തൊപ്പിയും ബർമുഡയും ടൈറ്ററും കുപ്പിപാനീയങ്ങളും നല്ലൊരു രഹസ്യക്യാമറയും ഇറുകിയ ടീഷർട്ടുകളും സംഘടിപ്പിക്കാൻ വെപ്രാളം കൂട്ടുകയാണ് വിദ്യാർത്ഥികൾ. പ്ലസ്ടുകൾ- ബിരുദ-ബിരുദാനന്തര (തതുല്യ കോഴ്സുകളുടെ) തലത്തിലെത്തുന്നതോടെ മദ്യവും യാത്രയുടെ അനിവാര്യമായിത്തീരുന്നു. പലരിലും ഒളിഞ്ഞിരിക്കുന്ന തനിസ്വരൂപങ്ങൾ പുറത്തു വരാനും ഇത്തരം യാത്രകളിലാണ്. വിദ്യാർത്ഥികൾ യാത്രയുടെ യതാർത്ഥ സാഫല്യവും അർത്ഥവ്യാപ്തിയും വ്യക്തമാക്കുന്ന പഠനയാത്രകൾ സംഘടിപ്പിക്കാൻ വിദ്യാഭ്യാസവകുപ്പ് പദ്ധതികൾ ആവിഷക്കരിച്ചേ മതിയാകൂ.



സാഹോദര്യവും സമാധാനവും ലാളിത്യവും വിദ്യാർത്ഥികളിൽ നിറക്കുന്ന ജീവന്റെ വൈവിദ്ധ്യവും, കൃഷിയുടെ, നാട്ടറിവിന്റെ ചരിത്രത്തിന്റെ, ഭൂപ്രകൃതിയുടെ മനുഷ്യജീവിതത്തിന്റെ പ്രകൃതി മനോഹാരിതയുടെ വിശാലകാഴ്ച്ചകൾക്ക് സന്ദർഭമൊരുക്കാനും അറിവിന്റെയും കൗതുകങ്ങളുടെയും അന്വേഷണത്തിന്റെയും ആരംഭത്തിനു തിരി കൊളുത്താനും നമ്മുടെ യാത്രകൾ കൊണ്ട് കഴിയേണ്ടിയിരക്കുന്നു.

# നമുക്കുണ്ടോ ഒരു വിദേശ നയം?



അബ്ദുൽ ഖാദർ
എം.എ അറബിക്


**ഡോ. മൻമോഹൻ സിങ്ങിന്റെ** നേതൃത്വത്തിലുള്ള ഇന്ത്യൻ സർക്കാർ ഏറെ പ്രാധാന്യത്തോടെ ശ്രദ്ധിക്കുന്നത് മതനിരപേക്ഷതയുടേതായ തത്ത്വങ്ങൾ നിലനിർത്തുക, സാമ്പത്തിക നീതി കൈവരിച്ച് രാജ്യപുരോഗതി ഉറപ്പുവരുത്തുക, ഭരണകൂട ഭീകരതയുടെ വേദങ്ങളായിക്കഴിഞ്ഞ നിയമങ്ങളും രീതികളും തിരുത്തുക തുടങ്ങിയ കാര്യപരിപാടികളിലാണ്. ഒരു നിലക്കും അവഗണിക്കാനാവാത്ത ഒന്നാണ് നമ്മുടെ വിദേശബന്ധങ്ങളും അവയ്ക്ക് അടിസ്ഥാനമായിരിക്കേണ്ട നയവും. ഇന്നത്തെ മന്ത്രിസഭയിലെ അംഗങ്ങളായ നട്‌വർ സിംഗ്, ഇ. അഹമ്മദ് തുടങ്ങിയവർക്ക് വിദേശ രാജ്യങ്ങളുമായി നല്ലബന്ധമാണുള്ളത്. നയമില്ലായ്മയാണ് ഏറെകാലമായി നമ്മുടെ വിദേശനയത്തിന്റെ ഏക ലക്ഷണം. **ലോക സംഭവങ്ങളോടും പ്രശ്നങ്ങളോടും പ്രതികരിക്കുമ്പോൾ ഏതെങ്കിലും ദീർഘകാല കാഴ്ചപ്പാടോ തത്ത്വങ്ങളോ അല്ല, തൽക്കാല സൗകര്യങ്ങളാണ് നമുക്ക് വഴികാട്ടിയാകാറുള്ളത്. അതിലപ്പുറം നമ്മുടെ വിദേശബന്ധങ്ങൾ മറ്റു രാജ്യങ്ങൾ തീരുമാനിക്കുന്നിടം വരെ എത്തിയിട്ടുണ്ട് കാര്യങ്ങൾ. പാക്കിസ്ഥാനോടുള്ള ഇന്ത്യൻ ബന്ധത്തിൽ അമേരിക്കയുടെ സ്വാധീനം വളരെ പ്രകടമാണ്.**

മുമ്പ് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യക്ക് മികച്ച പ്രതിച്ഛായയുണ്ടായിരുന്നു. യുഗോസ്ലാവ്യ (മാർഷൽടിറ്റോ) യും ഈജിപ്തും (ജമാൽ അബ്ദുന്നാസർ) ഇന്ത്യ (ജവഹർലാൽ നെഹ്റു) യോടൊത്ത് ചേരിചേരാ നയം കൊണ്ടുവന്നത് ഒരു ആദർശം തന്നെയായി അന്ന്. ലോകവേദികളിലാകമാനം നമ്മുടെ ശബ്ദം ശ്രദ്ധിക്കപ്പെടുകയും പുകഴ്ത്തപ്പെടുകയും ചെയ്തു. ആഗോള പ്രശ്നങ്ങൾ, പ്രതിസന്ധികൾ തുടങ്ങി ആവശ്യം വന്നിടത്തെല്ലാം ഇന്ത്യയുടെ സാന്നിദ്ധ്യം ആവശേവും ആശ്വാസവും ആയിരുന്നു. പിന്നീട് അമേരിക്കയാൽ ലോകം ഞെരിഞ്ഞമരാൻ തുടങ്ങിയപ്പോൾ ഇന്ത്യൻ വിദേശനയത്തിന് തനിമയും മൗലികതയും നഷ്ടമായി. ഇന്നു ഇന്ത്യയുടെ വിദേശ ബന്ധങ്ങളിൽ ഒരു മാറ്റമുണ്ടായത് ഇസ്രായേലുമായി കൂടുതൽ അടുത്തു എന്നതാണ്! കൈയൊഴിഞ്ഞ ആദർശ നിഷ്ഠയിലേക്ക് മടങ്ങിപ്പോകാനും കൈമോശം വന്ന പ്രതിച്ഛായ വീണ്ടെടുക്കാനും ഇനിയെങ്കിലും കാര്യമായി ഇന്ത്യ ശ്രമിക്കേണ്ടിയിരിക്കുന്നു. അയൽപക്കബന്ധങ്ങൾ ശക്തിപ്പെടുത്തുക, ആഗോളതലത്തിലും മേഖലാതലത്തിലും സമാധാനത്തിന്റേയും പരസ്പരസഹകരണത്തിന്റേയും അന്തരീക്ഷം കൈവരിക്കുക, ഒത്തുതീർപ്പില്ലാത്തവിധം സാമ്രാജ്യത്വത്തോട് വിരോധം പുലർത്തുക എന്നിങ്ങനെ മൂന്നു വിശാല മേഖലകളിലാണ് വിദേശകാര്യവകുപ്പിന്റെ ശ്രദ്ധ പ്രധാനമായും പതിയേണ്ടത്.

പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ചൈന, ശ്രീലങ്ക തുടങ്ങി ഇന്ത്യയുടെ അയൽ രാജ്യങ്ങളുമായുള്ള ശത്രുതയിൽ ഏറെക്കുറെ അയവും മാറ്റവും വന്നിട്ടുണ്ട്. ഈ അവസ്ഥ നിലനിർത്തുകയും വ്യാപാര - വ്യവസായ മേഖലകളിലടക്കം നന്നായി സഹകരിച്ച് അതിനു സ്ഥായിയായ സ്വഭാവം നൽകി മുന്നോട്ടുപോകാൻ നമുക്കാവണം. വിദേശബന്ധങ്ങളിൽ അമേരിക്കയെ നന്നായി സുഖിപ്പിക്കുക എന്നതായിരിക്കുന്നു നമ്മുടെ നയം. അമേരിക്കയെ എത്രകണ്ട് നാം സേവിച്ചിട്ടും അതിന്റെ നന്ദി അപകടമായേ നമ്മൾ അനുഭവിച്ചിട്ടുള്ളൂ. വ്യാപാര രംഗത്ത് ഇന്ത്യക്ക് മേൽക്കൈ ഉണ്ടായിരുന്ന ഏകരംഗം ഔട്ട്സോഴ്സിംഗിന്റേതായിരുന്നു. അതിലും അമേരിക്ക നമുക്കെതിരായ നിലപാടാണ് കൈക്കൊണ്ടത്.

അമേരിക്കൻ പ്രീതി സമ്പാദിക്കാൻ പാവപ്പെട്ട ഇറാഖികൾക്കെതിരെ അമേരിക്കക്കു വേണ്ടി സൈന്യത്തെ അയക്കാൻ കൊതിച്ചവരാണ് നാം. ഇസ്രായേലുമായും നമുക്കുള്ളത് വിധേയത്വമാണ്, ചങ്ങാത്തമല്ല. ഐക്യരാഷ്ട്രസഭ പോലുള്ള വേദികളെ ജനായത്തപരമായി പുന:സംഘടിപ്പിച്ച് അവയെ ലോകസമാധാനത്തിനും സഹകരണത്തിനുമുള്ള യഥാർത്ഥ മാധ്യമമായി മാറ്റിയെടുക്കാനും ഇന്ത്യക്കുകഴിയും. ഇന്ത്യക്കേ കഴിയൂ. നമുക്ക് നഷ്ടമായ നമ്മുടെ വിദേശനയത്തിൽ ആദർശം കൂടി കലർത്തി തിരിച്ചെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ....

# On Being A Scientist




**Dr. M. Jafar**
Dept. of Chemistry

**Thomas Gray** laments even for the unsung heros of a hamlet; but few are the occasions, the group of strange fellows-chemists, physicists, biologists etc.-gets due rec ognition during their Life time in their world, only one quality is respected - Excell en ce, and only the very best will remain afloat. There are cases where true ability went unacknowledged, dec ades after the man's death.

Albert Einstein was thought to have so little promise at graduation, that no school or university bothered to offer him a job. In 1905, at the age of 26, the still supposedly untalented man working as a Patent Clerk, published 3 papers in a single year, each of which was destined to become a classic of scientific thought. The response from the world of science to his unequalled performance was total indifference. That silence persisted for another few years.


When Neils Bohr, in 1913, proposed his Quantum Mechanical model for Hydrogen atom, it was only one of dozens of alternate atomic theses that had been appearing in the journals month after month for decades. No one paid much attention, eventhough Einstein confided to a friend that Bohr's ideas were of great importance. I once had similar thoughts, but I didn't dare to publish them! It was his amazing confession.

No work of art has ever had the revolutionary impact on man and society, the impact a new technology had, whether it is that of electricity of antibiotics or plastics. With the artist, a moment in history comes to an end when he finishes his particular work and the act of creation is terminated. But with the scientist, it is that precise moment at which a new phase of history begins, even though, he himself cannot foresee what future generations will add to his contribution or choose to do with it. Thus, Michael Faraday would not have ever guessed that the dropping of a magnet through a coil of wire would mean that a 100 years later, millions of miles of electric power lines would flash billions of kilowatts in this way, in the world.

Experiments carry all the emotions of a contest. Objectivity lies in the scientist's willingness to accept, however reluctantly, evidence that his brilliant conception is wrong. Once Mother Nature gives its decision, there is no appeal. Within no time, the scientist is ruthlessly informed whether his creation is valid or not. Unlike the infinite world of art, in creative possibilities, the world of science is restricted. There is only one Nature to be discovered. The words of Sir Isac Newton, I have been but a child playing on the sea shore, now finding some prettier pebbles or more beautiful shell than my companion, while the unbounded ocean of knowledge lay undiscovered before me depict correctly the position of the greatest of scientists, even today.

Because of his inability to look over the walls of history and foresee what future generations will do with the fruits of his discovery, he is being blamed by the society today for making nasty smell in the labratory, polluting atmosphere and waters and for what not. it is as if,Prometheus was chained to rock not by God from whom he stole the fire, but by the men he tried to help, because, as they clain, he had now made it possible for them to burn one another to death!

# PHYSICAL EDUCATION–NEED OF THE HOUR



**Abdussalam. K**
Dept: Physical Education

**By** Education, I mean the all round drawing out of the best in child and man, - holy, mind and Spirit. (M.K. Gandhi)

Physical Education is one of the most misunderstood terms in the field of Indian educational system. In a country like India where diversities are existing at its peat, Physical Education and sports can do a lot in the National Integration process.

The concept of Modern education is wider and more comprehensive than the old one. It aims on the all round development of child's personality - ie physical, mental, social, intellectual, moral and proffessional. Inorder to acquire knowledge from all these domains, organised activities are needed in and out of the class room so as to enable the students to go through different practical experiences. This helps in the development of every aspect of child's personality. Being so, one gets confidence to face difficult situations in his life which he may met from time to time.

By this sense, physical education and general education are the two sides of the same coin. physical edcucation is an integral part of the total education process. It not only aims physical fitness but also to the physical efficiency, mental alertness and the development of certain qualities like team spirit, leadership, obedience to the rules, moderation in victory and balance in defeat. Physical Edu is a judicious blend of education through physical activities for the development of physical fitness, social fitness and emotional fitness.

But physical education is giving least significance in the educational set up of our country. It still lies on the Co-curricular part. People from all strata think that it is merely a jumping - running - playing process which they feel as time waste. But the fact is; competitive sport is only one component of physical edu programme. The ultimate aim of physical edu is to provide help for the development of one s organic fitness which is the very need for healthy living. It is because of the negligence and ignorance of a well organised fitness programme, the graph of obesity deseases has been increasing at a higher rate. The nuke and corner of our country is occupying with multi speciality hospitals. Almost all age groups are suffering from defferent kinds of health - fitness problems; and doctors are always prescribing different exercise programmes as the only panacea ....!! Maintanance of body weight to the desirable level in adulthood is very important because obesity is the forerunner of many diseases. A knowledge on BMI (Body Mass Index) will help to a great extent from being attected by such diseases.

A sound physical education programme helps to reduce stress and strain by different kinds of relaxation techniqnes such as yoga and helps to keep the mind as well as body calm and quiet.


Now, it is high time for a re thinking in our educational structure. A sound mind be there only in a sound body. only in a sound body. Only a healthy mind can develop qualities such as patience, tearlessness, calmness, fortitude, forbearance and self confidence which are necessary for promotion of family, community and national harmony. Physical education and sports should therefore form an integral part of lifelong education in the overall educational system with due emphasis at university level. An awareness is to be created that through sports and games, the entire human potentiality can be harnessed wihch in turn would help in bringing about harmony in the entire universe - like the five rings on the olympic flag which represents the harmony among the five continents....




**സി.കെ. അഹ്മദ്**
N.S.S പ്രോഗ്രാം ഓഫീസർ

**'വ്യക്തിത്വ** വികാസം സാമൂഹ്യസേവനത്തിലൂടെ,' എന്ന ലക്ഷ്യത്തോടെ നമ്മുടെ രാഷ്ട്രപിതാവ് മഹാത്മ ഗാന്ധിയുടെ ജൻമശദാബ്ദി വർഷമായ 1969 സെപ്തംബർ 24നാണ് നാഷ്ണൽ സർവീസ് സ്കീം രൂപം കൊണ്ടത്. മനുഷ്യജീവിതത്തിലെ അവിസ്മരണീയ കാലഘട്ടമാണ് കലാലയ ജീവിതം. ശാരീരിക, മാനസിക വളർച്ച പ്രാപിക്കുന്ന കൗമാരപ്രായക്കാരായ വിദ്യാർത്ഥികളെ അനാവശ്യ പ്രവണതകൾക്കടിമപ്പെടാതെ, പ്രത്യേക ശ്രദ്ധയോടെ നിയന്ത്രിച്ച്, 'യുവശക്തി സാമൂഹ്യ നന്മക്കായ് തിരിച്ചുവിടുക' എന്നതാണ് നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രധാന ലക്ഷ്യം. കൗമാരപ്രായക്കാരുടെ ചഞ്ചലമായ മനസ്സ് കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ അനിയന്ത്രിതമായി കുതറിയോടാൻ വെമ്പൽ കൊള്ളുന്നു. രക്ഷിതാക്കളും അദ്ധ്യാപകരും ഈ ഘട്ടത്തിൽ പ്രത്യേക ശ്രദ്ധ നൽകിയില്ലെങ്കിൽ യുവതലമുറ അരുതാത്തത് ചെയ്യുകയും അതിലൂടെ പിൽകാലത്ത് അവർ ജീവിത നൈരാശ്യത്തിലകപ്പെടുകയും ചെയ്യുന്നു. അനാവശ്യ പ്രവർത്തനങ്ങൾക്കടിമപ്പെടാൻ സാധ്യതയുള്ള കൗമാരപ്രായക്കാരായ കലാലയ വിദ്യാർത്ഥികളെ പ്രത്യേക മാർഗ നിർദ്ദേശങ്ങളിലൂടെ നയിച്ച്, അവരിലൊളിഞ്ഞിരിക്കുന്ന 'യുവശക്തി'യെ രാഷ്ട്രപുരോഗതിക്കായ് തിരിച്ചുവിടാൻ കാമ്പസുകളിൽ നാഷണൽ സർവ്വീസ് സ്കീം ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. കലാലയ വിദ്യാർത്ഥികൾ കൂട്ടിലടച്ച കിളികളെപ്പോലെ ക്ലാസ്സ് മുറിയിലെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങേണ്ടവരല്ല, മറിച്ച് അവർ സ്വായത്തമാക്കുന്ന വിജ്ഞാനം നാടിനും നാട്ടാർക്കും ഉപകാരപ്രദമാകുന്ന രൂപത്തിൽ വിനിയോഗിക്കാൻ മുമ്പോട്ടുവരണമെന്ന് മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഒരിക്കൽ ആഹ്വാനം ചെയ്യുകയുണ്ടായി. 'നിർബന്ധിത സാമൂഹ്യ സേവനം,' പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് 1958ൽ തന്നെ പണ്ഡിറ്റ് നെഹ്റു തന്റെ ആശയങ്ങൾ മുമ്പോട്ട്വെച്ചിരുന്നു. പിന്നീട് വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന പ്രൊഫസർ കെ.ജി. സൈതൽ വിവിധ രാജ്യങ്ങൾ സന്ദർശിച്ച് ഈ കാര്യത്തെക്കുറിച്ച് പഠനം നടത്തുകയും'National Service for Youth' എന്ന പേരിൽ ഒരു പഠന റിപ്പോർട്ട് ഗവൺമെന്റിനു മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ഈ പ്രവർത്തനങ്ങളാണ് പിന്നീട് എൻ.എസ്.എസിന്റെ വളർച്ചക്ക് സഹായകരമായ വസ്തുതകൾ.

**കലാലയങ്ങളിലൂടെ വളർന്നുവരുന്ന യുവ തലമുറക്ക് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിക്കുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. സാമൂഹ്യ നന്മക്കുതകുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും അവ ഏതെല്ലാം വിധത്തിൽ കലാലയങ്ങളിലൂടെ നടപ്പിൽ വരുത്താനാവുമെന്നും നാഷണൽ സർവീസ് സ്കീം വിദ്യാർത്ഥികളെ ബോധവൽകരിക്കുന്നു.** നേരത്തെ യുവ ജനക്ഷേമ വകുപ്പിന്റെ കീഴിലായിരുന്ന എൻ.എസ്.എസ് ഇപ്പോൾ



കേന്ദ്ര യുവജനകാര്യ വകുപ്പിന് കീഴിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് കേരള-ലക്ഷദ്വീപ് റീജിയനിൽ മാത്രമായി 1,2500-ലധികം എൻ.എസ്.എസ് വളണ്ടിയർമാർ കലാലയങ്ങളിലൂടെ സാമൂഹ്യ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. പരോപകാര ചിന്ത, പരസ്പര സ്നേഹം, സേവന സന്നദ്ധത തുടങ്ങിയ സദ്ഗുണങ്ങൾ സ്വായത്തമാക്കാൻ യുവതലമുറയെ നാഷണൽ സർവീസ് സ്കീം സഹായിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് ഹയർസെക്കന്ററി തലം തൊട്ട് ഉന്നത കലാലയ വിദ്യാഭ്യാസ ഘട്ടം വരെ നന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എൻ.എസ്.എസ്, അതിന്റെ വൈവിധ്യമാർന്ന പ്രവർത്തന മേഖലകളിലൂടെ പൊതുജന നന്മക്കായ് പലതരം പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

ഓരോ വർഷവും ഒരു നിർണ്ണിത മുദ്രാവാക്യവുമായാണ് എൻ.എസ്.എസ് വോളണ്ടിയർമാർ സമൂഹത്തിലേക്കിറങ്ങുന്നത്. 'ജലം ജീവാമൃതം', 'യൂത്ത് ഫോർ സ്വച്ഛത' തുടങ്ങിയ മുദ്രാവാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന ലക്ഷ്യങ്ങൾ തികച്ചും പ്രശംസനീയം തന്നെ. ജാതി, മത, പ്രാദേശിക, വിഭാഗീയ ചിന്തകൾക്കതീതമായി 'നാം ഒന്ന്, മനുഷ്യരൊന്ന്, നാം സമൂഹത്തിന്റെ ഭാഗം' എന്ന ചിന്തയോടെ "മനസ്സ് നന്നാവട്ടെ" എന്ന് തുടങ്ങുന്ന മനോഹരമായ എൻ.എസ്.എസ് ഗീതവുമായി പ്രവർത്തന കളരിയിലേക്കിറങ്ങുന്ന എൻ.എസ്.എസ് വോളണ്ടിയർമാരെ ചുറ്റുമുള്ള സമൂഹം സന്തോഷത്തോടെ വരവേൽക്കുന്നു. എൻ.എസ്.എസിൽ അംഗങ്ങളാവുന്നവർക്ക് വൈവിദ്ധ്യമാർന്ന ബോധവത്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് ക്ലാസ്സുകൾ, വ്യക്തി വികസന പരിശീലന കളരികൾ, ദേശീയോദ്ഗ്രഥന ക്യാമ്പുകൾ, പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയിൽ പങ്കെടുക്കാൻ അവസരങ്ങൾ ലഭിക്കുന്നതിനാൽ അതിലൂടെ നേടിയെടുക്കുന്ന അനുഭവങ്ങൾ പിന്നീട് മറ്റുള്ളവരുമായി പങ്കുവെക്കാൻ അവർക്ക് സാധിക്കുന്നു.

**കലാലയങ്ങളിലെ പാഠപുസ്തകങ്ങളിൽ നിന്ന് ലഭിക്കുന്നതല്ല യഥാർത്ഥ ജീവിതാനുഭവങ്ങൾ. മറിച്ച് വിദ്യാർത്ഥി സമൂഹം തങ്ങൾക്കുചുറ്റുമുള്ള സമൂഹത്തിലേക്കിറങ്ങുമ്പോൾ അതിലൂടെ അനുഭവിച്ചറിയുന്ന പച്ചയായ ജീവിത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാനും പിൽക്കാലത്ത് പ്രസ്തുത അനുഭവങ്ങൾ ആരോഗ്യകരമായ കുടുംബജീവിതം കാഴ്ചവെക്കാൻ എൻ.എസ്.എസ് വിദ്യാർത്ഥികളെ സഹായിക്കുന്നു.**

വാർത്താമാധ്യമങ്ങളുടെ വശീകരണ വലയത്തിലകപ്പെട്ട് വഴിതെറ്റുന്ന യുവതലമുറയെ ശരിയായ മാർഗത്തിലൂടെ തിരിച്ചുവിട്ട് ജീവിതലക്ഷ്യത്തിലെത്തിക്കാൻ കലാലയങ്ങളിലൂടെ എൻ.എസ്.എസ് വോളണ്ടിയർമാർ ശ്രമിക്കേണ്ടതുണ്ട്. ജീവിതം അടിച്ചുപൊളിക്കാനുള്ളതാണെന്ന തെറ്റായ ധാരണയുമായി, കവലകളിലൂടെ ബൈക്കുമായി ചെത്തിനടന്ന് മയക്കുമരുന്നിനടിമപ്പെടുന്ന ഒരുപറ്റം കലാലയ വിദ്യാർത്ഥികളെ വിവിധ കലാലയങ്ങളിൽ കാണാറുണ്ട്. ഈ രൂപത്തിലുള്ള സഹപാഠികളെ കണ്ടെത്തി അവർക്കായി കൗൺസിലിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കാനും, ഭാവി ജീവിതം ഭാസുരമാക്കാനുതകുന്ന ഗൈഡൻസ് ക്ലാസ് സംഘടിപ്പിക്കാനും, മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കാൻ മാതൃകാ ക്ലാസുകളും ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിക്കാനും, സാമ്പത്തിക പരാധീനതകളാൽ പഠനം മുടങ്ങുന്ന സഹപാഠികളെ കണ്ടെത്തി കൂട്ടായ്മയിലൂടെ അവരെ മുന്നോട്ട് നയിക്കാനും എൻ.എസ്.എസ് വോളണ്ടിയർമാർ രംഗത്തിറങ്ങണം. രാഷ്ട്രീയ ചൂഷണത്തിലകപ്പെട്ട് വിലയേറിയ അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടുത്താൻ തയ്യാറാകുന്നവർക്കെതിരെ കച്ചകെട്ടി ഇറങ്ങാനും അത്തരക്കാർക്കുവേണ്ടി ക്ലാസുകൾ സംഘടിപ്പിച്ച് വിദ്യാഭ്യാസ കാലഘട്ടം അവിസ്മരണീയവും ഉപകാരപ്രദവുമായ ജീവിത കാലമായി മാറ്റാനും യുവതലമുറ ശ്രമിക്കണം. കലാലയങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്കിറങ്ങി കാടുകൾ വെട്ടിതെളിയിച്ച് റോഡുകൾ വെട്ടുന്ന എൻ.എസ്.എസ് വോളണ്ടിയർമാർ പ്രസ്തുത പ്രവർത്തനത്തോടൊപ്പംതന്നെ ഇരുളടഞ്ഞിരിക്കുന്ന തങ്ങളുടെ മനസ്സുകളിലേക്ക് കൂടി വേണ്ടത്ര വെളിച്ചമേകുന്ന പാതകൾ വെട്ടാനും അതിലൂടെ സ്വയം നന്നാകാനും മറ്റുള്ളവരെ നന്നാക്കാനും ശ്രമിക്കണം. ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രചോദനമേകാൻ എൻ.എസ്.എസിൽ ലഭിച്ച അംഗത്വം വിദ്യാർത്ഥികൾക്ക് സഹായകരമാവുമെന്ന് നമുക്കാശിക്കാം.

"Nature is god's. Art is man's instrument" - Thomas.

The lexicon meaning of the word art is "the expression of creative skill through a visual medium such as painting or sculpture." This term art is derived from the Latin word 'ars' that refers to any skill or knowledge that was needed to produce something. One is likely to think of painting, music, literature, sculpture, architecture, dance and related fields as forms of art. These art forms are the 'fine arts' of the present world. In earlier days the word art was also used to refer to useful skills like agriculture, medicine, warfare and so on.

In addition to the fine arts we also have liberal arts that requires superior mentel ability. Arts can also be classified on the basis of the sensory appeal,ie, they can be classified depending on their appeal to the senses of sight or hearing. Thus painting, sculpture and architecture can be auditory art.Then literature can be both visual and auditory for when a person reads a story, the visual impressions as well as the words can be enjoyed.A further classification based an on the varity of talents required for its success is also possible since literature, sculpture etc can be enjoyed alone (one poem, one status), they are single arts while drama, dance, architecture etc are composite arts.


**Upto the early 20th century it was assumed that art imitated nature Aristotle in his 'poetics' says that "Imitation is natural to man from childhood." So imitation can be considered as on aspect of arts. Thus there were the sculptor imitation the human body and music imitating the human passions.** But gradually art and nature were partially separated and it was realised that "The artist goal is self-expression, not necessarily imitation of any feature of the outer world." The word style is highly applicable on arts, it can be described as a way of doing art one can find that all arts and their styles are influenced by the times in which they thrive

As noted above, all artists and their works belong to particular times. Thus they have in them beliefs and ideas of their generation which they generation which they put forward in their aesthetic works. Today there are many specialized educational institutions that marks the marks the study of arts possible. from the 16th century itself artists were trained by other artists and by the 17th century training centers began to flourish. The Royal academy of painting and sculpture in paris founded in 1648 and Royal Academy of Arts Started in 1768 in london are some of them .

"Art does not represent things falsely, but truly as they appear to man kind"

**Juleena Roshy. A**
II BA English

# The Arts





# ഉദാരവൽക്കരണ

**മിഥുൻഷാ**
രണ്ടാം വർഷ ഫിസിക്സ്

**ചർച്ചകളുടെ** പശ്ചാത്തലം നിശ്ചയിക്കേണ്ടത് സമൂഹമാണ്. പ്രായോഗികതയുടെ സ്പർശമേൽക്കാത്ത ചർച്ചകൾ നിരർത്ഥകമാണ്. അതുകൊണ്ടുതന്നെ ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നിവയുടെ സൈദ്ധാന്തിക തലത്തിലുള്ള ചർച്ചകൾക്കുപരി പ്രായോഗികതലത്തിലുള്ള വിശകലനമാവും കൂടുതൽ അർത്ഥവത്താവുക.

1991 ൽ നരസിംഹറാവു ഗവൺമെന്റിലെ ധനകാര്യമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗാണ് ഇന്ത്യയിൽ ഉദാരവൽക്കരണ നയങ്ങൾക്ക് രൂപം നൽകിയത്. ലോകരാഷ്ട്രങ്ങൾ ഇന്ത്യയുടെ ഈ നൂതന സംരഭത്തെ ആകാംക്ഷയോടെ നോക്കിക്കണ്ടു. അതിന് പ്രധാനമായും മൂന്ന് കാരണങ്ങളുണ്ടായിരുന്നു.

1) ലോകജനസംഖ്യയിൽ രണ്ടാംസ്ഥാനമാണ് ഇന്ത്യക്കുള്ളത്.

2) മദ്ധ്യവർഗ്ഗങ്ങൾ കൂടുതലുള്ളതും (400-450 Million) അവർ നിയന്ത്രിക്കുന്ന സമ്പദ്വ്യവസ്ഥയുള്ളതും ഇവിടെയാണ്.

3) ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഇത് വിജയിച്ചാൽ ഉദാരവൽക്കരണത്തിന്റെ വിമർശകരുടെ വായടപ്പിക്കാം. ഒപ്പം ഒരു സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഇന്ത്യയെ കരകയറ്റി എന്ന് അഭിമാനിക്കുകയും ചെയ്യാം.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ പിന്നോക്കവിഭാഗങ്ങൾ പുനരുദ്ധരിക്കപ്പെടാനും മുഖ്യധാരയിലേക്ക് വരാനും തീവ്രമായി പരിശ്രമിച്ചുകൊണ്ടിരുന്ന സമയത്ത് തന്നെ കടന്നുവന്ന പുത്തൻ സാമ്പത്തിക നയങ്ങൾ ഗുണത്തേക്കാളേറെ ദോഷങ്ങളാണുണ്ടാക്കിയത്. ഇത് ഒരു കമ്പോള കേന്ദ്രീകൃത വ്യവസ്ഥയിലേക്ക് ഇന്ത്യയെ നയിച്ചു.

ഇറക്കുമതിനയങ്ങളുടെ ഉദാരവൽക്കരണമാണ് ഇന്ത്യയിൽ ആഗോളവൽക്കരണത്തിന് അടിസ്ഥാനമിട്ടത്. ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ സാമ്പത്തിക ശാസ്ത്ര അദ്ധ്യാപകനായ ഡാനി റോഡ്രിക് തന്റെ "Has globalisation gone too far" എന്ന പുസ്തകത്തിൽ വികസ്വര രാജ്യങ്ങൾ ആഗോളവൽക്കരണത്തെ എതിർക്കുന്നതിന് പ്രധാനമായും രണ്ടു കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

1) ആഗോള വൽക്കരണം അവിദഗ്ദ്ധ തൊഴിൽ മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ.

2) സേവന മേഖലയിൽ നിന്നും സാമൂഹ്യ സുരക്ഷാമേഖലയിൽ നിന്നുമുള്ള ഭരണകൂടങ്ങളുടെ പിൻവാങ്ങൽ

# ഒരു പതിറ്റാണ്ടിനു ശേഷം

ഒരു വികസ്വരരാജ്യമായ ഇന്ത്യ യാതൊരു മുന്നൊരുക്കവുമില്ലാതെ ഉദാര വൽക്കരണത്തിലേക്ക് നയിക്കപ്പെടുകയായിരുന്നു. മുൻ NDA സർക്കാർ ഓഹരി വിറ്റൊഴിക്കൽ മന്ത്രാലയം സ്ഥാപിച്ചുകൊണ്ട് ആ നയങ്ങൾ ത്വരിതപ്പെടുത്തി. UPA സർക്കാരിന്റെ വരവോടെ ആ തീവ്രതക്ക് ശമനം സംഭവിച്ചിട്ടുണ്ടെങ്കിലും അവരും സബ്സിഡികൾ വെട്ടിക്കുറക്കുകയും ബാങ്കുകളും ഇൻഷൂറൻസ് സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഉദാരവൽക്കരണ നയങ്ങൾക്ക് നിയമ പരിരക്ഷ ഉറപ്പുവരുത്താൻ നിർമ്മിച്ച കുത്തക നിയന്ത്രണനിയമം, IT bill, വിദേശവിനിമയ നിയമം എന്നിവ ഇപ്പോഴും മാറ്റമില്ലാതെ നിലനിൽക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് ഒരു പതിറ്റാണ്ടു പിന്നിട്ട ഉദാരവൽക്കരണ നയങ്ങൾ ചർച്ചക്ക് വിധേയമാകുന്നത്.

## സാമ്പത്തിക രംഗം

തൊണ്ണൂറുകളിൽ നേരിട്ട സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് ഭാരതത്തെ രക്ഷിച്ചത് ഉദാരവൽക്കരണം തന്നെയാണ്. ഉയർന്ന ശരാശരിവളർച്ചക്ക്, വിദേശ വ്യാപാരമേഖലയിലെ വൈവിധ്യവൽക്കരണം, വിദേശനിക്ഷേപത്തിലെ വർദ്ധനവ്, ആഭ്യന്തര വിപണിയിലെ ഉൽപ്പന്നങ്ങളുടെ ലഭ്യത എന്നിവയെല്ലാം ഉദാര വൽക്കരണത്തിന്റെ പ്രധാന നേട്ടങ്ങളായിരുന്നു. 1991 ൽ ഒരു ശതമാനത്തിൽ കീഴെയായിരുന്ന വളർച്ചാനിരക്ക് ഇപ്പോഴത്തെ 6.8% എത്തിക്കാൻ കഴിഞ്ഞു. കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾക്ക് പിന്നീട് സാമ്പത്തിക പ്രതിസന്ധികൾ പലതും നേരിടേണ്ടി വന്നെങ്കിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ അതിൽ ഉലയാതെ നിന്നത് ഉദാരവൽക്കരണം മൂലമാണ്. മുൻ റിസർവ്വ് ബാങ്ക് ഗവർണ്ണറായിരുന്ന ശ്രീ. ബിമൽ ജലാൻ പറഞ്ഞത് പോലെ "1991 ന് മുമ്പുള്ള 36 വർഷങ്ങളിൽ 30 വർഷവും നാം അടവുശിഷ്ട പ്രശ്നം നേരിട്ടെങ്കിലും ഉദാരവൽക്കരണത്തിന് ശേഷം അത് തീരെയില്ല എന്ന് തന്നെ പറയാം" ഉപഭോക്തൃ സംസ്കാരത്തിന്റെ പ്രത്യക്ഷചിഹ്നങ്ങളായ വൈറ്റ് ഗുഡ്സിന്റെ ഏറ്റവും വലിയ വിപണിയായി ഇന്ത്യ മാറിക്കഴിഞ്ഞിരിക്കുന്നു. ഫ്രാൻസിസ് ഫുക്കൊയാമ തന്റെ "The end of History" എന്ന ഗ്രന്ഥത്തിൽ കമ്പോളാധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ സൃഷ്ടിയിൽ ഉപഭോക്തൃ സംസ്കാരം മാത്രമേ അവശേഷിക്കൂ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രം അവസാനിച്ചു എന്ന് പ്രഖ്യാപിക്കുന്നു. ഇന്ത്യൻ പശ്ചാത്തലത്തിൽ കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണിത്.

**ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ പ്രധാന സ്ഥാനമുള്ള ചെറുകിട വ്യവസായങ്ങളുടെ മുഖ്യ വ്യാപാരമേഖല നമ്മുടെ ആഭ്യന്തരവിപണിയാണ് ഈ വിപണികൾ ഇന്ന് ഊർദ്ധശ്വാസം വലിച്ചുകൊണ്ടിരിക്കുന്നു.** ആഗോള വൽക്കരണത്തിന്റെ ഫലമായുണ്ടായ സ്വതന്ത്ര വ്യാപാര മേഖലകളിലാണ് വികസ്വര-വികസിത രാജ്യങ്ങളുടെ ഉൽപ്പന്നങ്ങൾ മൽസരിക്കേണ്ടത്. വികസിത രാജ്യങ്ങളിലെ വൻ കമ്പനികളുമായി മത്സരിക്കാൻ മാത്രം നമ്മുടെ ചെറുകിട വ്യവസായങ്ങൾ ശക്തമല്ല. സ്വതന്ത്രവ്യാപാര മേഖലകളിൽ പരമാവധി താഴ്ന്ന കൂലി കൊടുത്തും പലതരം നികുതികൾ കൊടുക്കാതെയും വികസിത രാജ്യങ്ങൾ

ഉൽപാദനം നടത്തുന്നു. വികസ്വര രാജ്യങ്ങളാവട്ടെ പണമില്ലാത്തതിനാൽ IMFൽ നിന്നും വേൾഡ് ബാങ്കിൽ നിന്നും മറ്റും കടമെടുത്ത് പദ്ധതികൾ നടപ്പാക്കുന്നു. ദാരിദ്ര്യവും തൊഴിലില്ലായ്മയും മൂലം കഷ്ടപ്പെടുന്ന ഇന്ത്യയെപ്പോലൊരു രാജ്യത്ത് ഇതിന്റെ പ്രത്യാഘാതങ്ങൾ സങ്കൽപ്പിക്കാവുന്നതിലുമപ്പുറമാണ്.

കയറ്റിറക്കുമതി ചുങ്കങ്ങൾ ഇന്ത്യയുടെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ്. ഇറക്കുമതി നയങ്ങൾ ഉദാരമാക്കിയത് വഴി ഇതിന്റെ സിംഹഭാഗവും നമുക്ക് നഷ്ടമായി. ഇന്ത്യൻ വിപണികൾ വിദേശ ഉൽപ്പന്നങ്ങളാൽ നിറക്കപ്പെട്ടു. GATT കരാർ പ്രകാരം വികസിത രാജ്യങ്ങൾ ഇറക്കുമതി തീരുവ 40% കുറയ്ക്കാമെന്ന് തത്വത്തിൽ അംഗീകരിച്ചിരുന്നു. എന്നാൽ ഇതിന് അനുപൂരകമായ നടപടി ക്രമങ്ങളുടെ അഭാവത്തിൽ വികസ്വര രാജ്യങ്ങളുടെ കയറ്റുമതി കൂടിയില്ല. മറിച്ച് ഇറക്കുമതി 13% മുതൽ 61% വരെ വർദ്ധിക്കുകയും ചെയ്തു. ഇത് ഇന്ത്യൻ ആഭ്യന്തര വിപണിയുടെ തകർച്ചക്ക് ആക്കം കൂട്ടി.

**സാമ്പത്തിക അടിത്തറക്ക് മുകളിലാണ് ആശയം, സ്ഥാപനം, സാഹിത്യം, സമൂഹം, രാഷ്ട്രവ്യവസ്ഥിതി എന്നിവ നിലനിൽക്കുന്നത് ഈ ഭൂമിക്കുണ്ടാവുന്ന ഏതു വ്യതിയാനവും അതിന്റെ ഉപരി ഘടനയിലും പ്രതിഫലിക്കും. അതുകൊണ്ട് ഉദാരവൽക്കരണത്തെക്കുറിച്ച് വീണ്ടുവിചാരം നടത്തുമ്പോൾ സാമ്പത്തിക മേഖലകൾക്കപ്പുറമുള്ള വിശാല തലങ്ങളിലേക്ക് അതിന് വ്യാപിപ്പിക്കേണ്ടതുണ്ട്.**

## സാംസ്കാരിക രംഗം

സാംസ്കാരിക പ്രവർത്തകനായ യു.എൽ.എഫ്. ബാനേർസിന്റെ അഭിപ്രായത്തിൽ എല്ലാ വിധ സാംസ്കാരിക പ്രവർത്തനങ്ങളും ഒത്തു ചേർന്ന് ഒരു പുതിയ സാംസ്കാരിക മണ്ഡലം ആഗോളവൽക്കരണം വഴി ഉണ്ടാവും. ക്രിയോലൈസേഷൻ എന്ന് ഇതിനെ വിളിക്കുന്നു. ഇതിന്റെ പ്രകടമായ ചലനങ്ങൾ സാഹിത്യ മേഖലകളിൽ കാണാം. സൽമാൻ റുഷ്ദിയുടെയും ശശിതാരൂരിന്റേയും അരുന്ധതിറോയിയുടെയും രചനകളിൽ പ്രത്യക്ഷപ്പെടുന്ന സമ്മിശ്ര പ്രയോഗങ്ങൾ സാഹിത്യരംഗത്ത് ആഗോളവൽക്കരണത്തിന്റെ നേട്ടമായി തന്നെ വിലയിരുത്താവുന്നതാണ്. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടേയുള്ള സാംസ്കാരിക യുദ്ധങ്ങൾക്ക് ആഗോളവൽക്കരണം വഴിയൊരുക്കിയിട്ടുണ്ട്. മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇന്റർ നാഷണലിന്റെയും മറ്റും പ്രവർത്തനങ്ങൾ ലോകവ്യാപകമാക്കാൻ ആഗോളവൽക്കരണം വളരെയധികം സഹായിച്ചു. മറ്റു സംസ്കാരങ്ങൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും അത് വഴിയൊരുക്കിയിട്ടുണ്ട്. എന്നാൽ അതെല്ലാം അന്ധമായ അനുകരണങ്ങളിലേക്ക് വഴിമാറിയപ്പോൾ ആഗോളവൽക്കരണം സംസ്കാരിക രംഗത്ത് പരാജയപ്പെടുകയായിരുന്നു.

**ആഗോളവൽക്കരണം സംസ്കാരത്തെ ഒരു സാമ്പത്തിക വസ്തുവായാണ് കാണുന്നത്. ആ രംഗത്ത് ആഗോളവൽക്കരണത്തിന് സംഭവിച്ച പരാജയവും അതുതന്നെയാണ്. ഇത് സംസ്കാരത്തിന്റെ ഏകദിശാപ്രവാഹത്തിന് വഴിയൊരുക്കി.** പ്രാദേശികമായി നിലനിന്നിരുന്ന പല മാധ്യമങ്ങളുടേയും പ്രതിസന്ധിക്ക് ആഗോളവൽക്കരണം വഴിയൊരുക്കി. ഹോളിവുഡ് സിനിമകളുടെ അതിപ്രസരം ഇന്ത്യൻ സിനിമാ വ്യവസായത്തെ പ്രതിസന്ധിയിലാഴ്ത്തിയിരിക്കുന്നു. പ്രാദേശിക വിപണി അടിസ്ഥാനമാക്കിയുള്ള ഇന്ത്യൻ സിനിമകൾ വിദേശ സിനിമകളുടെ കുത്തൊഴുക്കിൽ പിടിച്ചുനിൽക്കാനാവാതെ ചരമഗതി പ്രാപിക്കുന്നു.

ഇന്ത്യയിൽ നിലനിന്നിരുന്ന അനേകം പരമ്പരാഗത ഭക്ഷ്യനിർമ്മാതാക്കളെ അവഗണിച്ച് കൊണ്ട് മാക്ക്ഡോനാൾസും ഹാമിൽടെൻസും ഒക്കെ ഇന്ത്യയിൽ സ്ഥാനമുറപ്പിച്ചപ്പോൾ പുതിയൊരു ഫാസ്റ്റ്ഫുഡ് സംസ്കാരത്തിന്ന് നാം അടിമകളായി. സംസ്കാരത്തെ ഒരു ചരക്കാക്കി ഉപയോഗിക്കുകയും ലാഭത്തിനായി മാധ്യമങ്ങളെയും കലക

ളെയും ജീവിതരീതികളെയും വാണിജ്യവൽക്കരിക്കുകയും ചെയ്യുന്ന നയം ഇന്ത്യയിൽ വന്നത് സംസ്കാരിക ആഗോളവൽക്കരണം വഴിയാണ്. ടി.വി യുടെയും വിദേശ സിനിമകളുടേയും അതിപ്രസരം കൊണ്ട് ഒരുകാലത്ത് ഭാരതസംസ്കാരത്തിന്റെ ഈടുവെയ്പുകളായിരുന്ന നാടകങ്ങളും തനത് കലകളും വേദിയിൽ നിന്ന് അപ്രത്യക്ഷമായി. ഒരു വിപരീത സംസ്കാരത്തിന്റെ മൂർത്തബിംബങ്ങളായ വാലന്റയിൻസ് ഡേയും ആശംസാകാർഡുകളും ഗിഫ്റ്റുകളും ഇന്ന് നമ്മുടെ ജീവിത പരിസരത്തെ ആശ്ലേഷിച്ച് നിൽക്കുന്നു. സാംസ്കാരിക രംഗത്തെ ഇത്തരം കൈയ്യേറ്റങ്ങൾ നമ്മുടെ തനത് സംസ്കാരത്തെ തകിടം മറിച്ചിരിക്കുന്നു.

## കാർഷിക രംഗം

**ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഏറ്റവും വലിയ ഗുണഭോക്താക്കളായി ചിത്രീകരിക്കപ്പെടുകയും എന്നാൽ അതിൽ നിന്നും കാര്യമായ നേട്ടങ്ങൾ ലഭിക്കാതെ പോവുകയും ചെയ്ത വിഭാഗമാണ് കർഷകർ.** കാർഷിക വിളകളുടെ വിലക്കുറവും കടക്കെണികളും കാരണം ഇന്ത്യൻ കർഷകർ ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുന്നു. കാർഷിക സബ്സിഡികളുടെ കാര്യത്തിൽ തന്നെ വികസിത-വികസ്വര രാജ്യങ്ങൾ തമ്മിൽ പ്രകടമായ അന്തരമുണ്ട്. കർഷകകുടുംബങ്ങളുടെ എണ്ണം ഇന്ത്യയിൽ 105 ദശലക്ഷം ആണെങ്കിൽ അമേരിക്കയിൽ അത് 9 ലക്ഷം മാത്രമാണ്. ന്യായമായും കാർഷിക സമ്പദ്‌വ്യവസ്ഥ ഉള്ള ഇന്ത്യക്കാർക്ക് തന്നെയാണ് സബ്സിഡി കൂടുതൽ ലഭിക്കേണ്ടത്. എന്നാൽ അതല്ല സംഭവിച്ചു കൊണ്ടിരിക്കുന്നത്.

ഇന്ത്യ ഒപ്പുവെച്ചിട്ടുള്ള പല അന്താരാഷ്ട്ര ഉടമ്പടികളും വികസിത രാജ്യങ്ങൾക്കനുകൂലമാണ്. ഇറക്കുമതി നയങ്ങൾ ഉദാരമാക്കിയതിന്റെ ഫലമായി ടൺ കണക്കിന് ആപ്പിളും പാലുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യപ്പെടുന്നു. ഇതിന്റെ ഫലമായി പഞ്ചാബിലേയും ഹരിയാനയിലേയും ക്ഷീരകർഷകരും ഹിമാചലിലെ ആപ്പിൾ കർഷകരും വൻ പ്രതിസന്ധിയിലാണ്. ഭൂരിഭാഗം ഇന്ത്യൻ കാർഷിക വിളകൾക്കും അംഗീകരിക്കപ്പെട്ട Bound-rate നേക്കാൾ 50% താഴ്ന്ന വിലയാണ് ലഭിക്കുന്നത്. ഇറക്കുമതി ചുങ്കം കൂട്ടിക്കൊണ്ട് കർഷകരെ രക്ഷിക്കാനുള്ള ശ്രമം പോലും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായില്ല.

## വിദ്യാഭ്യാസ രംഗം

മൂലധനാധിഷ്ഠിതമായ ഒരു വ്യവസായ സമ്പദ് വ്യവസ്ഥയിൽ നിന്നും വിവരം, കഴിവ്, എന്നിവ അടിസ്ഥാനമാക്കിയുള്ള സമ്പദ് വ്യവസ്ഥയിലേക്ക് ലോകം വ്യക്തമായ ചുവട്മാറ്റം നടത്തിയിരിക്കുന്നു. ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും കണ്ണുകളിലൂടെ ഈ വിവരാധിഷ്ടിത സമ്പദ്‌വ്യവസ്ഥയെ നോക്കികാണുമ്പോൾ അതിന്റെ പുനസംഘടന തീർച്ചയായും ശ്രദ്ധയാകർഷിക്കുന്നു. കഴിവിനെയും അറിവിനെയും അടിസ്ഥാനമാക്കി ലോകം ചിട്ടപ്പെടുത്തുമ്പോൾ അവയുടെ ഉൽപ്പാദനകേന്ദ്രങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് കണക്കില്ലാതെ മൂലധനം മുടക്കുക എന്നത് സ്വാഭാവികമാണ്. വിപണികൾ മത്സരാധിഷ്ഠിതമായതോടെ നല്ല ഉൽപ്പന്നങ്ങളായ വിദ്യാർത്ഥികൾ മത്സരലോകത്ത് ഉൽപാദിപ്പിക്കപ്പെട്ടു. ഇന്ന് ലോകത്ത് ഏറ്റവുമധികം സാങ്കേതികവിദഗ്ദരെ ഉൽപ്പാദിപ്പിക്കുന്ന രാജ്യം ഇന്ത്യയാണ്. പക്ഷേ 90 കളിൽ സംഭവിച്ച Brain drain ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു.

**വിദ്യാഭ്യാസ ഗുണഭോക്താക്കൾ അതിനാവശ്യമായ മുഴുവൻ ചിലവും സബ്സിഡികളോ മറ്റാനുകൂല്യങ്ങളോ ഇല്ലാതെ വഹിക്കണം എന്നാണ് മാർക്കറ്റ് ഓറിയന്റഡ് വിദ്യാഭ്യാസം നമുക്ക് നൽകുന്ന സന്ദേശം.** സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നയവും മറ്റൊന്നല്ല ഇത് ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് ഭീമാകാരമായ അസമത്വം സൃഷ്ടിച്ചു. ഉന്നത വിദ്യാഭ്യാസം പാവപ്പെട്ടവന് കിട്ടാക്കനിയായി മാറുകയും Purchasing-Power

ന്റെ അടിസ്ഥാനത്തിൽ അത് പണക്കാരനുമാത്രമായി ചുരുങ്ങുകയും ചെയ്തു. ഒരു പുതിയ വിപണി ഉണ്ടാകുമ്പോൾ അതേതെങ്കിലും ശക്തിയുടെ കുത്തകയിലേക്ക് നീങ്ങുക എന്നത് സ്വാഭാവികമാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും സംഭവിച്ചത് മറ്റൊന്നല്ല.

## തൊഴിൽ രംഗം

**ഉദാരവൽക്കരണ നയങ്ങളുടെ ഫലമായി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആഗോളവൽക്കരണം മൂലം പ്രതിസന്ധി നേരിട്ടുകൊണ്ടിരുന്ന പരമ്പരാഗത വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു.** തൊഴിൽ ലഭ്യത കുറഞ്ഞത് വളരെയധികം കുടുംബങ്ങളെ പട്ടിണിയിലാക്കി. കടങ്ങളും വായ്പകളും അവരെ ആത്മഹത്യയിലേക്ക് നയിച്ചു. വൻ തോതിൽ വിദേശ മൂലധനം നിക്ഷേപിക്കപ്പെട്ടതിന്റെയും സ്വകാര്യ സംരംഭകരുടെ കടന്നുകയറ്റത്തിന്റെയും ഫലമായി അനേകം പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടപ്പെട്ടു. സർക്കാർ ഉദ്യോഗങ്ങളിലെ പെൻഷൻ ആനുകൂല്യങ്ങളിൽ കുറവ് വന്നു. 1997 നും 2001 നും ഇടക്ക് നാല് വർഷം കൊണ്ട് 4.2 ലക്ഷം പൊതുമേഖലാ തൊഴിലവസരങ്ങളാണ് ഇല്ലാതായത്. തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന സുരക്ഷിതത്വബോധം നഷ്ടമാവുകയും വരാൻ പോകുന്ന നിമിഷങ്ങളെ ഭീതിയോടെ മാത്രം നോക്കിനിൽക്കുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുകയും ചെയ്തു. പൊതുമേഖലയിലെ തൊഴിൽ സാധ്യതകൾക്ക് മങ്ങലേൽക്കുകയും സ്വകാര്യമേഖല വേണ്ടത്ര തൊഴിൽ വളർച്ചാ നിരക്ക് കൈവരിക്കാതിരിക്കുകയും ചെയ്തത് തൊഴിലില്ലായ്മക്ക് ആക്കം കൂട്ടി. തൊഴിൽ മേഖലയിൽ പടർന്നുകൊണ്ടിരിക്കുന്ന വ്യാപകമായ അസംതൃപ്തി ഉദാരവൽക്കരണത്തിന്റെ വക്താക്കളിൽ പോലും ആശങ്കയുളവാക്കുന്നു.

## സാമൂഹ്യ സുരക്ഷാ രംഗം

**1991 ൽ ഉദാരവൽക്കരണം ഇന്ത്യയിൽ നടപ്പാക്കിയപ്പോൾ ഒരൊറ്റ ഇന്ത്യക്കാരനും സാമൂഹ്യ സുരക്ഷാമേഖലയിൽ ഒരു പ്രത്യക്ഷ ആക്രമണം പ്രതീക്ഷിച്ചതല്ല. ഇന്ത്യയെ പോലൊരു രാജ്യത്ത് സാമൂഹ്യ സുരക്ഷാ മേഖലയുടെ പരിധിയിൽ ഏറ്റവുമധികം വരുന്നത് വൃദ്ധജനങ്ങളാണ്.** ഉദാരവൽക്കരണം സൃഷ്ടിച്ച തൊഴിലില്ലായ്മയിലകപ്പെട്ട് ധാരാളം യുവാക്കൾ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒറ്റപ്പെട്ടു. 76% വൃദ്ധജനങ്ങളും ആശ്രയിക്കുന്ന ആ യുവതലമുറയുടെ പ്രശ്നങ്ങൾ സ്വാഭാവികമായും അവരെയും ബാധിച്ചു. അത്തരമൊരവസ്ഥയിൽ അവരുടെ സംരക്ഷണം ഏറ്റെടുക്കാൻ ഉത്തരവാദപ്പെട്ട ഗവൺമെന്റ് സാമൂഹ്യസുരക്ഷാമേഖലയിൽ നിന്ന് പിൻവാങ്ങുക കൂടി ചെയ്തതോടെ ദുർബല വിഭാഗങ്ങളുടെ ജീവിതം കൂടുതൽ പരിതാപകരമായി.

ഉയർന്ന വളർച്ചാനിരക്ക് സമൂഹത്തിലെ അടിസ്ഥാനപ്രശ്നങ്ങളെ പരിഹരിക്കാൻ പ്രാപ്തമാവണമെന്നില്ല. ദാരിദ്ര്യത്തിന്റെ കാര്യത്തിൽ ഇതുവളരെ പ്രകടമാണ്. പ്രമുഖ കർഷിക ശാസ്ത്രജ്ഞനായ M.S. സ്വാമിനാഥൻ പറയുന്നു: “ഇന്ത്യയിലെ ദാരിദ്ര്യം ഒരിക്കലും വിപണിയിലെ ഭക്ഷണത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ടതല്ല മറിച്ച് അനേകായിരങ്ങളുടെ അപര്യാപ്തമായ Purchasing Powerഉമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് ദാരിദ്ര്യത്തെ ഉന്മൂലനം ചെയ്യാൻ ഉദാരവൽക്കരണത്തിന് വ്യക്തമായ ദിശാബോധം നൽകേണ്ടതാണ്. അമർത്യാസെൻ ചൂണ്ടിക്കാണിച്ച പോലെ സാമൂഹ്യസുരക്ഷാമേഖലയിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ ഏറെ പരിമിതപ്പെട്ടിരിക്കുന്നു. ദാരിദ്ര്യം, അസമത്വം എന്നിവയാണിതിന്റെ പരിണിതഫലങ്ങൾ. UNDP യുടെ മാനവിക റിപ്പോർട്ടുകൾ പ്രകാരം Human Development Index ൽ ഭാരതം ലോകരാജ്യങ്ങൾക്കിടയിൽ 127ാം സ്ഥാനത്താണ്. ഈ സ്ഥിതിയിൽ ഭാരതത്തെ ഇനിയും പിറകോട്ടടിക്കാനേ ഈ നയങ്ങൾ സഹായിക്കൂ.

## ഇന്ത്യൻ സമ്പദ് വ്യവസ്ഥ

ഉദാരവൽക്കരണം ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ ഉണ്ടാക്കിയ ഏറ്റവും വലിയ പ്രതിസന്ധിയായിരുന്നു പണപ്പെരുപ്പം. ഇന്ത്യ ഒരിക്കലും അഭിമുഖീകരിച്ചിട്ടില്ലാത്തവിധം പണപ്പെരുപ്പം 8.22 ൽ എത്തിനിൽക്കുന്നു. എണ്ണ വിലയിലും ഉരുക്കിന്റെ വിലയിലും നിലവിലുണ്ടായിരുന്ന നിയന്ത്രണ വ്യവസ്ഥിതികൾ ഉദാരമാക്കിയതാണ് ഇതിന്റെ കാരണം. സർക്കാറിന്റെ ഓയിൽപൂൾ അക്കൗണ്ടും എണ്ണക്കമ്പനികളും ചേർന്നായിരുന്നു മുമ്പ് എണ്ണ വില നിയന്ത്രിച്ചിരുന്നത്. അത്കൊണ്ട് തന്നെ അന്താരാഷ്ട്ര വിപണിയിലെ വിലക്കയറ്റങ്ങൾ ഇന്ത്യൻ വിപണിയിൽ പ്രതിഫലിച്ചിരുന്നില്ല. പക്ഷേ ഉദാരവൽക്കരണത്തിന് ശേഷം ഈ അവസ്ഥമാറി. നികുതി ഒഴിവുകൾ അനുവദിച്ച് ഇറക്കുമതി ഉദാരമാക്കി നാണയപ്പെരുപ്പം പിടിച്ചു നിർത്താൻ നടത്തിയ ശ്രമങ്ങൾ പരാജയമായിരുന്നു. വരും നാളുകളിലും അവയുടെ വിലവർദ്ധന തുടരും. കാർഷിക മേഖലയിലെ ഉത്പാദന കുറവ് കൂടിയാവുമ്പോൾ പണപ്പെരുപ്പം ഇനിയും കൂടുകയേയുള്ളൂ. ഇത് നിയന്ത്രിക്കാനുള്ള ഏക പോംവഴി വില നിയന്ത്രണാവകാശം ഗവൺമെന്റിൽ തന്നെ നിക്ഷിപ്തമാക്കുക എന്നതാണ്.


മുകളിൽ സൂചിപ്പിച്ച വസ്തുതകളും സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ മേഖലകളിൽ ഉദാരവൽക്കരണത്തിന്റെ സ്വാധീനവും ചേർത്ത് വായിക്കുമ്പോൾ ഇന്ത്യയുടെ വളർച്ച ശരിയായ ദിശയിലേക്കാണെന്ന് കരുതുക വയ്യ.

**ഇന്ത്യയുടെ പ്രധാന സമ്പത്ത് മനുഷ്യവിഭവം തന്നെയാണ്. ഗാന്ധിയൻ ആദർശങ്ങളിൽ പ്രമുഖമായ 'Product by masses' എന്ന ആശയം ഇന്ത്യൻ പശ്ചാത്തലത്തിൽ കൂടുതൽ പരീക്ഷണവിധേയമാക്കേണ്ടതായിരുന്നു. പക്ഷേ, അത് തിരസ്ക്കരിക്കപ്പെട്ടു.** ഇനി ഇന്ത്യയുടെ മുമ്പിൽ പ്രധാനമായും രണ്ട് മാർഗ്ഗങ്ങളാണുള്ളത്. ഒന്ന് ഉദാരവൽക്കരണത്തിൽ നിന്ന് പിൻവാങ്ങി ഭൂതകാലത്തേക്ക് തിരിച്ചുപോവുക. പക്ഷേ, വെനിസ്വേലയിലെ വിദ്യാർത്ഥി സമൂഹത്തോട് ഫിഡൽ കാസ്ട്രോ പറഞ്ഞതുപോലെ ഉദാരവൽക്കരണത്തിൽ നിന്നും ആഗോളവൽക്കരണത്തിൽ നിന്നുമുള്ള ഒരു തിരിച്ചുപോക്ക് അസാധ്യമാണ്. രണ്ടാമത് പരാജയങ്ങളെ അതിന്റെ പാട്ടിന് വിട്ടുകൊണ്ട് തുടങ്ങിവച്ച നയങ്ങളുമായി മുന്നോട്ട് പോവുക എന്നതാണ്. അത് ആത്മഹത്യാപരമായിരിക്കും.

ഉദാരവൽക്കരണത്തിന്റെ സാദ്ധ്യതകളും പരിമിതികളും പോയകാലത്തിന്റെ അനുഭവങ്ങളിലൂടെ മനസ്സിലാക്കിക്കൊണ്ട് വളരെ അവധാനപൂർവ്വം ഇന്ത്യൻ പശ്ചാത്തലത്തിലേക്ക് അതിനെ കൊണ്ടുവരേണ്ടിയിരിക്കുന്നു. ധർമ്മസംസ്കാര നന്മയുടെ ശക്തമായ അടിത്തറയുള്ള ഈ രാജ്യത്ത് ഉദാരവൽക്കരണത്തിന് മാനുഷികമുഖം നൽകാനാണ് ശ്രമിക്കേണ്ടത്. മാനവ നന്മയിലധിഷ്ഠിതമായൊരു മനസ്സും ആത്മാർത്ഥമായ പ്രവർത്തനവും അതിന് അനിവാര്യമാണ്. സത്യാന്വേഷണ പരീക്ഷണങ്ങളിലൂടെ ഒരു മഹാമനുഷ്യനെ സംഭാവന ചെയ്ത ഭാരതത്തിന് അത് അസാധ്യമാണെന്നു പറയാൻ കഴിയില്ല.

### അനുബന്ധം:

നാല്പതു വർഷങ്ങൾക്ക് മുമ്പ് പുരോഗമന സാഹിത്യകാരനായ കിഷൻചന്ദ് 'മണൽകൊട്ടാരം' എന്ന നോവലിൽ കിണറുകൾ വിലക്കെടുക്കുകയും കുടിവെള്ളം വില്പനയ്ക്ക് വെയ്ക്കുകയും ചെയ്യുന്ന സേട്ടുമാരെക്കുറിച്ച് പറയുന്നുണ്ട്. 2002 ൽ കനേഡിയൻ സാമൂഹ്യ പ്രവർത്തകരായ Maude Barlow ഉം Tony Clarke ഉം ചേർന്നെഴുതിയ'Bule gold' എന്ന ഗ്രന്ഥത്തിൽ, വരും നൂറ്റാണ്ടിൽ കുടിവെള്ളത്തിനു വേണ്ടിയുള്ള യുദ്ധങ്ങൾ നമ്മെ കാത്തിരിക്കുന്നുവെന്ന് മുന്നറിയിപ്പ് നൽകുന്നു. ഇംഗ്ലണ്ടും, ഫ്രാൻസും ജലം സ്വകാര്യവൽക്കരിച്ചു കഴിഞ്ഞു. മാരകായുധങ്ങളുടെ നാശമല്ല അനന്തസാദ്ധ്യതകളുള്ള ജലസ്രോതസ്സുകളാണ് അമേരിക്കയുടെ ഇറാഖ് ആക്രമണത്തിനു പിന്നിലെന്ന് ലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. പുണ്യനദിയിലെ ജലം ആഗോള കുത്തകമുതലാളിമാർ കുപ്പിയിലടച്ച കാലത്തെ ഭീതിയോടെയല്ലാതെ സങ്കൽപ്പിക്കാനാവില്ല. ഉദാരവൽക്കരണനയം കുടം തുറന്നുവിട്ട ഭൂതമാകാതിരിക്കാൻ വളരെ വളരെ സൂക്ഷ്മത പാലിക്കേണ്ടതുണ്ട്.



# വായനാസ്വഭാവം - ഒരു വിലയിരുത്തൽ

അയ്യൂബ്
ചീഫ് ലൈബ്രേറിയൻ.

**നൂറുശതമാനം** സാക്ഷരത, ഒരു ഗ്രാമത്തിൽ ശരാശരി നാല് ഗ്രന്ഥശാലകളും ഏഴ് സ്കൂളുകളും; കേരള സംസ്ഥാനത്തിന്റെ സ്ഥിതിയാണിത്. എന്നിട്ടും വായനയുടെ കാര്യമെത്തുമ്പോൾ ഉത്കണ്ഠാകുലമായ ഒരു ചോദ്യമുയർത്തുന്നു. വായന മരിക്കുകയാണ്? പുസ്തകപ്രസിദ്ധീകരണ ശാലകളുടെ എണ്ണം വർദ്ധിക്കുന്നുണ്ട്, പുസ്തകം വാങ്ങുന്നവരുടെ എണ്ണവും കൂടിയിട്ടുണ്ട്, ആനുകാലികങ്ങളുടെയും, പത്രങ്ങളുടെയും എണ്ണവും കൂടിവരുന്നു, അപ്പോൾ വായനയും കൂടണമല്ലോ. തീർച്ചയായും കൂടിയിട്ടുണ്ട്. അതുകൊണ്ടാണല്ലോ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും എണ്ണവും കൂടിയത്? പിന്നെ എന്തുകൊണ്ട് വായന മരിക്കുന്നു എന്ന ഉൽകണ്ഠ വേണം. വായനയിലുള്ള കുറവല്ല മറിച്ച് വായനയുടെ സ്വഭാവത്തിലാണ് മാറ്റം സംഭവിച്ചിരിക്കുന്നത്. ഗൗരവപൂർണ്ണമായ വായനയിൽ നിന്നകന്ന് നമ്മുടെ സാംസ്കാരിക വളർച്ചയ്ക്ക് ഏറെ ദോഷം ചെയ്യുന്ന പ്രസിദ്ധീകരണങ്ങളാണ് കൂടുതൽ ആളുകളും വായിക്കുന്നത്.

വായനയുടെ സ്വഭാവത്തിൽ മറ്റൊരു മാറ്റം കൂടി വന്നതായി നമുക്കറിയാം. ഇന്ന് ഓരോരുത്തർക്കും അവരവരുടെ ലോകമാണ്. കുട്ടികൾക്ക് കുട്ടികളുടെ പ്രസിദ്ധീകരണങ്ങൾ, സ്ത്രീകൾക്ക് സ്ത്രീകളുടേത്, കായികരംഗത്തുള്ളവർക്ക് അതുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ, സിനിമാതാൽപര്യമുള്ളവർക്ക് സിനിമയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ. ഓരോ ആശയങ്ങളിൽ വിശ്വസിക്കുന്നവർക്ക് അവരവരുടെ ആശയത്തിലുള്ള പ്രസിദ്ധീകരണങ്ങൾ. ഈ വിധത്തിൽ എനിക്കെന്റെ ലോകം അറിഞ്ഞാൽ മതിയെന്നവാദം വായനാശീലത്തിലും കടന്നുകൂടിയിട്ടുണ്ട്. ഭൂരിപക്ഷം വിദ്യാർത്ഥികളും അവരവരവരുടെ പഠനവുമായി ബന്ധപ്പെട്ട പുസ്തകങ്ങളിൽ ഒതുങ്ങികൂടുന്ന സ്വഭാവമാണ് പൊതുവെ കാണുന്നത്.

വായനയുടെ വിവിധ വശങ്ങളെ പരാമർശിച്ച് ചില സർവെ റിപ്പോർട്ടുകൾ പുറത്തിറങ്ങിയിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ചാൽ ഗ്രന്ഥശാലകളുടെ പുസ്തക വിതരണത്തിൽ ഇരുപത്തിയെട്ട് ശതമാനം വരെ കുറവ് ഉണ്ടായിട്ടുണ്ട്. ദിനപത്രങ്ങളും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളും വായിക്കുന്നവരുടെ എണ്ണം 12 ശതമാനത്തോളം കൂടിയിട്ടുണ്ട്. 30% ആളുകൾ താൽപര്യക്കുറവും 36% പേർ സമയക്കുറവും ജോലിഭാരവും 18% വായിക്കാനുള്ള അവരുടെ കഴിവ് കുറവും വായിക്കാതിരിക്കാനുള്ള കാരണമായി സൂചിപ്പിച്ചതായി സർവെകളിൽ കാണാം.

വായനയെ സംബന്ധിച്ച് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ കുറച്ച് വർഷങ്ങൾക്കുമുമ്പ് നടത്തിയ സർവെയിൽ സംസ്ഥാനത്ത് കോഴിക്കോട് ജില്ലയിലുള്ളവരാണ് വായനയ്ക്കിവേണ്ടി കൂടുതൽ സമയം കണ്ടെത്തുന്നത്. പാലക്കാട് ജില്ലക്കാരാണ് ഏറ്റവും കുറഞ്ഞ സമയം ചിലവഴിക്കുന്നത്. കേരളാ സംസ്ഥാനത്ത് 56% കുടുംബങ്ങൾ ദിനപത്രങ്ങളും ആനുകാലികങ്ങളും വരുത്തുന്നുണ്ട്. ഇവരിൽ 52% മലയാള പ്രസിദ്ധീകരണങ്ങളും, 3% ഇംഗ്ലീഷ് ഭാഷയിലുള്ളവയുമാണ് വരുത്തുന്നത്. മൊത്തമുള്ളവരിൽ 44% കുടുംബങ്ങളിൽ യാതൊരു പ്രസിദ്ധീകരണങ്ങളും വരുത്തുന്നില്ല. കോട്ടയം ജില്ലക്കാരാണ് മലയാളം ദിനപത്രങ്ങൾ കൂടുതൽ വരുത്തുന്നവർ. ഏറ്റവും കുറവ് ആലപ്പുഴ, പാലക്കാട് ജില്ലക്കാരും. വിവിധ തരം പുസ്തകങ്ങൾ ഇഷ്ടപ്പെടുന്നതിൽ നോവലുകൾക്കാണ് മുൻതൂക്കം. 71% നോവലിനും 14% കഥകൾക്കും. 7% ശാസ്ത്രപുസ്കങ്ങൾക്കും 3% നാടകങ്ങൾക്കും മുൻഗണന കൊടുത്തതായി സർവ്വെയിലൂടെ കാണാം. 91% മലയാളത്തിലുള്ള പുസ്തകങ്ങൾക്കും 4% ഇംഗ്ലീഷിലും 5% മറ്റു ഭാഷകളിലുള്ള പുസ്തകങ്ങളും വായിക്കുന്നു.

വായനക്കും, ടി.വി കാണുന്നതിനും പ്രതിദിനം ചിലവഴിക്കുന്ന സമയത്തിൽ വലിയ മാറ്റമൊന്നുമില്ലെന്ന് സർവ്വെയിലൂടെ കണ്ടത്താൻ കഴിഞ്ഞു. ശരാശരി 1 മണിക്കൂർ 20മിനിട്ട് വായനക്കും 1 മണിക്കൂർ 30 മിനുട്ട് ടി.വി കാണുന്നതിനും ചിലവൊഴിക്കുന്നു. മൊത്തം സംസ്ഥാന ജനസംഖ്യയുടെ 55% വായനക്ക് സമയം കണ്ടെത്തുമ്പോൾ 30% മാത്രമേ ടി.വി. കാണുന്നുള്ളൂ. പക്ഷെ, വായനക്കും, ടി.വി. കാണുന്നതിനും വേണ്ടി ചിലവാക്കുന്ന സമയത്തിൽ വലിയമാറ്റമൊന്നുമില്ലെന്നു സർവ്വെയിലൂടെയുള്ള കണ്ടെത്തൽ അത്ര ശരിയല്ല എന്നുള്ള അഭിപ്രായമുണ്ട്. ടി.വി. കൂടുതലായി കാണുന്ന പലരും വായിക്കാനും കുറേ സമയം കണ്ടെത്തുന്നതായി സർവ്വേ നടത്തിയപ്പോൾ പറഞ്ഞിട്ടുണ്ട്. വായിക്കാറില്ല എന്നു പറയുന്നത് മോശമായി തോന്നിയതിനാലാവാം എല്ലാകാര്യവും സത്യസന്ധമായി സർവ്വെ നടത്തുന്നവരോട് പറയാതിരിക്കാനുള്ള കാരണം. ഗ്രന്ഥശാലകളും വായനക്കാരും തമ്മിലുള്ള ബന്ധം പരിശോധിക്കുകയാണെങ്കിൽ ശരാശരി 20% കുടുംബങ്ങൾ മാത്രമെ ഗ്രന്ഥശാലകൾ ഉപയോഗപ്പെടുത്തുന്നുള്ളൂ. കണ്ണൂർ, പാലക്കാട്, മലപ്പുറം എന്നി ജില്ലകളാണ് ഇതിലേറ്റവും പിന്നിൽ നിൽക്കുന്നത്. പല കാരണങ്ങളാണ് ഗ്രന്ഥശാലകളിൽ അംഗത്വമെടുക്കാതിരിക്കുന്നതിന് പറയപ്പെടുന്നത്. 38% സമയക്കുറവും 29% താല്പര്യക്കുറവും 19% ദൂരക്കൂടുതലും കാരണമായി പറയുന്നു.

സമൂഹത്തിലെ വ്യത്യസ്ഥ തുറകളിലുള്ള പ്രഗ്ത്ഭ വ്യക്തികൾ നടത്തിയ പ്രതികരണങ്ങൾ ഏറെ ശ്രദ്ധേയമാണ്. വിദ്യാഭ്യാസമന്ത്രി ഇ.ടി. മുഹമ്മദ് ബഷീറിന്റെ അഭിപ്രായത്തിൽ വായന കുറഞ്ഞിട്ടില്ല. പക്ഷെ ഓരോരുത്തർക്കും എനിക്കെന്റെ ലോകം എന്നുപറയുന്ന രീതിയിൽ വായനയുടെ പ്രവണത മാറിയിരിക്കുന്നു. വായനയുടെ അഭിരുചിയെക്കുറിച്ച് ആഴത്തിലുള്ള അന്വേഷണങ്ങൾ നടത്തേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. “പുസ്തക വായന കുറഞ്ഞു എന്നതിനോട് യോജിപ്പില്ല. ഇന്നത്തെ ചെറുപ്പക്കാർ മുൻകാലങ്ങളേക്കാൾ കൂടുതൽ വായിക്കുന്നവരാണ്. പുസ്തക പ്രസിദ്ധീകരണത്തിനും വില്പനക്കും ഗവൺമെന്റിന്റെ കൂടി സഹായങ്ങൾ വേണം.”-പി. ഗോവിന്ദപിള്ളയുടെ അഭിപ്രായമാണിത്. ടി.എൻ. ജയചന്ദ്രൻ വ്യക്തിപരമായി നടത്തിയ ഒരു സർവ്വെയിലൂടെ അദ്ദേഹം തെളിയിക്കുന്നത് പുസ്തകങ്ങളുടെ ആധിക്യമാണ് വായനക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നെന്നാണ്.

**വായനയിൽ നാം ഇന്ന് പറയുന്ന തരത്തിലുള്ള കുറവുണ്ടായിട്ടില്ല എന്ന് മനസ്സിലാക്കാം. പക്ഷെ വായനയുടെ സ്വഭാവത്തിൽ മാറ്റം വന്നിട്ടുണ്ടെന്ന് സമ്മതിച്ചേ പറ്റൂ. ഗൗരവ പൂർണ്ണമായ വായനക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ലഘുവായ വായനയാണ് ഏറെ പേരും ഇഷ്ടപ്പെടുന്നത്.** ജനങ്ങളുടെ ജീവിത ശൈലിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ, സംഘർഷങ്ങളും വേവലാതികളും സമ്മാനിക്കുന്ന പ്രശ്നങ്ങൾ, തിരക്കേറിയ ചുറ്റുപാടുകൾ, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരം, മസാല പ്രസിദ്ധീകരണങ്ങൾ ഉണ്ടാക്കുന്ന മലിനീകരണം, പ്രസിദ്ധീകരണങ്ങളുടെ വിലക്കൂടുതൽ തുടങ്ങിയവയെല്ലാം ഗൗരവ പൂർണ്ണമായ വായനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഗൗരവപൂർണ്ണമായ വായന കൂടണമെങ്കിൽ ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കേണ്ടതുണ്ട്. വിദ്യാഭ്യാസ പ്രവർത്തകരും ഗ്രന്ഥശാലാ പ്രവർത്തകരും സാമൂഹ്യ പരിഷ്ക്കർത്താകളും ഇതിന് മുൻ കൈയ്യെടുത്തെങ്കിൽ മാത്രമേ നഷ്ടപ്പെട്ട ഒരു സൗഭാഗ്യം വീണ്ടെടുക്കാൻ നമുക്ക് കഴിയുകയുള്ളൂ.

# വിശേഷണങ്ങളും വിളിപ്പേരുകളും

## കൊണ്ടുമാത്രം ഒന്നുമാവില്ലല്ലോ?

ഷംസീറ കെ.എൻ.
ഒന്നാം വർഷ മാത്സ്




**സാക്ഷര** കേരളം സുന്ദര കേരളം, ദൈവത്തിന്റെ സ്വന്തം നാട്, ക്ലീൻ കേരള, ബഹുദൂരം അതിവേഗം ഈ വിശേഷണങ്ങളെല്ലാം കേരളത്തിന് കുറെ കാലമായി പതിച്ച് കിട്ടിയ ഒന്നാണ്. പക്ഷെ ഇന്ന് ഇതെല്ലാം ഭാരമാവുകയാണോ? എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാരണം കേരളം ഇന്നറിയപ്പെടുന്നത് സാക്ഷരതയുടെയോ മനോഹാരിതയുടെയോ പേരിലല്ല. ആത്മഹത്യകൾ, സ്ത്രീ പീഢനങ്ങൾ, കുറ്റകൃത്യങ്ങൾ, ലഹരി ഉപയോഗം തുടങ്ങി പല കാര്യങ്ങളിലും നാം മറ്റു സംസ്ഥാനങ്ങളെ, മറ്റു രാജ്യങ്ങളെ തന്നെയും ബഹുദൂരം പിന്നിലാക്കിയിരിക്കുന്നു.

**സാമ്പത്തിക പ്രതിസന്ധിക്കപ്പുറം വലിയൊരു സാമൂഹിക തകർച്ചയിലാണിന്ന് കേരളം. ജീവിത മത്സരത്തെ നേരിടാനുള്ള വ്യഗ്രതയിൽ, വിവേകം നഷ്ടപ്പെട്ട്, ആർത്തിപൂണ്ട്, ആശിച്ചതൊന്നും കിട്ടാതെ, ആത്മവിശ്വാസമില്ലാതെ കൂട്ട ആത്മഹത്യയിലേക്ക് നീങ്ങുന്ന നാടാണ് കേരളം.** ആഗോള ആത്മഹത്യാ നിരക്ക് ഒരു ലക്ഷത്തിന് 14.5 ആണ്. ഇന്ത്യയിലാവട്ടെ ഓരോ മിനുട്ടിലും ഒരു ആത്മഹത്യ എന്ന തോതിൽ നടക്കുന്നു. പക്ഷെ ആശ്ചര്യമുളവാക്കുന്ന കാര്യം സാക്ഷരതയിൽ മുന്നിട്ടു നിൽക്കുന്ന കേരളീയനാണ് ഏഴ് വർഷമായി ആത്മഹത്യാ നിരക്കിലും മുൻപന്തിയിൽ നിൽക്കുന്നത്.

കേരളത്തിന്റെ സാംസ്കാരിക അന്തരീക്ഷത്തിൽ മദ്യപാനത്തിന്റെ ഗന്ധം മുമ്പത്തേതിലേറെ പരന്നിരിക്കുന്നു. മദ്യപാനം വാഴ്ത്തപ്പെട്ട ഒന്നായി അവതരിപ്പിക്കുന്നതിൽ നമ്മുടെ മാധ്യമങ്ങളും കലാകാരന്മാരും മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്ന കാഴ്ചയാണ് കണ്ടുകൊണ്ടിരിക്കുന്നത്. 1984 ൽ 19–ാം വയസിൽ മദ്യപിക്കാൻ തുടങ്ങിയ കേരളീയന്റെ പിൻഗാമികൾ 1990 ൽ 17–ാം വയസിലും 1994 ൽ 14–ാം വയസിലും മദ്യപാനം ആരംഭിക്കുന്നു. അതിലേറെ ചിന്തിപ്പിക്കുന്ന കാര്യം, ഏറ്റവും പ്രായം കുറഞ്ഞ മദ്യപാനികളും ഏറ്റവും പ്രായം കൂടി മദ്യപാനികളും കേരളത്തിലാണുള്ളത്. കുടിയൻമാരുടെ വർഗ്ഗം അപ്രത്യക്ഷമാവുകയും മദ്യപാനം ഒരു പൊതുശീലമായിത്തീരുകയും ചെയ്തിരിക്കുന്നു. ആഗോള ലഹരി, മദ്യ ഉപയോഗത്തിനുള്ളത് പ്രതിവർഷം കേരളീയൻ കുടിച്ച് തീർക്കുന്നത് 3000 കോടിയോളം രൂപയുടെ മദ്യമാണ്. മറ്റൊരു പ്രധാനകാര്യം കേരളത്തിലെ മൊത്തം ജനസംഖ്യയിൽ 15% പേർ സ്ഥിരം മദ്യപിക്കുന്നവരും പ്രതിശീർഷം 8.3 ലിറ്റർ മദ്യം അകത്താക്കുന്നവരുമാണ്. കേരളത്തിൽ നടക്കുന്ന വാഹനാപകടങ്ങളിൽ 60% വും മദ്യപാനത്തിന്റെ ഉപയോഗം മൂലമുണ്ടാകുന്ന അശ്രദ്ധകൊണ്ടാണെന്ന് കണക്കുകൾ തെളിയിക്കുന്നു. “ഭാരതത്തിന്റെ അധികാരം ഒരു മണിക്കൂർ നേരത്തേക്ക് എനിക്ക് ലഭിച്ചാൽ എല്ലാ മദ്യഷാപ്പുകളും അടച്ചിടാനാണ് ഞാനാദ്യം കൽപ്പിക്കുക” എന്ന് പറഞ്ഞ ഒരു മഹാനായ ഒരു രാഷ്ട്രപിതാവിന്റെ നാടാണിത് എന്നിട്ടും!

മുൻകാലങ്ങളിൽ മുറുക്കിച്ചുവപ്പിക്കൽ കേരളീയന്റെ ഒരു ആചാരമായിരുന്നെങ്കിൽ ഇന്നതിന്റെ സ്ഥാനം പാനുകളും മറ്റുലഹരി വസ്തുക്കളും കൈയ്യടക്കിയിരിക്കുന്നു. കേരളത്തിന്റെ ഏത് അവികസിത മേഖലകളിലും ഇന്ന് ഇവ യഥേഷ്ടം ലഭിക്കും. മയക്കുമരുന്നുകളുടെ ഡ്രീം വേൾഡുകളിലാണ് ഇന്നത്തെ തലമുറ. വിദ്യാർത്ഥികളും ഇതിൽ നിന്ന് ഭിന്നരല്ല.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനം എന്ന പദവിയും ഈയിടെ കൊച്ചു കേരളത്തെ തേടിയെത്തിയിരിക്കുന്നു. 2003 ലെ ഔദ്യോഗിക കണക്കുകൾ അനുസരിച്ച് കേരളത്തിൽ 256 സ്ത്രീകളും 144 കുട്ടികളും കൊല്ലപ്പെട്ടിരുന്നു. മോഷണത്തിന്റെ കാര്യത്തിലും





കേരളം മുന്നേറുന്നു. ഒരു വർഷം 346 ദേവാലയങ്ങളിലും 5 ബാങ്കുകളിലും കവർച്ച നടക്കുന്നു. അജ്ഞാത മൃതദേഹങ്ങളുടെ എണ്ണവും നാൾക്ക് നാൾ പെരുകുന്നു. 2003 ജൂൺ വരെയുള്ള രണ്ട് വർഷത്തിനിടയിൽ 720 അജ്ഞാത മൃതദേഹങ്ങൾ, ഇതിൽ 642 പേർ പുരുഷൻമാരും 60 പേർ സ്ത്രീകളും 11 പേർ കുട്ടികളുമാണ്. പോസ്റ്റ്മോർട്ടത്തിന് ശേഷവും മരണ കാരണം അറിയാത്ത ഒരു പാട് ജീവിതങ്ങൾ.

സ്ത്രീപീഢനങ്ങൾ മൂലം ഇന്ന് സാക്ഷര കേരളം പൊറുതിമുട്ടുകയാണ്. സ്ത്രീപീഢനങ്ങളെ കുറിച്ചുള്ള വാർത്തകൾക്കൊന്നും ഇന്ന് ഒരു ശരാശരി കേരളീയൻ ശ്രദ്ധ കൽപ്പിക്കുന്നില്ല. ആർക്കും ആരെയും എവിടെ വെച്ചും പീഢിപ്പിക്കാമെന്ന ഒരു ദയനീയ അവസ്ഥ സംജാതമായിരിക്കുന്നു. 2001–2003 വർഷകാലയളവിൽ കേരളത്തിൽ 976 ബലാൽസംഗങ്ങൾ നടന്നു. ഒരു മാസം ശരാശരി 40 ബലാൽസംഗങ്ങൾ വീതം നടക്കുന്നു. മാനഭംഗങ്ങൾ ആവട്ടെ പ്രതിമാസം 173 എണ്ണം റിപ്പോർട്ട് ചെയ്യപ്പെടുന്നു. സ്ത്രീപീഢനംമൂലം മാസത്തിൽ 5 പേരെങ്കിലും ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു. പ്രതിമാസം ബലാൽസംഗത്തിന് ഇരയാവുന്ന 40 പേരിൽ 14 പേരും 15 ന് താഴെ പ്രായമുള്ളവരാണെന്ന സത്യം സാംസ്കാരിക കേരളത്തെ നാണിപ്പിക്കുന്നു.

**കൃഷ്ണപ്രിയ, സജ്ന എന്നിവരുടെ കൊലപാതകങ്ങൾ നടന്നത് മുബൈ തെരുവിലോ കൽക്കത്ത ചുവന്ന മാർക്കറ്റിലോ അല്ല, മറിച്ച് ഗാന്ധിജി ശാന്തിയുടെ വിളനിലമെന്ന് വിശേഷിപ്പിച്ച ഉത്തമ കേരളത്തിലാണ്.**

ആത്മഹത്യകൾക്ക് കാരണം കുടുംബ കലഹം, പരീക്ഷകളിലെ തോൽവി, പ്രേമ നൈരാശ്യങ്ങൾ, വമ്പിച്ച കടബാധ്യത, കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് കുടുംബത്തിലേക്കുള്ള മാറ്റം എന്നിവയെല്ലാമാണ് ആഡംബര ജീവിതത്തിനും ആഡംബര വസ്തുക്കൾ സ്വന്തമാക്കാനുള്ള പണക്കാരനെപ്പോലെ ആവാനും അവരെപ്പോലെ ജീവിക്കാനും ആഗ്രഹിക്കുന്നു. ഇതിന് വേണ്ടി മലയാളിക്ക് എത്ര പണവും വായ്പ വാങ്ങാനും ഒരു മടിയുമില്ല, ഈ കടങ്ങൾ അടച്ച് വീട്ടുന്നതിനുമപ്പുറമുള്ള തലത്തിലെത്തുമ്പോൾ അവൻ ആത്മഹത്യയിൽ ശരണം പ്രാപിക്കുന്നു. തന്നെപ്പോലെ തന്റെ അയൽവാസിയെ സ്നേഹിക്കണമെന്ന് മാറി തനിക്ക് തന്റെ അയൽവാസിയോട് എത്രത്തോളം അസൂയവെക്കാം എന്നുള്ളതിലേക്ക് എത്തിയിരിക്കുന്നു മലയാളിയുടെ മനസ്. ഉയരം കൂടിയ മതിലുകൾ തൊടിയെ വേർതിരിച്ച് നിർത്തുന്നു എന്ന് മാത്രമല്ല, മനസുകൾക്കിടയിലും ഒരു വലിയ മറയായി അത് നിലനിൽക്കുന്നു. ഇത് പരസ്പരം അറിയുന്നതിനും മനസ് തുറക്കുന്നതിനും ഭംഗം വരുത്തുന്നു. ഇത് ഗ്രാമങ്ങളിലെന്നപോലെ നഗരങ്ങളിലും ആത്മഹത്യാ നിരക്കിന്റെ ഉയർച്ചക്ക് കാരണമാകുന്നു.

**ഇന്ന് മൂല്യങ്ങൾക്ക് പുല്ലു വില പോലും മലയാളി കൽപ്പിക്കുന്നില്ല. എല്ലായിടത്തും സദാചാര ലംഘനം നടക്കുന്നു. മനുഷ്യനെ മൃഗത്തിൽ നിന്ന് വ്യത്യസ്തരക്കുന്നത് മനുഷ്യൻ മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്നു എന്നതാണ്. മൂല്യബോധമുള്ള ജനതക്കിടയിലേ കിടയറ്റ സാംസ്കാരമുണ്ടാവൂ. മാലാഖയേക്കാൾ ഉയരാൻ കഴിയുന്ന മനുഷ്യൻ മൃഗത്തേക്കാൾ അധ:പതിച്ചിരിക്കുന്നു. കാരണം മൃഗങ്ങൾ കൂട്ടക്കുരുതികളിൽ ഭാഗവാക്കാകുന്നില്ല.** എന്നാൽ മനുഷ്യൻ ഇന്ന് തന്റെ സഹജീവികളുടെ വായിലേക്ക് പെട്രോളൊഴിച്ച് കത്തിക്കുന്നതിലോ ഗർഭിണിയായ സ്ത്രീയുടെ വയറ് കുത്തിക്കീറി പ്രായമെത്താത്ത കുഞ്ഞിനെ പുറത്തെടുക്കുന്നതിനോ കൂട്ടക്കുരുതികൾ നടത്തുന്നതിലോ ഒരു മടിയും കാണിക്കുന്നില്ല. പരിക്കേറ്റ് രക്തം വാർന്ന് കിടക്കുന്നവനെയോ മരണത്തോട് മല്ലിടുന്നവരെയോ 'റിസ്കി'ന്റെ പേര് പറഞ്ഞ് മൈൻഡ് ചെയ്യാൻ പോലും സംസ്കാര സമ്പന്നർ ഇന്ന് സ്വയം നടിക്കുന്ന ആധുനിക മനുഷ്യൻ തയ്യാറാവുന്നില്ല.

പെരുകിക്കൊണ്ടിരിക്കുന്ന വൃദ്ധസദനങ്ങളും ഡെകെയറുകളും കേരളത്തിന്റെ സംസ്കാരം വിളിച്ചോതുന്നു. 2010 ആണ്ടോടെ കേരള സമൂഹത്തിലെ 207 ലേറെ പേർ 60 വയസിനു മുകളിലുള്ളവരുമായിരിക്കുമെന്ന് പഠനങ്ങൾ മുന്നറിയിപ്പുതരുന്നു. അണുകുടുംബ വ്യവസ്ഥയും 55 വയസിലുള്ള റിട്ടയർമെന്റും വലിയൊരു വിഭാഗം പ്രായമായവരെയും മാനസികമായി സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും അകറ്റിനിർത്തുന്നു. കൂട്ടുകുടുംബ വ്യവസ്ഥ തകർന്ന ശേഷം വൃദ്ധരെ സംരക്ഷിച്ചു നിർത്തുന്നതിനുള്ള സാമൂഹിക സംവിധാനം ഒന്നും പകരം വന്നില്ല. മനുഷ്യൻ തന്റെ സഹജീവികളോട് പെരുമാറുന്നത് തന്നെ അതിലൂടെ തനിക്ക് എന്ത് കിട്ടും എന്ന വ്യാപാര മനോഭാവത്തോടെയാണ്. മാതാപിതാക്കൾ മക്കളെ സ്നേഹിക്കുന്നത് വൃദ്ധരാവുമ്പോൾ തങ്ങളെ പരിപാലിക്കാൻ വേണ്ടിയാണ്. ഭാര്യ ഭർത്താവിനെ സ്നേഹിക്കുന്നത് തനിക്ക് ഭക്ഷണവും അണിഞ്ഞൊരുങ്ങാനുള്ള വസ്ത്രവും നൽകുന്നവൻ എന്ന നിലയിലാണ്. ഭർത്താവ് ഭാര്യയെ സ്നേഹിക്കുന്നത് ഭക്ഷണം പാകം ചെയ്ത് തരുന്ന, തന്റെ ആഗ്രഹപൂർത്തീകരണത്തിന് സമ്മതം മൂളുന്ന ഒരാൾ എന്ന നിലയി






ലാണ്. ഈ താത്പര്യങ്ങളിൽ ഏതെങ്കിലുമൊന്ന് പിഴച്ചാൽ എല്ലാ ബന്ധങ്ങളും അതോടെ പിഴക്കുന്നു. സ്വന്തം ശരീരത്തിനും സൗന്ദര്യത്തിനും ഭംഗം വരുമെന്ന ധാരണയിൽ കുഞ്ഞിന് കുപ്പിപ്പാൽ വച്ച് നീട്ടുന്ന അമ്മമാരും, സമയം ലഭിക്കാൻ കുഞ്ഞുങ്ങളെ ഡേകെയറിലേക്ക് തള്ളിവിടുന്ന മാതാപിതാക്കളുമാണ് സ്വബോധവും സംസ്കാരവും അന്യമാകുന്ന പുതുതലമുറയുടെ ഉത്പാദനത്തിനുത്തരവാദികൾ.

യഥാസ്ഥികർക്ക് ഒരു കാഴ്ചവസ്തുവും പുരോഗമന വാദികൾക്ക് കമ്പോള വസ്തുവുമായി മാറിക്കഴിഞ്ഞ ഇന്നത്തെ സ്ത്രീ എല്ലാ രംഗങ്ങളിലും അറിഞ്ഞോ അറിയാതെയോ പീഢനങ്ങൾക്കിരയാവുന്നു. ഈ അവസ്ഥയിൽ മനം നൊന്ത് മാറത്തടിച്ച് കരയാൻ പോലും സ്ത്രീകൾക്ക് കഴിയുന്നില്ല. കാരണം അവരുടെ മാറിടങ്ങൾ പരസ്യ കമ്പനികൾ എന്നോ വിലക്കെടുത്തിരിക്കുന്നു.

കേരളം 'Gods own country'യിൽ നിന്നും 'Countries own country' യിലേക്കുള്ള പ്രയാണം ആരംഭിച്ച് കഴിഞ്ഞിരിക്കുന്നു. സാക്ഷര കേരളം സുന്ദര കേരളം എന്നുള്ളത് രാക്ഷസ കേരളം വിരൂപ കേരളം എന്ന് മാറ്റിപറയേണ്ട അവസ്ഥയെത്തിച്ചിരിക്കുന്നു നമ്മുടെ എല്ലാ രംഗത്തുമുള്ള മൂല്യതകർച്ച. സ്നേഹത്തിന്റെ നീരുറവുകളെല്ലാം വറ്റി മരുഭൂമി പോലെ ആയിത്തീർന്ന നമ്മുടെ മനസ്സുകൾക്ക് വേനലിനെക്കുറിച്ചും വാർദ്ധക്യത്തെക്കുറിച്ചും ദു:ഖങ്ങളെയും ദുരിതങ്ങളെയും കുറിച്ചും മാത്രമെ പറയാനുള്ളൂ. വേനലിന് പകരം വസന്തകാലവും വാർദ്ധക്യത്തിന് പകരം യൗവ്വനവും ദു:ഖങ്ങൾക്കും ദുരിതങ്ങൾക്കും പകരം സന്തോഷവും സംതൃപ്തിയും നിറഞ്ഞ് നിൽക്കുന്ന ഒരു നവകേരള നിർമ്മിതിയാവണം വിദ്യാർത്ഥികളായ നമ്മുടെ മനസ്സുകളിൽ.



# Women Media and Society

**Menon Lakshmi .B.**
Malayalam Department

**Today** when we look around we can see Indian women have made rapid strides in several sectors. Traditional male bastions stormed, as women excel in a wide variety of professions. Several bills to improve the condition of women such as the bill to protect women from Domestic Violence, women's Reservation Bill are in the pipeline.

Does all this add up to a very rosy picture regarding the position of women in our media and society, or is it a superficial change? Recently we came across the newstory of Imrana, from Muzaffarnagar, raped by her Father - in - law. Kiliroor, Suryanelli, Gudiya and several other sensational stories come to my mind. How responsible and sensitive is the media in covering women's issues. The whole incident is played out in front of Television Cameras for the entire country to watch and comment on with plenty of commercial breaks in between. Should such a repulsive incident as rape be the stuff of Reality Telivision. At times I wonder of there is anything real about it! The raped woman's identity openly revealed.

Very often Media reports woman only when the story has sensational Value. Does Media explosion mean that we have to be fed on a constant diet of lured details of crime and sex shows. Perhaps the entry of more woman now-a-days in the journalism field is a health sign. They can be icons of social change and give us a sensitive coverage of women's issues. She cansensitise society without sensationalizing the specifics, by sifting fact from fiction, by exploding existing myths and coloured perceptions about women. We must realise that the Superwomen myths of today is as damaging as the picture of a self denigrating, sacrificing women stereotype of the past.

The portrayal of women in media leaves much to be desired, particularly films and T.V. Women in mainstream entertainment are still self sacrificing, idealised, mith a single minded dedication to the well being of the great Indian family or an ambitious, cruel and totally evil person. Aren't we fed up of the women in our T.V. serials - Anjali (Kavyanjali), Parvathi (Kahani Ghar Ghar Ki) Thulasi (Kyonki Saams bhi Kabhi Bahu thi). We must move beyond these Unidimensional caricatures of unreal women, to portray a complete true to life human being mith shades of good and bad. I am certain that the audience would appreciate good fare given the popularity of servals life. *Avicharitam* showing a realistic portrayal of a range of human emotions. Versatile women artists like shabana Azimi and Revathi are involved in meaningful cinema. Yet they are outnumbered. Very often it is said the worst enimies come from within. Often women are the ones holding other women back. Take for instance Ekta kapoor (Balaji Telefilms), she has immense power to decide T.V. content and depiction of women in popular serials like Kavyanyali, Kahani ghar ghar ki, or Kyonki saan bhi kabhi Bahuthi. But what do we get the same traditional stereotypes reinforced. Unless somebody is willing to take risks, I guess we have no option but to endure these boring soap operas.

Something is clearly rotten, and urgent measures are needed to stem the rot before it is too late, the question of women and media has to be placed within the context of democracy and development in-corporating the concept of women s rights as human rights. I believe there is a glimmer of hope in the horizon. A few occasions when the media acted responsibly as in the case of gangrape Victim Mukhtaram Mai from Pakistan; where sustained media attention led to global outcry and rearrest of the accused